പഞ്ചായത്ത്‌രാജ്

പുസ്തകം 53 ◆ ലക്കം 05
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ആഗസ്റ്റ് 2013

ഭരണഭാഷ മാതൃഭാഷ



സൽഗയും മിലേയും പിന്നെ കേരളവും

ഡോ.എം.കെ. മുനീർ

്ത്തയഥേത്തപം ഠരുമ്മന"
ത്തിയതഥപം ഗ്ഗരിത്തത്രിഥ്രുല

ംത്രിഥ്രുല ഗ്ഗരിത്തയഥേത്തപം
"ത്തിളൃകകരര ഠരുമ്മന



- ളരകിധഥ്രേഴ്ലകേപം കൃത്തരിന റ്റകണ്ണ
- ത്രിഥ്രുല ശെനിപെ ്ക്കഡിണ്ണനത്തരിഥേപ്യ കൃക്കുഠഗ്രം കരരണ്ടുമ

ംഷ്രകഥ ഠരുമ്മന
ംളൂകൊ തകുമ്രന്ദ്രിഥമേ



ഴ്ലുകഥ ്ത്തയഥേത്തപം ,ംലഥമിഥ റ്റിഗ്നിഗ്ഗപം

ഉള്ളടക്കം

ഐ. എൻ. എസ് വിക്രാന്ത്



ഇന്ത്യ തദ്ദേശിയമായി നിർമ്മിക്കുന്ന പ്രഥമ വിമാന വാഹിനി കപ്പലിന്റെ ആദ്യഘട്ടം പൂർത്തിയാക്കി, പ്രതിരോധരംഗത്ത് പുതു ചരിത്രമെഴുതി ആദ്യ ഇന്ത്യൻ നിർമ്മിത വിമാന വാഹിനി കപ്പലായ ഐ.എൻ.എസ് നീറ്റിലിറക്കി. കേരളത്തിന് അഭിമാനമായി കൊച്ചിൻ ഷിപ്പ്യാഡാണ് കപ്പലിന്റെ പണി തീർത്തത്.

40000 ടൺ ഭാരമുള്ള ഇത്തരത്തിലൊരു യുദ്ധകപ്പൽ തദ്ദേശീയമായി വികസിപ്പിച്ചെടുക്കുന്ന അഞ്ചാമത്തെ രാഷ്ട്രമാണ് ഇന്ത്യ. യു.എസ്, ഫ്രാൻസ്, റഷ്യ, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളാണ് മറ്റുള്ളവർ. അത്യാധുനിക ആയുധ-കപ്പലോട്ട സാങ്കേതിക വിദ്യകളാണ് കപ്പലിൽ ഉപയോഗിക്കുന്നത്. ദീർഘ ദൂര ഭൂതല വ്യോമ മിസൈൽ, ബഹുതല റഡാർ സംവിധാനം, തുടങ്ങിയവ കപ്പലിന്റെ പ്രത്യേകതയാണ്. മിഗ് 29 കെ യുദ്ധവിമാനങ്ങളും യുദ്ധത്തിനുപയോഗിക്കുന്ന ചെറുവിമാനങ്ങളും ഹെലികോപ്ടറുകളും വിമാന വാഹിനിയിലുണ്ടാകും. രണ്ടാംഘട്ടത്തിൽ അലൈൻമെന്റും, കപ്പലിന്റെ ഉൾഭാഗത്തെ പണികളുമാണ് നടക്കുക. മൂന്നാം ഘട്ടമായി അത്യാധുനിക ആയുധങ്ങളും, യുദ്ധവിമാനങ്ങളും ഇതിൽ ഘടിപ്പിക്കും. 2017ൽ പരീക്ഷണ ഓട്ടത്തിനു ശേഷം 2018 സെപ്റ്റംബറിൽ കമ്മീഷനിംഗ് നടത്തി പ്രതിരോധ സേനയുടെ ഭാഗമായി മാറും.

തദ്ദേശിയമായി നിർമ്മിച്ച മികച്ചയിനം ഉരുക്കു ഉപയോഗിച്ചാണ് കപ്പൽ ഭാഗങ്ങൾ പണിതിരിക്കുന്നത്. ഇന്ത്യയുടെ ആദ്യ വിമാന വാഹിനിയായ വിക്രാന്ത് എന്ന പേരുതന്നെയാണ് പുതിയ കപ്പലിനും നല്കിയിരിക്കുന്നത്. ആദ്യ വിക്രാന്ത് ബ്രിട്ടനിൽ നിന്നാണ് വാങ്ങിയത്.

ഐ.എൻ.എസ് വിക്രാന്തിന്റെ നീറ്റിലിറക്കൽ ചടങ്ങ്12/8/13ൽ കൊച്ചി കപ്പൽശാലയുടെ ബിൽഡിങ്ങ് ഡോക്കിൽ വച്ച് നടന്നു. കീഴ്‌വഴക്കമനുസരിച്ച് എ.കെ ആന്റണിയുടെ ഭാര്യ എലിസബത്ത് ആന്റണിയാണ് കപ്പൽ നീറ്റിലിറക്കിയത്. ഒരു ശതാബ്ദത്തിനകം ലോകത്തിലെ മുൻനിരസാമ്പത്തിക ശക്തിയായി ഇന്ത്യ വളരുമെന്നും, ഐ.എൻ.എസ് വിക്രാന്തിലൂടെ കൊച്ചി കപ്പൽ ശാല കൈവരിച്ച നേട്ടം കേരളത്തിന്റെ വ്യവസായിക പുരോഗതിയിൽ പുതിയ യുഗപ്പിറവിയാണെന്നും ചടങ്ങിൽ സംസാരിച്ച കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ ആന്റണി പറഞ്ഞു.

എല്ലാ ജില്ലകളിലും ഗ്യാസ് സബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക്

പാചകവാതക സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടു നല്കുന്ന പദ്ധതി (DBT) കേരളത്തിലെ 14 ജില്ലകളിലും സെപ്റ്റംബർ 1 മുതൽ പ്രാബല്യത്തിൽ വരും. വയനാട്, പത്തനംതിട്ട ജില്ലകളിലാണ് ഈ സംവിധാനം ഇതിനകം പ്രാബല്യത്തിൽ വന്നത്. ബാക്കി 12 ജില്ലകളിലാണ് 1-ാം തീയതി മുതൽ DBT പ്രാബല്യത്തിൽ വരുന്നത്. ഇതോടെ മുഴുവൻ ജില്ലകളിലും എൽ.പി.ജി സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടു നല്കുന്ന സംസ്ഥാനമായി മാറും കേരളം.

സബ്സിഡി കഴിച്ചുള്ള വില ഗ്യാസ് ബുക്ക് ചെയ്യുമ്പോൾ നൽകുന്ന രീതിയ്ക്ക് ഇതോടെ മാറ്റം വരും. ഇനി സിലിണ്ടർ ബുക്ക് ചെയ്യുമ്പോൾ തന്നെ സബ്സിഡി തുകയായ 435 രൂപ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് എത്തും. ഒമ്പതു സിലിണ്ടർ വാങ്ങുന്നതു വരെയാണ് സബ്സിഡി ലഭിക്കുക. കണക്ഷൻ ഉടമസ്ഥർ ഏറ്റവും നേരത്തെ ഗ്യാസ് ഏജൻസിയിലും ബാങ്കിലും ആധാർ നമ്പർ നല്കണം. എങ്കിൽ മാത്രമെ സബ്സിഡി ലഭിക്കുകയുള്ളു.

(പി എൻ എസ്)





പഞ്ചായത്ത് രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ആഗസ്റ്റ് 2013
പുസ്തകം 53
ലക്കം 05
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

എഡിറ്റർ
എസ്. ലളിതാംബിക, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

സ്വാതന്ത്ര്യദിന ചിന്തകൾ

ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് 66 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. നൂറ്റാണ്ട് കാലത്തെ കോളനിവാഴ്ചയ്ക്ക് അറുതി വരുത്തി 1947 ആഗസ്റ്റ് പതിനഞ്ചിന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ എന്ന സ്വതന്ത്ര രാഷ്ട്രം പിറന്നു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തോട് അർദ്ധ നഗ്നനായ ഒരു വൃദ്ധൻ നിരായുധനായി അഹിംസയിലൂന്നി സത്യാഗ്രഹം എന്ന പുതിയ സമര മുറയിലൂടെ നേടിയെടുത്തതാണ് ഇന്ത്യൻ സ്വാതന്ത്ര്യം. അതിനു യാതൊരു ഭംഗവും വരാതെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ ഭാരതീയരായ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്.

ഇന്ന് സ്വാതന്ത്ര്യദിനാഘോഷമെന്നത് സർക്കാർ ആഫീസുകളിലും വിദ്യാലയങ്ങളിലും ദേശീയ പതാക ഉയർത്തുക എന്ന ഔപചാരികതയിൽ മാത്രം ഒതുങ്ങുന്നു. സ്വാതന്ത്ര്യ സമര ചരിത്രങ്ങൾ വിദ്യാർത്ഥികൾക്ക് മാർക്കു കരസ്ഥമാക്കാനുള്ള ഒരു പഠനോപകരണം മാത്രമായി മാറുമ്പോൾ പുതുതലമുറ സ്വാതന്ത്ര്യദിനത്തെ ഒരു അവധി ദിവസം മാത്രമായി കാണുന്ന സ്ഥിതിവിശേഷമാണുള്ളത്.

രാഷ്ട്രപിതാവായ മഹാത്മ ഗാന്ധിയുടെ സ്വപ്നത്തിലെ സ്വതന്ത്ര ഇന്ത്യ എന്നത് കേവലം അധികാര കൈമാറ്റം മാത്രം ലഭിച്ച ഇന്ത്യയായിരുന്നില്ല. സ്വാശ്രയ ഭാരതം എന്ന ഉദാത്തമായ ലക്ഷ്യമാണ് ഗാന്ധിജി വിഭാവനം ചെയ്തത്. അതുകൊണ്ട് തന്നെയാണ് വിദേശ വസ്ത്രം ബഹിഷ്കരിച്ച് സ്വന്തമായി ചർക്ക ഉപയോഗിച്ച് സ്വന്തം വസ്ത്രം നെയ്തെടുത്ത് മഹത്തായ ഒരു സന്ദേശം ഗാന്ധിജി നല്കിയത്.

ഇന്ത്യ വസിക്കുന്നത് ഗ്രാമങ്ങളിലാണെന്നും സ്വാശ്രയ ഗ്രാമങ്ങൾ സൃഷ്ടിച്ചാൽ മാത്രമെ ഗ്രാമീണ ജനതയുടെ ഉന്നമനം സാധ്യമാകൂ എന്നും ഗാന്ധിജി ഉറച്ച് വിശ്വസിച്ചിരുന്നു. അതുകൊണ്ട് തന്നെയാണ് ഗ്രാമ സ്വരാജാണ് തന്റെ ലക്ഷ്യമെന്ന് ഗാന്ധിജി പറഞ്ഞത്. ഈ സ്വപ്ന സാക്ഷാത്കാരത്തിനു വേണ്ടിതന്നെയാണ് പഞ്ചായത്തുരാജ് സംവിധാനം നിലവിൽ വന്നത്. 1994 ലെ 73-ം 74-ം ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യയിലെ പഞ്ചായത്ത് രാജ് സംവിധാനം കൂടുതൽ കരുത്തുറ്റതായി. ഭരണപരവും സാമ്പത്തികവുമായ അധികാരങ്ങൾ ഗ്രാമങ്ങളിലേക്ക് നല്കി പഞ്ചായത്തു രാജ് സംവിധാനം ശക്തിപ്പെടുത്തി. സ്വാശ്രയ പഞ്ചായത്തുകൾ എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണം ആരംഭിച്ചു.

സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തുകൾ ദേശീയ പതാക ഉയർത്തൽ എന്ന ഔപചാരികതയിൽ മാത്രം ഒതുങ്ങാതെ സ്വാതന്ത്ര്യദിനത്തിന്റെ യഥാർത്ഥ സന്ദേശം ജനങ്ങളിൽ എത്തിക്കാനുള്ള കൂട്ടായ പരിശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഓരോ ഗ്രാമപഞ്ചായത്തും സ്വാശ്രയ ഗ്രാമപഞ്ചായത്തായി മാറുന്നതിനു തദ്ദേശിയമായി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതു കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്താൻ ശ്രമിക്കണം. സ്വാതന്ത്ര്യം ലഭിച്ച് ആറുപതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ നമ്മുടെ ദീർഘവീക്ഷണമില്ലായ്മ കൊണ്ട് ശുദ്ധമായ വായുവും, ജലവും മണ്ണും നമുക്കു അന്യമാവുന്ന കാഴ്ച വിസ്മരിക്കാതെ ഓരോ ഗ്രാമവും സ്വയം പര്യാപ്തത കൈവരിക്കാൻ കൂട്ടായ പരിശ്രമങ്ങളും നൂതന പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കാൻ ശ്രമിക്കണം. സ്വാതന്ത്ര്യദിന ചിന്തകൾക്കൊപ്പം സ്വാശ്രയദിന ചിന്തകൾ കൂടി ഉൾപ്പെടുത്തി ഗ്രാമ സ്വരാജ് എന്ന മഹാത്മജിയുടെ സ്വപ്ന സാക്ഷാൽക്കാരത്തിനായി പരിശ്രമിക്കാൻ ഈ സ്വാതന്ത്ര്യദിനം പ്രചോദനമാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ

ഡോ. എം. കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രി

സൽഗയും മിലേയും പിന്നെ കേരളവും



സൗത്ത് ആഫ്രിക്കൻ എക്സിക്യൂട്ടീവ് മേയർക്ക് പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. എം.കെ മുനീർ ഉപഹാരം നൽകുന്നു

ദക്ഷിണാഫ്രിക്ക - നെൽസൻ മണ്ഡേലയുടെ നാട്. വർണ്ണ വിവേചനത്തിനെതിരെ ധീരോദാത്തമായ സമരം നടത്തിയ ഗാന്ധിജിയുടെ ഓർമ്മകൾ അലതല്ലുന്ന ഭൂഖണ്ഡം. അവിടെ പ്രാദേശിക ഭരണ സംവിധാനം ശക്തമാണ്. ഒരു പക്ഷേ, ഗാന്ധിയൻ ഗ്രാമസ്വരാജ് സങ്കൽപത്തിന്റെ സ്വാധീനമായിരിക്കാം. അധികാര വികേന്ദ്രീകരണത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നമുക്കും ഏറെ പഠിക്കാനും അറിയാനും അനുകരിക്കാനുമുണ്ട്. ഒരു ദക്ഷിണ-ദക്ഷിണ പഠനയാത്രയുടെ അനുഭവങ്ങൾ ഞാൻ ഇവിടെ കുറിക്കുന്നു.

സൽഗ- ജനപ്രതിനിധി പ്രസ്ഥാനം

ദക്ഷിണാഫ്രിക്കയിൽ സൽഗ (SALGA) സൗത്ത് ആഫ്രിക്കൻ ലോക്കൽ ഗവേർണൻസ് അസോസിയേഷൻ -യുടെ പ്രവർത്തനം വിഖ്യാതമാണ്. പേര് സൂചിപ്പിക്കുന്നതുപോലെ അത് ജനപ്രതിനിധികളുടെ സ്വന്തം സംഘടനയാണ്. ദക്ഷിണാഫ്രിക്കൻ ഭരണഘടനയിൽ തന്നെ സൽഗക്ക് പ്രത്യേകസ്ഥാനമുണ്ട്. ദേശീയ - പ്രവിശ്യ എക്സിക്യൂട്ടീവ് കമ്മിറ്റികളിലൂടെയാണത്. അങ്ങനെ ദേശീയ പാർലിമെന്റിലും പ്രവിശ്യ നിയമസഭയിലും പ്രാദേശിക സർക്കാരുകളുടെ ശബ്ദമുയരുന്നു.അനുബന്ധമായി ദേശീയതലത്തിൽ തന്നെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളും പ്രവർത്തിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുപൂരകമായ നിയമനിർമ്മാണം നടത്തുവാൻ ഇതിലൂടെ സാധിക്കുകയും ചെയ്യുന്നു.

ദക്ഷിണാഫ്രിക്കയിൽ സൽഗ (SALGA) സൗത്ത് ആഫ്രിക്കൻ ലോക്കൽ ഗവേർണൻസ് അസോസിയേഷൻ -യുടെ പ്രവർത്തനം വിഖ്യാതമാണ്. പേര് സൂചിപ്പിക്കുന്നതുപോലെ അത് ജനപ്രതിനിധികളുടെ സ്വന്തം സംഘടനയാണ്. ദക്ഷിണാഫ്രിക്കൻ ഭരണഘടനയിൽ തന്നെ സൽഗക്ക് പ്രത്യേകസ്ഥാനമുണ്ട്.

ഏകായത്ത ഭരണം (Unitary Government) നിലനിൽക്കുന്ന ദക്ഷിണാഫ്രിക്കൻ പ്രാദേശിക ഗവണ്മെന്റുകൾ സഹകരണ ഭരണ വികസനത്തിന്റെ (Cooperative Governance and Development) കേന്ദ്രസ്ഥാനം വഹിക്കുന്നു. നഗര-ഗ്രാമ ഭരണം മുനിസിപ്പാലിറ്റികളുടെ അധീനതയിലാണ്. ആകെയുള്ള 278 മുനിസിപ്പാലിറ്റികളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. പ്രവിശ്യാ ആസ്ഥാനങ്ങളിൽ മെട്രോ മുനിസിപ്പാലിറ്റിയാണെങ്കിൽ ഇടത്തരം നഗരങ്ങളിൽ ജില്ലാ മുനിസിപ്പാലിറ്റുകളുണ്ട്. ഗ്രാമീണ മേഖലകളുടെ നിയന്ത്രണം ലോക്കൽ മുനിസിപ്പാലിറ്റികളിൽ അധിഷ്ഠിതമാണ്. മേയറാണ് ഓരോ മുനിസിപ്പാലിറ്റികളിലും ചീഫ് എക്സിക്യൂട്ടീവ്. കൗസിലർമാരിൽ നിന്നും സ്പീക്കർ, ചീഫ് വിപ്പ് എന്നിവരെ കൂടി തെരഞ്ഞെടുക്കുന്നു. ഭരണനിർവ്വഹണത്തിനായി യൂണിറ്റ് മാനേജരുടെ കീഴിൽ ഉദ്യോഗസ്ഥ വൃന്ദവും. മുനിസിപ്പൽ ഭരണം ഗുണപരമാക്കുന്നതിന് സൽഗ അക്ഷീണം ശ്രമിക്കുന്നു. ഇതിനായി ദേശീയതലത്തിൽ എട്ട് ഡയറക്ടറേറ്റുകൾ പ്രവർത്തിക്കുന്നു. അത് കമ്മ്യൂണിറ്റി ഡവലപ്മെന്റിൽ (CD) നിന്നും തുടങ്ങുന്നു. ഈ ഡയറക്ടറേറ്റ് കുട്ടികൾ, വികലാംഗർ, യുവജനങ്ങൾ, സ്ത്രീകൾ തുടങ്ങിയവരുടെ ക്ഷേമത്തി





നായുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കുന്നു. പ്രസ്തുത മാർഗ്ഗരേഖകൾക്കനുസൃതമായിരിക്കണം പദ്ധതികൾക്ക് മുനിസിപ്പാലിറ്റികൾ രൂപം നൽകേണ്ടത്. രണ്ടാമത്തെ ഡയറക്ടറേറ്റ് പ്രാദേശിക സാമ്പത്തിക വികസന കാര്യത്തിലാണ് [Local Economic Development (LED)] ഊന്നൽ നൽകുന്നത്. മുനിസിപ്പൽ ധന മാനേജ്മെന്റ്, പ്രാദേശിക സാമ്പത്തിക വികസനം, ഭൂപരിപാലനം, മുനിസിപ്പൽ ഫൈനാൻസ്, ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ തുടങ്ങിയ മേഖലകളിൽ ഇടപെട്ട് നയരൂപീകരണത്തിന് കളമൊരുക്കുന്നു. ഫൈനാൻസ് ആന്റ് കോർപ്പറേറ്റ് സർവ്വീസസ് (F&CS) എന്നറിയപ്പെടുന്ന ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരുടെ റിക്രൂട്ട്മെന്റ്, പൊതുഭരണകാര്യങ്ങൾ എന്നിവയുടെ മേൽനോട്ടം വഹിക്കുന്നു. പ്രാദേശികഭരണം. ആഭ്യന്തര ഭരണ ബന്ധങ്ങൾ, അന്താരാഷ്ട്രതല കാര്യങ്ങൾ (GIGR) എന്നിവയ്ക്കു വേണ്ടിയുള്ള ഡയറക്ടറേറ്റ് നിയമനിർമ്മാണ കാര്യത്തിൽ ഏറെ ശ്രദ്ധപതിപ്പിക്കുന്നു. കേന്ദ്രപ്രവിശ്യ ഗവണ്മെന്റുകളെക്കൊണ്ട് പ്രാദേശികഭരണകൂടത്തിന് അനുകൂലമായ നിയമം നടത്തിക്കുക എന്നതാണ് മുഖ്യപ്രവർത്തനം. ദേശീയ പ്രവിശ്യ നയങ്ങൾക്കനുസൃതമായി മുനിസിപ്പാലിറ്റികളെ പ്രവർത്തനസജ്ജമാക്കുകയും ചെയ്യുന്നു. മുനിസിപ്പൽ ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ്സ് (MIS) എന്ന ഡയറക്ടറേറ്റ് മാലിന്യസംസ്ക്കരണം ഗതാഗതം, കുടിവെള്ളം, തുടങ്ങിയ കാര്യങ്ങളിൽ മുനിസിപ്പാലിറ്റികൾക്ക് മാർഗ്ഗരേഖ തയ്യാറാക്കി നൽകുന്നു. മുനിസിപ്പൽ ഇൻസ്റ്റിറ്റ്യൂഷണൽ ഡവലപ്മെന്റ് (MID) ആണ് മറ്റൊന്ന്. ഇത് ശാക്തീകരണ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നു. മാനവശേഷി വികസനത്തിനനുപൂരകമായ നയരൂപീകരണത്തിൽ പ്രാദേശിക ഭരണകൂടങ്ങളെ സഹായിക്കുകയും ചെയ്യുന്നു. സ്ട്രാറ്റജി പോളിസി ആന്റ് റിസർച്ച് (SPR) ആണ് മറ്റൊന്ന്. ഇതിന്റെ ആഭിമുഖ്യത്തിൽ ഗവേഷണ പഠന പ്രവർത്തനങ്ങൾ നടത്തുന്നു. ഗവൺമെന്റ് നയരൂപീകരണത്തിനുതകുന്ന ഗവേഷണപ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്നുണ്ട്. നാഷണൽ ഡവലപ്മെന്റ് പ്ലാൻ (NDP) വിഷൻ 2030-ന് രൂപകല്പന ചെയ്തിട്ടുണ്ട്. ഇതിലുപരി പാർലമെന്ററിയൻസ്, നിയമസഭാ സമാമാജികർ എന്നിവരുമായി മുഖാമുഖം പരിപാടിയും സംഘടിപ്പിച്ചു വരുന്നു. പ്രാദേശിക ഭരണ കാര്യങ്ങളിൽ ഉയർന്ന തലത്തിലുള്ള ജനപ്രതിനിധികളുടെ ഇടപെടൽ സാധ്യമാകുന്ന തരത്തിലുള്ള പ്രവർത്തനമാണ് മറ്റൊരു പ്രധാന പ്രവർത്തനം. സൽഗ വർക്കിംഗ് ഗ്രൂപ്പുകൾ സൽഗയും മുനിസിപ്പാലിറ്റിയും തമ്മിലുള്ള ബന്ധം ദൃഢീകരിക്കുന്നു. ഇതു സഹകരണ ഭരണത്തെ (Cooperative Governance) ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന മൂന്ന് വർക്കിംഗ് ഗ്രൂപ്പുകളുണ്ട്.

(1) മുനിസിപ്പൽ ട്രെയിനിംഗ് സർവ്വീസ്

(2) സാമ്പത്തികവികസനവും ആസൂത്രണവും

(3) ധനകാര്യവും കോർപ്പറേറ്റ് ഭരണവും

മൂന്ന് വർക്കിംഗ് ഗ്രൂപ്പിലും വിദഗ്ധരുടെ സേവനമുണ്ട്. കേന്ദ്ര പ്രവിശ്യ സർക്കാരുകൾക്കും സാങ്കേതിക സഹായം വർക്കിംഗ് ഗ്രൂപ്പുകൾ നല്കി വരുന്നു. (MILE) എറിയപ്പെടുന്ന മുനിസിപ്പൽതല സ്ഥാപനത്തിനും ഉപദേശ നിർദ്ദശങ്ങൾ നൽകുന്നതും വർക്കിംഗ് ഗ്രൂപ്പുകളാണ്.

മിലേ (MILE) എന്തിന്: തെരഞ്ഞെടുക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിംഗ് (MILE) പ്രവർത്തിക്കുന്നു.



അറിവിന്റെ പ്രയോഗമാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം. അതുകൊണ്ട് തന്നെ മുനിസിപ്പാലിറ്റികളിൽ വിവിധങ്ങളായ ശാക്തീകരണ പ്രവർത്തനങ്ങൾ മിലേയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

(1) ശാക്തീകരണ പ്രവർത്തനങ്ങൾ

(2) സാങ്കേതിക സഹായം നൽകൽ

(3) അക്കാദമിക് പ്രവർത്തനങ്ങൾ

(4) പഠന ശൃംഖല ഒരുക്കൽ എന്നിങ്ങനെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യശേഷി വർദ്ധനവിന് വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നു എന്നത് ശ്രദ്ധേയമാണ്.

മാതൃകാ പ്രോജക്ട് വ്യാപന പരിപാടി, പഠന യാത്രകൾ തുടങ്ങിയവയും ഇതിൽപെടുന്നു. മുനിസിപ്പാലിറ്റികളിൽ സാങ്കേതിക സഹായം നൽകുന്നതും പ്രാധാന്യത്തോടെ കാണണം. ഇതിനായി പ്രത്യേക സാങ്കേതിക ഗ്രൂപ്പ് പ്രവർത്തിക്കുന്നു. പദ്ധതി ആസൂത്രണ നിർവ്വഹണ കാര്യത്തിൽ മുനിസിപ്പാലിറ്റിയെ സഹായിക്കുക, മറ്റൊരു പ്രവർത്തനമാണ്. അക്കാദമിക് പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണനയുണ്ട്.

ദക്ഷിണാഫ്രിക്കയിൽ കണ്ടത് പ്രാദേശിക സ്വയംഭരണ സ്ഥാപനം എന്ന പേരി
നെ അന്വർത്ഥമാക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റികളെയാ
ണ്. ധനാഗമ മാർഗ്ഗങ്ങളാണെങ്കിൽ നിരവധി. കേന്ദ്ര പ്രവിശ്യ ഗവണ്മെന്റുകൾ
നൽകുന്ന ഗ്രാന്റുകൾ കൂടാതെ സ്വയം ആർജ്ജിക്കുന്ന വരുമാനം.

വിവിധ യൂണിവേഴ്സിറ്റികളുമായി ചേർന്നാണ് ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നത്. ഗവേഷണം, പഠനം, കോഴ്സുകൾ തുടങ്ങിയ ഉന്നത അക്കാദമിക്ക് പ്രവർത്തനത്തിൽ "മിലേ" നേതൃത്വം കൊടുക്കുന്നു. "ഇതെക്നി' മുനിസിപ്പാലിറ്റിയിൽ റിസർച്ച് പ്രോഗ്രാമിന്റെ ഭാഗമായി "മുനിസിപ്പൽ ഗവേഷണം" എന്ന പ്രത്യേകമായ വിഭാഗം തന്നെ പ്രവർത്തിക്കുന്നുണ്ട്. മറ്റൊന്ന് മുനിസിപ്പാലിറ്റികൾ സ്ഥാപിച്ചിട്ടുള്ള രാജ്യാന്തര നെറ്റ്‌വർക്ക് പരിപാടിയാണ്. ആതൻസ്, ഡൽഹി (NIUA) തുടങ്ങിയ നഗരങ്ങളുമായുള്ള നെറ്റ്‌വർക്ക് ശ്രദ്ധേയമാണ്. സിറ്റി യൂണിവേഴ്സിറ്റി എക്സിബിഷൻ ആണ് മറ്റൊരു പ്രവർത്തനം. പഠനശൃംഖലയിലൂടെ (Networking) ആശയവ്യാപനവും നടന്നുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പടുത്തുയർത്തിയ നമ്മുടെ 'കില'ക്ക് സൽഗ, മിലേ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ധാരാളം സമാനതകൾ കാണാം. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പരിശീലന പരിപാടികൾ കിലയുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്നുണ്ട്. താഴെ തട്ടിലെ വിപുലമായ പരിശീലന ശൃംഖല 'കില'ക്ക് സ്വന്തമായുണ്ട്. സൽഗയും മിലേയും മുഖാമുഖം പരിപാടിയിലൂടെ ഉയർന്ന തലത്തിലുള്ള പാർലിമെന്ററിയൻമാരെ പ്രാദേശിക ഭരണത്തിൽ ബന്ധപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട് 'കില' സമീപകാലത്തായി ആരംഭിച്ച വിഷൻ 2030 പരിശീലനത്തിലൂടെ ലക്ഷ്യം വച്ചത് അത്തരത്തിലുള്ള കൂട്ടായ്മയാണ്. നമ്മുടെ "ഗ്രാമയാത്ര" ജനങ്ങളെ ഗ്രാമസഭയിലേക്കാകർഷിക്കുന്ന ജനകീയ ക്യാമ്പയിനാണ്. ഇത്തരം പ്രവർത്തനങ്ങൾ ആഫ്രിക്കക്കാർ ശ്രവിച്ചത് പുത്തൻ അറിവെന്ന രീതിയിലാണ്. അതുകൊണ്ടുതന്നെ കൊടുക്കൽ വാങ്ങൽ (Give and take) പ്രക്രിയക്ക് പ്രസക്തി ഏറുന്നു. സൽഗയുടെയും മിലേയുടേയും ആഭിമുഖ്യത്തിൽനടക്കുന്ന ഗവേഷണ പഠന കാര്യങ്ങൾ മാതൃകാപരമാണ്. അത്തരത്തിലുള്ള അക്കാദമിക് പ്രവർത്തന തലത്തിലേക്ക് കിലയെ ഉയർത്താൻ കഴിയണം. അതുകൊണ്ടു തന്നെ പരിശീലനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഗവേഷണ പഠന പ്രവർത്തനങ്ങൾ അനിവാര്യമായിരിക്കുന്നു. ഫോർട്ട് യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ സൽഗ ജനപ്രതിനിധികൾക്കായി രൂപപ്പെടുത്തിയ "ലോക്കൽ ഗവണ്മെന്റ് ലോ ആന്റ് അഡ്മിനിസ്ട്രേഷൻ" കോഴ്സ് ശ്രദ്ധേയമായ സംരംഭമാണ്. രാഷ്ട്രീയപ്രവർത്തകർക്കുള്ള വിദ്യാഭ്യാസത്തിലൂടെ മുനിസിപ്പാലിറ്റികളിൽ ജനപ്രതിനിധികളുടെ പ്രഫഷണൽ ഗ്രൂപ്പിനെ സൃഷ്ടിച്ചെടുക്കലാണ് ഇതിലൂടെ അവർ ലക്ഷ്യമിട്ടത്.

ചുരുക്കത്തിൽ ദക്ഷിണാഫ്രിക്കയിൽ കണ്ടത് പ്രാദേശിക സ്വയംഭരണ സ്ഥാപനം എന്ന പേരിനെ അന്വർത്ഥമാക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റികളെയാണ്. ധനാഗമ മാർഗ്ഗങ്ങളാണെങ്കിൽ നിരവധി. കേന്ദ്ര പ്രവിശ്യ ഗവണ്മെന്റുകൾ നൽകുന്ന ഗ്രാന്റുകൾ കൂടാതെ സ്വയം ആർജ്ജിക്കുന്ന വരുമാനം. ഇതെല്ലാം നഗരസഭകളുടെ സാമ്പത്തികനില ഭദ്രമാക്കുന്നു. നഗര-ഗ്രാമ സമന്വയം മുനിസിപ്പാലിറ്റുകളുടെ മേൽനോട്ടത്തിൽ നടക്കുന്നു. വിവിധ ഡവലപ്മെന്റ് അതോറിറ്റികളുടെ പ്രവർത്തനം അവയ്ക്കു കീഴെയാണ്. മുനിസിപ്പൽ അധികാരത്തിലേക്കുള്ള കടന്നുകയറ്റവുമായി ഇതിനെ വ്യാഖ്യാനിക്കാനുമാവില്ല. എന്തെങ്കിലും സമാന്തര സംവിധാനങ്ങൾ (Parallel bodies) ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതു മുനിസിപ്പാലിറ്റിയുടെ പൂർണ്ണസമ്മതത്തോടെയാണെന്നു കാണാം. ജോഹനസ് ബർഗ്, ഡർബൻ തുടങ്ങിയ ശുചിത്വനഗരങ്ങൾ സൂചിപ്പിക്കുന്നത് മാലിന്യസംസ്ക്കരണത്തിന് മുനിസിപ്പാലിറ്റികൾ നൽകുന്ന ഉയർന്ന പരിഗണനയാണ്. ഗതാഗതക്കുരുക്കില്ലാതെ തെരുവുകളിൽ കാൽനട സുഗമമാക്കുന്നതിന്റെ കാര്യം ശക്തമായ ട്രാൻസ്പോർട്ട് മാനേജിങ്ങ് സംവിധാനത്തെ സൂചിപ്പിക്കുന്നു. ഇതിന്റെ മേൽനോട്ടവും മുനിസിപ്പാലിറ്റിക്കു തന്നെ. ഗ്രീൻസിറ്റി പദ്ധതി നഗരങ്ങൾക്ക് വനാന്തരീക്ഷം പ്രദാനം ചെയ്യുന്നു. വീതിയാർന്ന നടപ്പാതകൾ, തെരുവുപ്രാവുകൾക്ക് പ്രത്യേക കൂടാരങ്ങൾ, പരിസ്ഥിതി സംയോജിത ഉദ്യാനങ്ങൾ, സോളാർ വിളക്കുകൾ എല്ലാം ദക്ഷിണാഫ്രിക്കൻ നഗരങ്ങൾക്ക് സ്വന്തം. നമുക്ക് പഠിക്കാനും സ്വീകരിക്കാനും പ്രാവർത്തികമാക്കാനും നല്ല മാതൃകകൾ ഇനിയുമുണ്ട്. മഹാത്മാഗാന്ധിയുടെയും, നെൽസൺ മണ്ഡേലയുടെയും പൈതൃക സൂക്ഷിപ്പുകരായ നമ്മുടെ ലക്ഷ്യമായ ഗ്രാമസ്വരാജിലേക്ക് പ്രയാണം തുടരാം നമുക്ക്!! ■



ഗാന്ധിയൻ മാർഗത്തെ വീണ്ടെടുക്കാം



അജയൻ പനയറ

നാം ഭാരതീയരെ സംബന്ധിച്ച് സ്വാതന്ത്ര്യ ദിനമെന്നത് കേവലം ഒരാഘോഷമാകാനുള്ളതല്ല. ആഗസ്റ്റ് 15ന് ഭാരതം പുതിയ കാലത്തിലേക്ക് കണ്ണ് ചിമ്മിത്തുറന്ന ദിനം തന്നെയാണ്. 1947 ആഗസ്റ്റ് 15നാണ് ഭാരതീയന് സ്വാതന്ത്ര്യവും സ്വാഭിമാനവും നല്കിക്കൊണ്ട് ഇന്ത്യ എന്ന രാഷ്ട്രം കോളനിവാഴ്ചയുടെ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് ചുവടുവച്ചത്. എന്നാൽ ആ ദിനം നമ്മെ ഓർമിപ്പിക്കുന്നത് മഹത്തായ ഒരാദർശത്തിന്റെയും ജീവിതചര്യയുടെയും ചരിത്രമാണ്. മുൻവരിപ്പല്ലില്ലാത്ത ഒരു വൃദ്ധൻ തന്റെ അസ്ഥിമാത്രമായ ശരീരവും വളയാത്ത നട്ടെല്ലും ഉദാത്തമായ ഹൃദയവും കൊണ്ട് ഒരു ജനതതിയെ അണച്ചുപിടിക്കുകയും ഒരു മഹാസാമ്രാജ്യത്തെത്തന്നെ ആയുധമെടുക്കാത്ത മഹാസംഗരത്തിലൂടെ അടിയറവ് പറയിക്കുകയും ചെയ്ത ചരിത്രത്തിന്റെ ഓർമപ്പെടുത്തലാണ് ഇന്ത്യൻ സ്വാതന്ത്ര്യദിനം.

ഭാരതീയന്റെ സ്വാതന്ത്ര്യ ദിനങ്ങളോരോന്നും മഹാത്മാവിന്റെ ആദർശങ്ങളെ തിരിച്ചു പിടിക്കാനുള്ളതാവണം. രാജ്ഘട്ടിലെ മാർബിളിലോ, സർക്കാരോഫീസുകളുടെ ചുവരിലോ, നോട്ടുകളിലോ അല്ല ഗാന്ധിജിയെ വീണ്ടെടുക്കേണ്ടത്. മാനവികത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ലോകത്ത് മനുഷ്യനെ പുനർജീവിപ്പിക്കാൻ ഗാന്ധിമാർഗം എന്ന തിരിച്ചറിവാകണം സ്വാത്രന്ത്യ ദിനത്തിലുണ്ടാകേണ്ടത്.

ആഗസ്റ്റ് 15ന് ഭാരതം പുതിയ കാലത്തിലേക്ക് കണ്ണ് ചിമ്മിത്തുറന്ന ദിനം തന്നെയാണ്. 1947 ആഗസ്റ്റ് 15നാണ് ഭാരതീയന് സ്വാതന്ത്ര്യവും സ്വാഭിമാനവും നല്കിക്കൊണ്ട് ഇന്ത്യ എന്ന രാഷ്ട്രം കോളനിവാഴ്ചയുടെ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് ചുവടുവച്ചത്







ഗാന്ധിജിയെന്നാൽ ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന പൊതുവിജ്ഞാനത്തിനപ്പുറം ഹൃദയത്തിലേക്ക് ഗാന്ധിയൻ ചിന്തകൾ സംക്രമിപ്പിക്കുന്ന ഭാരതീയനാണ് ലോകത്തെ നാളെകളിൽ നിലനിർത്താൻ കഴിയുക. ഇത് ആർത്തിയുടെ കാലമാണ്.

"എന്റേതായൊന്നുമില്ലെന്നാലെല്ലാ-
റ്റിന്റെയുമാണു ഞാൻ"


എന്ന ആർഷബോധത്തിനു പകരം "ഞാൻ, എന്റേത്" എന്നതാണ് പുതിയ കാലത്തിന്റെ വേദവാക്യം. മണ്ണും മരവും പുഴയും ആകാശവും എല്ലാമെല്ലാം തനിക്കുവേണ്ടി വെട്ടിപ്പിടിക്കുന്ന ആധുനിക കാലത്തിനുമുന്നിൽ മതിവരലിന്റെ വിവേകപൂർണമായ സരളതയാണ് ഗാന്ധിയൻ ആദർശം. "മനുഷ്യന് ജീവിക്കാൻ ഭൂമിയിൽ ആവോളമുണ്ട്. അവന്റെ ആർത്തിക്കുവേണ്ടത്രയില്ല തന്നെ" എന്നു പഠിപ്പിച്ച മഹാത്മാവിന്റെ തിരിച്ചറിവ് നഷ്ടപ്പെട്ടിടത്താണ് പാരിസ്ഥിതിക നാശത്തിന്റെയും പ്രകൃതിധ്വംസനത്തിന്റെയും തുടക്കം. പണത്തിനും സുഖഭോഗത്തിനുമായി പരക്കം പായുന്ന പുതിയ കാലത്ത് ആവശ്യത്തിനുപയോഗിക്കുന്ന മനഷ്യരാണുണ്ടാവേണ്ടത്. മഹാത്മാവിന്റെ ആദർശമായിരുന്നു; ജീവിത സങ്കൽപ്പമായിരുന്നു അത്.

ഇത് സാമ്പത്തിക ക്രമക്കേടുകളുടെയും തട്ടിപ്പുകളുടെയും കാലമായിരിക്കുന്നു. പണമുണ്ടാക്കാനുള്ള കുറുക്കുവഴികൾക്കു പിറകെ പരക്കം പായുന്നവരെക്കൊണ്ട് ഭൂമിക്കുതന്നെ പൊറുതിമുട്ടിയിരിക്കുന്നു. "പലിശ കൊണ്ടു മുതലിനു ഗോപുരം തീർക്കന്നവരും" ചതിയിലൂടെയും തട്ടിപ്പിലൂടെയും അന്യന്റെ സ്വത്തപഹരിക്കന്നവരുമൊക്കെ പുതിയ കാലത്ത് മിടുക്കരാണ് എന്ന് വാഴ്ത്തപ്പെടുമ്പോൾ നാം അറിയണം, അർധനഗ്നനായ ഒരു മനുഷ്യൻ മനുഷ്യന്റെ ഏഴുകൊടിയ പാപങ്ങളിലൊന്നായി എണ്ണിപ്പറഞ്ഞത് "Wealth Without Work" **എന്നതാണ്.**

ഇത് സാമ്പത്തിക ക്രമക്കേടുകളുടെയും തട്ടിപ്പുകളുടെയും കാലമായിരിക്കുന്നു. പണമുണ്ടാക്കാനുള്ള കുറുക്കുവഴികൾക്കു പിറകെ പരക്കം പായുന്നവരെക്കൊണ്ട് ഭൂമിക്കുതന്നെ പൊറുതിമുട്ടിയിരിക്കുന്നു. "പലിശ കൊണ്ടു മുതലിനു ഗോപുരം തീർക്കന്നവരും" ചതിയിലൂടെയും തട്ടിപ്പിലൂടെയും അന്യന്റെ സ്വത്തപഹരിക്കന്നവരുമൊക്കെ പുതിയ കാലത്ത് മിടുക്കരാണ് എന്ന് വാഴ്ത്തപ്പെടുമ്പോൾ നാം അറിയണം, അർധനഗ്നനായ ഒരു മനുഷ്യൻ മനുഷ്യന്റെ ഏഴുകൊടിയ പാപങ്ങളിലൊന്നായി എണ്ണിപ്പറഞ്ഞത് "Wealth Without Work" എന്നതാണ്. അധ്വാനിക്കാതെ നേടുന്ന പണം പാപമാണെന്ന് തിരിച്ചറിയുമ്പോഴാണ് വർത്തമാനകാല തട്ടിപ്പുപരമ്പരകളിൽ നിന്ന് നമുക്ക് രക്ഷപെടാനാവുക. വിയർപ്പിന്റെ ഉപ്പാണ് വരുമാനത്തിന്റെ സൗന്ദര്യമാകുന്നത് എന്ന് പഠിപ്പിച്ച മഹാമനുഷ്യന്റെ വിചാരണകളിലേക്കുള്ള മടക്കമാവണം സ്വാതന്ത്ര്യദിനം നമ്മെ ഓർമ്മപെടുത്തേണ്ടത്.

സ്വാതന്ത്ര്യം എന്ന പദത്തിന് ഒട്ടേറെ അർത്ഥങ്ങൾ നാം സൗകര്യം പോലെ കല്പിച്ചെടുക്കാറുണ്ട്. എന്നാൽ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം പോലെ പ്രധാനമാണ് വ്യക്തിയുടെ സ്വാതന്ത്ര്യമെന്ന് ഗാന്ധിജിവിശ്വസിച്ചു. വിദേശവസ്ത്രബഹിഷ്കരണവും ചർക്കയിൽ നൂൽ നൂൽക്കയും ഗാന്ധിജി നമ്മെ പഠിപ്പിച്ചത് കേവലം ബ്രിട്ടീഷുകാർക്കെതിരായ സമരമുറയായല്ല, പരാശ്രയത്വമില്ലാത്ത, സ്വാശ്രയത്വത്തിന്റെ അവസ്ഥയിലാണ് സ്വാത്രന്ത്യം സാർത്ഥകമാകുക എന്നദ്ദേഹം വിശ്വസിച്ചു. ആഗോളീകരണകാലത്ത് ഉല്പന്നങ്ങളായി സംസ്കാരമായി, ഭാഷയായി അധിനിവേശത്തിന്റെയും അടിമത്തത്തിന്റെയും പുതിയ ലോകക്രമം മെല്ലെമെല്ലെ രൂപപ്പെടുകയാണ്. ഉല്പന്നങ്ങളുടെ പളപളപ്പിൽ വിദേശ സംസ്കാരത്തിന്റെ ഉടലിളക്കങ്ങളിൽ നാം അന്തം വിടാൻ തുടങ്ങിയിരിക്കുന്നു. "നേതി നേതി" എന്നു പറയാനുള്ള ആർജവം നമുക്ക് നഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു.

(ശേഷം പേജ്-35 ൽ)




പി.റ്റി. മാത്യു

ഗ്രാമസഭ

ഗ്രാമസഭാ സംഘാടനം

ഭാഗം - V

ഗ്രാമസഭയുടെ നടത്തിപ്പിന് കൃത്യമായ മുന്നൊരുക്കം അനിവാര്യമാണ്. പൊതുജനത്തിന്റെ ഏറ്റവും വലിയ അധികാരതലം, അവർക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയുന്ന തലമെന്ന നിലയിൽ ഗൗരവത്തോടെയുള്ള മുന്നൊരുക്കം അനിവാര്യമാണ്.



നമ്മുടെ ഭരണതലത്തിലെ ഒരു പ്രധാനഘടകമായി ഗ്രാമസഭയെ കാണണം.ഗ്രാമസഭാ സംഘാടനത്തിന് ഒരു സ്ഥിരം സംവിധാനമുണ്ടാവണം. വർഷത്തിൽ ഒരു ഗ്രാമസഭ പത്തു മണി മുതൽ അഞ്ചുമണി വരെ നടക്കുന്നതാവണം. ആളുകൾക്ക്/ഗ്രാമസഭാ മെമ്പർമാർക്ക് നടത്തിപ്പിനും നിർവ്വഹണത്തിനും നിർണായകറോൾ ഉണ്ടാവണം.

ഓരോ വാർഡിലെയും വാർഡ് വികസനസമിതി ആയിരിക്കണം ഗ്രാമസഭയുടെ പൊതുസംഘാടനം നിർവ്വഹിക്കേണ്ടത്.

ഓരോ അയൽസഭയ്ക്കും മറ്റു സംഘടനാ സംവിധാനങ്ങൾക്കുമായിരിക്കണം (റസിഡൻഷ്യൽ അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ) ആളുകളെ പങ്കെടുപ്പിക്കാനുള്ള ചുമതല

മുന്നൊരുക്കം

ഗ്രാമസഭയുടെ നടത്തിപ്പിന് കൃത്യമായ മുന്നൊരുക്കം അനിവാര്യമാണ്. പൊതുജനത്തിന്റെ ഏറ്റവും വലിയ അധികാരതലം, അവർക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയുന്ന തലമെന്ന നിലയിൽ ഗൗരവത്തോടെയുള്ള മുന്നൊരുക്കം അനിവാര്യമാണ്.

പഞ്ചായത്ത് തലത്തിൽ

അജണ്ട, തീയതി, സ്ഥലം, സമയം എന്നിവ തീരുമാനിക്കണം.

നോട്ടീസ് തയ്യാറാക്കണം

ഓരോ ഗ്രാമസഭയിലും പങ്കെടുക്കേണ്ട ജീവനക്കാർ (എല്ലാ വകുപ്പിലെയും) ജനപ്രതിനിധികൾ, കർമ്മസമിതി അംഗങ്ങൾ, വിദഗ്ധർ എന്നിവരെ പ്രത്യേകം പ്രത്യേകം ലിസ്റ്റ് തയ്യാറാക്കണം-ഇതിന്റെ ചുമതല വികസന സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കണം.

ഗ്രാമസഭയിലെ പൊതു അവതരണങ്ങൾ ഗ്രൂപ്പ് തല അവതരണങ്ങൾ എന്നിവയ്ക്കു വേണ്ടി പവർപോയിന്റ് പ്രസന്റേഷൻസ്, പ്ലക്കാർഡുകൾ, മറ്റു വിഷൽസ് എന്നിവ ഓരോ ഗ്രാമസഭയ്ക്കും വേണ്ടി തയ്യാറാക്കണം ■

അവതരണം നടത്തേണ്ടവരുടെ പ്രത്യേക യോഗം സംഘടിപ്പിക്കണം.

വാർഡ് തലത്തിൽ

എല്ലാവർക്കും ഇരിക്കാനുള്ള സ്ഥലം, ഇരിപ്പിടം എന്നിവ ഉറപ്പാക്കണം

ഗ്രൂപ്പ് തിരിഞ്ഞ് ഇരിക്കാനുള്ള ഇടം ഓരോ ഗ്രൂപ്പും ഇരിക്കേണ്ടിടത്തെ നെയിംബോർഡ് എന്നിവ നേരത്തേ പതിപ്പിക്കാൻ കണക്കിന് തയ്യാറാക്കി വയ്ക്കണം

അവതരണങ്ങൾക്കുള്ള എൽ.സി.ഡി., മൈക്ക്, അവതരണത്തിന്റെരീതി അനുസരിച്ചുള്ള മറ്റു സംവിധാനങ്ങൾ എന്നിവ ഒരുക്കണം

ഗ്രാമസഭയുടെ നടത്തിപ്പിന് കൃത്യമായ മുന്നൊരുക്കം അനിവാര്യമാണ്. പൊതുജനത്തിന്റെ ഏറ്റവും വലിയ അധികാരതലം, അവർക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയുന്ന തലമെന്ന നിലയിൽ ഗൗരവത്തോടെയുള്ള മുന്നൊരുക്കം അനിവാര്യമാണ്.



പ്രത്യേക രജിസ്ട്രേഷൻ കൗണ്ടറുകൾ അവിടത്തെ നെയിംബോർഡുകൾ എന്നിവ തയ്യാറാക്കണം

രജിസ്ട്രേഷന് ഇരിക്കേണ്ടവരെ നിശ്ചയിച്ച് അവരുടെ പ്രത്യേക യോഗം നടത്തണം

വാർഡ് മെമ്പറുടെ സ്വാഗതപ്രസംഗം തയ്യാറാക്കി വയ്ക്കണം

ഏകദിന ഗ്രാമസഭയാണെങ്കിൽ അറിയിപ്പ് നൽകാനായി പോകുമ്പോൾ തന്നെ ഉത്പന്ന ശേഖരണത്തിനുള്ള സംവിധാനമുണ്ടാക്കണം.

അറിയിപ്പ്

വാർഡ് വികസനസമിതി കൂടി വാർഡ്തലത്തിൽ സ്ക്വാഡായി പോകേണ്ട ടീം, വീടുകൾ എന്നിവ ഏതൊക്കെയായിരിക്കണമെന്നു തീരുമാനിക്കണം

കൂടാതെ റസിഡൻഷ്യൽ അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങി സംഘടനാ സംവിധാനങ്ങളെല്ലാം അവരുടെ തലത്തിൽ അംഗങ്ങളെ അറിയിക്കാൻ പ്രത്യേക സംവിധാനം ഒരുക്കണം

വാർഡ് വികസനസമിതിയുടെ സ്ക്വാഡ് നോട്ടീസ് വീടുകളിൽ കൊടുക്കുന്നതോടൊപ്പം അറിയിപ്പ് ലഭിച്ചതായി ആ വീട്ടിലെ ഒരു അംഗത്തെക്കൊണ്ട് ഒരു നോട്ടുബുക്കിൽ ഒപ്പിട്ടു വാങ്ങണം

സംഘടനകളെക്കൊണ്ട് പോസ്റ്റർ എഴുതി പതിപ്പിക്കാൻ സംവിധാനമുണ്ടാക്കണം. പ്രധാന സ്ഥാപനങ്ങളിലെല്ലാം നോട്ടീസ് പതിപ്പിക്കണം. തുടങ്ങി പ്രവർത്തനങ്ങൾ നടത്തണം.

മറ്റുള്ളവരെ ക്ഷണിക്കൽ

അതതു വാർഡുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ തലത്തിലെയും ജനപ്രതിനിധികളെ കത്ത് നൽകി ഗ്രാമസഭാ കൺവീനർ ക്ഷണിക്കണം

ഏതെങ്കിലും തരത്തിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങൾ ,വ്യക്തികൾ എന്നിവരെ ഗ്രാമസഭയിലേക്ക് ക്ഷണിക്കാൻ തീരുമാനിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് പ്രത്യേകം കത്തു നൽകണം

ആരെയെങ്കിലും ഏതെങ്കിലും സ്ഥാപനത്തെ ഗ്രാമസഭയിൽ വച്ച് ആദരിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അവർക്കും പ്രത്യേകം കത്തു നൽകി സ്വീകരിക്കണം.

നടത്തിപ്പ്

ഏകദിനപരിപാടിയിൽ 40 മിനിറ്റും അരദിവസ പരിപാടിയിൽ 20 മിനിറ്റിനും അപ്പുറം ഉദ്ഘാടന പരിപാടികൾ പോകരുത്.

വിവിധ ഗ്രാമസഭകൾ എങ്ങനെയാവണമെന്നു നോക്കാം.

പൂർണ്ണദിവസഗ്രാമസഭ

ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളായിരിക്കണം പൂർണ്ണദിവസ ഗ്രാമസഭകളായി നടത്തേണ്ടത്. അതിൽ ഉദ്ഘാടന പരിപാടി കഴിഞ്ഞാൽ ചുവടെക്കൊടുത്തിട്ടുള്ള കാര്യങ്ങൾ നടക്കണം

പഞ്ചായത്തിന്റെ ഒരു വർഷത്തെ/അഞ്ചുവർഷത്തെ നയസമീപനം പ്രസിഡന്റ് അവതരിപ്പിക്കണം. പങ്കെടുക്കാൻ കഴിയാത്തിടത്ത് വൈസ് പ്രസിഡന്റ് അവതരിപ്പിക്കണം

അതുകഴിഞ്ഞാൽ പഞ്ചായത്തിന്റെ ധനസ്ഥിതി, വികസനതന്ത്രം-ബജറ്റ് സംക്ഷിപ്തം വൈസ് പ്രസിഡന്റ്/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗം അവതരിപ്പിക്കണം

അതു കഴിഞ്ഞാൽ ഗ്രൂപ്പുകളായി തിരിഞ്ഞിരിക്കണം. അവിടെ ഓരോ ഗ്രൂപ്പിലും ആ വിഷയവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പംഗങ്ങൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത് പഞ്ചായത്ത് തയ്യാറാക്കിയ കാര്യങ്ങൾ അവതരിപ്പിച്ച്- ആ മേഖലയിലെ പ്രശ്നപരിഹാരത്തിന് വികസനത്തിന് എന്തുമാത്രം പര്യാപ്തമാകും, കൂട്ടിച്ചേർക്കൽ, ഒഴിവാക്കൽ ആവശ്യമുണ്ടോ? എങ്കിൽ എന്ത്? ഇതിൽ പൊതുജനത്തിന്റെ റോൾ, മറ്റു തലഭരണസ്ഥാപനങ്ങളുടെ റോൾ എന്നിവ ചർച്ച ചെയ്യണം.

ഓരോ ഗ്രൂപ്പിലും പങ്കാളികളിൽ നിന്നും ഒരാളോടും വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഒരാളും റിപ്പോർട്ട് എഴുതി തയ്യാറാക്കണം

പ്ലാനറിയിൽ അവ അവതരിപ്പിച്ച് പൊതു ചർച്ചയ്ക്കു വിധേയമാക്കണം

ക്രോഡീകരിച്ച് അവതരിപ്പിച്ചു കൊണ്ട് ഗ്രാമസഭ അവസാനിപ്പിക്കണം.

ഗ്രാമസഭയുടെ ഓരോ വിഷയഗ്രൂപ്പിൽ നിന്നും ഒരു സ്ത്രീയും പുരുഷനുമെന്ന കണക്കിന് രണ്ടു പേരെ വികസനസെമിനാറിലേക്കു തെരഞ്ഞെടുക്കണം

ആസൂത്രണ ഗ്രാമസഭയിൽ നടക്കേണ്ട മറ്റു കാര്യങ്ങൾ

പഞ്ചായത്ത് സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഒരാൾ വരവു ചെലവു കണക്ക് ഗ്രാമസഭയിൽ അവതരിപ്പിക്കണം. അത് വെറുതെ അവതരിപ്പിക്കൽ മാത്രമല്ല, ഓരോ കോപ്പി ഓരോ ഗ്രൂപ്പിൽ ചർച്ചയ്ക്കു നൽകണം. അത് നമ്മുടെ ഭരണം കൂടുതൽ സുതാര്യവും കരുത്തും പകരാൻ സഹായിക്കും.

ഈ ഗ്രാമസഭയ്ക്ക് മുന്നേ അയൽ ക്കൂട്ടങ്ങൾക്ക് ചർച്ച ചെയ്യാനായി കരടു നൽകിയാൽ അത് ചർച്ചയുടെ ഗുണനിലവാരം വർദ്ധിപ്പിക്കും

പഞ്ചായത്തിന്റെ ഭരണനേട്ടങ്ങൾ ആളുകളെ ബോധ്യപ്പെടുത്താൻ നമുക്കു കഴിയണം. അതിനായി ഭരണനിർവ്വഹണ റിപ്പോർട്ട് തയ്യാറാക്കി ഈ ഗ്രാമസഭയിൽ ചർച്ചയ്ക്കു വിധേയമാക്കണം.

മറ്റു ഗ്രാമസഭകൾ

മറ്റു ഗ്രാമസഭകൾ അരദിവസം വീതം നടത്തിയാൽ മതിയാവും

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ഗ്രാമസഭയ്ക്ക് മുൻപു തന്നെ ഗുണഭോക്താക്കളുടെ കരട് ലിസ്ററ് തയ്യാറാക്കി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ കേട്ടശേഷം ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രൂപ്പായിരുന്ന് ലിസ്റ്റ് ചർച്ച ചെയ്ത് അന്തിമമാക്കണം. ഇത് ഭരണസമിതിക്കെതിരെ ഉണ്ടാകുന്ന ആക്ഷേപങ്ങൾ ഒഴിവാക്കാൻ സഹായിക്കും. ഗ്രാമസഭയിൽ അംഗമായിട്ടുള്ള എല്ലാവർക്കും അവകാശപ്പെട്ട പണമാണ് ഗുണഭോക്താക്കളാകുന്ന ആളുകൾക്ക് നൽകുന്നത് എന്നതിനാൽ, ആ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും, അവർ അത് കൃത്യമായും ഫലപ്രദമായും വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കാനും ഗ്രാമസഭയ്ക്ക് അധികാരമുണ്ട്. അത് ക്രിയാത്മകമായി വിനിയോഗിക്കാൻ നമ്മൾ അവസരമൊരുക്കണം.

അതുപോലെ പരമപ്രാധാന്യമർഹിക്കുന്ന ഒന്നാണ് സോഷ്യൽ ആഡിറ്റ്. സോഷ്യൽ ഓഡിറ്റിന്റെ വിശദമായ ഒരു കുറിപ്പ് അസോസിയേഷൻ തയ്യാറാക്കുന്നതാണ്. എന്നാലും ചുരുക്കും ചില കാര്യങ്ങൾ ഇവിടെ കുറിക്കാം.

പഞ്ചായത്തിലെ എല്ലാ പ്രോജക്ടും പരിപാടികളും സോഷ്യൽ ആഡിറ്റിനു വിധേയമാക്കണം

സോഷ്യൽ ആഡിറ്റിനായി പ്രത്യേക ഗ്രാമസഭകൾ വിളിക്കണം. അത്തരം ഗ്രാമസഭകൾ ആസൂത്രണ ഗ്രാമസഭയ്ക്ക് മുന്നേ നടക്കണം

സോഷ്യൽ ആഡിറ്റ് ഗ്രാമസഭയ്ക്ക് മുന്നേ ഓരോ വിഷയമായി ബന്ധപ്പെട്ടവരെ ചേർത്ത് പ്രത്യേക ആഡിറ്റുകൾ നടക്കും

സോഷ്യൽ ആഡിറ്റിന്റെ പൂർണ്ണ ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ആയിരിക്കണം.

ഇത്തരത്തിൽ എല്ലാവർക്കും ഏറ്റെടുക്കാൻ കഴിയുന്ന, പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്ന, തുടർപ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന, ഭരണത്തെ വിലയിരുത്തി മുന്നോട്ടു പോകാൻ സഹായിക്കുന്ന ഒരിടമായി ഗ്രാമസഭയെ മാറ്റാൻ നമുക്ക് കഴിയണം. അതിന് പഞ്ചായത്തുകൾക്ക് എന്തു പിന്തുണ നൽകാനും അസോസിയേഷൻ തയ്യാറാണ്. ഇത്തരം കാര്യങ്ങളിൽ മാതൃകാ പ്രവർത്തനങ്ങൾ കാഴ്ചവച്ച പഞ്ചായത്തുകൾ അതിന്റെ റിപ്പോർട്ടും ഫോട്ടോസും സഹിതം ഗ്രാമപഞ്ചായത്ത് ഭവനിലേക്ക് അയച്ചു തരണം. (അവസാനിച്ചു) ■

പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

എല്ലാവർക്കും ഏറ്റെടുക്കാൻ കഴിയുന്ന, പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്ന, തുടർപ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന, ഭരണത്തെവിലയിരുത്തി മുന്നോട്ടു പോകാൻ സഹായിക്കുന്ന ഒരിടമായി ഗ്രാമസഭയെ മാറ്റാൻ നമുക്ക് കഴിയണം. അതിന് പഞ്ചായത്തുകൾക്ക് എന്തു പിന്തുണ നൽകാനും അസോസിയേഷൻ തയ്യാറാണ്.





ഡോ.ജെ.ബി. രാജൻ

പദ്ധതി ആസൂത്രണത്തിൽ ചരിത്ര നേട്ടം

മുൻ പഞ്ചവത്സര പദ്ധതി കാലയളവുകളിൽ പദ്ധതി ആസൂത്രണത്തിന് കൂടുതൽ സമയവും നിർവ്വഹണത്തിന് കുറച്ച് സമയവും ആണ് ലഭിച്ചിരുന്നത്. പദ്ധതി രൂപീകരണവും അംഗീകാരവും അതത് സാമ്പത്തിക വർഷത്തെ ഡിസംബർ – ജനുവരി മാസങ്ങൾ വരെ നീണ്ടുപോയിരുന്നു. ഇത് മൂലം കഷ്ടിച്ച് രണ്ടോ മൂന്നോ മാസങ്ങൾ മാത്രമാണ് നിർവ്വഹണത്തിന് ലഭിച്ചിരുന്നത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിലെ രണ്ടാം വാർഷിക പദ്ധതി (2012–14) രൂപീകരണത്തിന്റെ കാര്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചരിത്ര നേട്ടം കൈവരിച്ചിരിക്കുകയാണ്. ജനകീയാസൂത്രണം ആരംഭിച്ചതിന് ശേഷം ആദ്യമായി സംസ്ഥാനത്തെ ഒൻപത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2013–14 സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികളുടെ രൂപീകരണം 2013 മാർച്ച് 31 ന് മുമ്പ് പൂർത്തിയാക്കി, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും വാങ്ങി. സാമ്പത്തിക വർഷത്തിന്റെ ആദ്യ ദിനമായ ഏപ്രിൽ ഒന്നിന് തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തു. (പട്ടിക 1 കാണുക). ബാക്കിയുള്ള 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിരുന്ന 2013 ജൂൺ 10 ന് തന്നെ പൂർത്തീകരിച്ചു. രണ്ടാം വാർഷിക പദ്ധതിയിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആകെ 2,06,129 പ്രോജക്ടുകൾ ആവിഷ്കരിച്ചു. ഇവയുടെ പദ്ധതി അടങ്കൽ തുക 10,754 കോടി രൂപയാണ്. ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം മുൻവർഷത്തേതിനെക്കാൾ 11 ശതമാനവും, പദ്ധതി അടങ്കൽ തുക 25 ശതമാനവും വർദ്ധനവ് ഈ വർഷം (2013–14) ഉണ്ടായിട്ടുണ്ട്. (ചാർട്ട് 1). സംസ്ഥാനത്തെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ശരാശരി പ്രോജക്ടുകളുടെ എണ്ണം 170 ഉം, പദ്ധതി അടങ്കൽ തുക 8.90 കോടി രൂപയുമാണ്. (മേഖല തിരിച്ചും, സ്ഥാപന വിഭാഗം തിരിച്ചും ഉള്ള കണക്കുകൾ പട്ടിക-2 ൽ കൊടുത്തിരിക്കുന്നു.) രൂപീകരിച്ച പ്രോജക്ടുകളുടെ കാര്യത്തിൽ വയനാട് ജില്ലയാണ് ഏറ്റവും മുന്നിൽ – ശരാശരി 247 പ്രോജക്ടുകളും, പദ്ധതി അടങ്കൽ തുക 14.70 കോടി രൂപയും (ചാർട്ട് 2).

സമർപ്പിച്ചവയിൽ 199964 (97%) പ്രോജക്ടുകൾക്ക് ഇതിനോടകം ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി കഴിഞ്ഞു. (ചാർട്ട് 3) ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ മാത്രമാണ് അംഗീകരിച്ച പ്രോജക്ടുകളുടെ ശതമാന നിരക്ക് താരതമ്യേന കുറഞ്ഞത് – 83% എങ്കിലും ഇവയുടെ പ്രോജക്ട് അംഗീകൃത നടപടികൾ ധൃതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

മുൻ പഞ്ചവത്സര പദ്ധതി കാലയളവുകളിൽ പദ്ധതി ആസൂത്രണത്തിന് കൂടുതൽ സമയവും നിർവ്വഹണത്തിന് കുറച്ച് സമയവും ആണ് ലഭിച്ചിരുന്നത്. പദ്ധതി രൂപീകരണവും അംഗീകാരവും അതത് സാമ്പത്തിക വർഷത്തെ ഡിസംബർ–ജനുവരി മാസങ്ങൾ വരെ നീണ്ടുപോയിരുന്നു. ഇത് മൂലം കഷ്ടിച്ച് രണ്ടോ മൂന്നോ മാസങ്ങൾ മാത്രമാണ് നിർവ്വഹണത്തിന് ലഭിച്ചിരുന്നത്. പദ്ധതി സാമ്പത്തിക വർഷത്തിന്റെ തന്നെ മാർച്ച് മാസം വരെ അംഗീകാര നടപടികൾ നീണ്ടുപോയിട്ടുമുണ്ട്. 'പദ്ധതി ആസൂത്രണത്തിന് കൂടുതൽ സമയവും നിർവ്വഹണത്തിന് കുറച്ചു സമയവും' മാത്രം കിട്ടുന്നുള്ളുവെന്ന തദ്ദേശസ്വയംഭരണ



സ്ഥാപനങ്ങളുടെ നിരന്തര പരാതിയ്ക്ക് പരിഹാരമായി പദ്ധതി രൂപീകരണ-അംഗീകാര നടപടികൾ ലഘൂകരിച്ചു കൊണ്ട് പന്ത്രണ്ടാം പദ്ധതിയിൽ കേരള സർക്കാർ നടത്തിയ പരീക്ഷണം വിജയിച്ചുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെ 9 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിനായി 12 മാസവും, ബാക്കിയുള്ള 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 8 മാസവും ലഭിക്കുന്നത് ചരിത്രത്തിലാദ്യമായാണ്. ഐ.കെ.എം. വികസിപ്പിച്ച 'സുലേഖ' സോഫ്റ്റ് വെയർ വെബ് അധിഷ്ഠിതമാക്കിക്കൊണ്ട് ആസൂത്രണ നടപടികൾ ലഘൂകരിച്ചത് സമയബന്ധിതമായ പദ്ധതി ആസൂത്രണം സുഗമമാക്കി.


തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ പന്ത്രണ്ടാം പദ്ധതിയിൽ കൈവരിച്ചിരിക്കുന്ന ചരിത്രനേട്ടം പദ്ധതി നിർവ്വഹണത്തിലും ഉറപ്പുവരുത്തേണ്ടതുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവും ആക്കുന്നതിന് തുടർപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. പ്രോജക്ടിൽ വിഭാവന ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ ഓരോന്നും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കുന്നത് ഉചിതമായിരിക്കും. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിൽ അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം വിളിച്ച് നിർവ്വഹണ കലണ്ടർ തയ്യാറാക്കാവുന്നതാണ്. പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഉത്തരവാദിത്ത വിഭജനവും നടത്തണം. ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സംയുക്ത യോഗത്തിൽ കലണ്ടർ ചർച്ചാ വിഷയമാക്കുകയും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പരിധിയിൽ വരുന്ന വിഷയമേഖലയിലെ പ്രോജക്ടുകളുടെ ഉത്തരവാദിത്തം വിഭജിച്ച് നൽകുകയും വേണം. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളാണല്ലോ? ആയതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതികൾ വിളിച്ച് ചേർത്ത് നിർവ്വഹണ പുരോഗതി നിരന്തരം വിലയിരുത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം. പ്രോജക്ടുകളുടെ സമയബന്ധിതമായ നിർവ്വഹണത്തിനുള്ള സാങ്കേതിക കാര്യങ്ങളിൽ ഉദ്യോഗസ്ഥരും നേതൃത്വം നൽകുന്നതിൽ ജനപ്രതിനിധികളും ഒരുപോലെ ജാഗരൂകരായാൽ പദ്ധതി ആസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടം നിർവ്വഹണത്തിലും സാധ്യമാക്കാം. ■

പട്ടിക - 1


സാമ്പത്തിക വർഷത്തിന്റെ (2013 – 14) ആദ്യദിനം പദ്ധതി നിർവ്വഹണം ആരംഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

	ഗ്രാമപഞ്ചായത്തുകൾ	
1.	ആനക്കയം	(മലപ്പുറം ജില്ല)
2.	എടരിക്കോട്	(മലപ്പുറം ജില്ല)
3.	പുലാമന്തോൾ	(മലപ്പുറം ജില്ല)
4.	പോത്തുകല്ല്	(മലപ്പുറം ജില്ല)
5.	അങ്ങാടിപ്പുറം	(മലപ്പുറം ജില്ല)
6.	ഊരകം	(മലപ്പുറം ജില്ല)
7.	മുട്ടാർ	(ആലപ്പുഴ ജില്ല)
	ബ്ലോക്ക് പഞ്ചായത്തുകൾ	
1.	മുതുകുളം	(ആലപ്പുഴ ജില്ല)
2.	വെളിയനാട്	(ആലപ്പുഴ ജില്ല)


ചാർട്ട് 1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ പ്രോജക്ടുകളും അടങ്കൽ തുകയും



ചാർട്ട് 2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ പ്രോജക്ടുകളും അടങ്കൽ തുകയും (ജില്ലാശരാശരി)



ചാർട്ട് 3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകരിച്ച പ്രോജക്ടുകൾ ശതമാനത്തിൽ (2013-14)



പട്ടിക - 2

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാം വാർഷിക പദ്ധതി (2013-14)

അടങ്കൽ തുക (കോടി രൂപ)


തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	പ്രോജക്ടുകളുടെ എണ്ണം	ഉല്പാദനം	സേവനം	പശ്ചാത്തലം	ആകെ
1. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ					
-ഗ്രാമപഞ്ചായത്തുകൾ	1,60,942	723	2,704	2,334	5,761
-ബ്ലോക്ക് പഞ്ചായത്തുകൾ	12,604	189	1,156	332	1,677
-ജില്ലാ പഞ്ചായത്തുകൾ	10,911	216	534	720	1,469
ആകെ (1)	1,84,457	1,128	4,394	3,386	8,908
2. നഗരസഭാ സ്ഥാപനങ്ങൾ					
-മുനിസിപ്പാലിറ്റികൾ	15,623	64	510	471	1,046
-കോർപ്പറേഷനുകൾ	6,049	66	439	296	801
ആകെ(2)	21,672	130	949	767	1,846
3. ആകെ മൊത്തം ((1)+(2))	2,06,129	1,258	5,343	4,153	10,754
4. ശരാശരി	170	1.04	4.42	3.44	8.90

■ *ലേഖകൻ കിലയിലെ അസിസ്റ്റന്റ് പ്രൊഫസറാണ്*



മാറ്റുവിൻ ചട്ടങ്ങളെ!! അല്ലെങ്കിൽ ....

ജോൺ എസ്. ജയിംസ്



ഒരു ജനാധിപത്യ ഭരണക്രമത്തിൽ രാജ്യഭരണം നടത്തിപ്പോരുന്നത് ജനങ്ങൾ ചർച്ചചെയ്ത് നിയമസഭ പാസാക്കിയ നിയമങ്ങൾ അനുസരിച്ചും, നിയമങ്ങൾ നടപ്പാക്കുന്നത് നിയമങ്ങൾക്കു കീഴിൽ രൂപീകൃതമായ ചട്ടങ്ങൾ അനുസരിച്ചും ആകുന്നു. ഈ ചട്ടങ്ങൾക്കു നിയമസഭ പിന്നീട് അംഗീകാരം നൽകന്നുവെന്നാണ് ധാരണയെങ്കിലും ചട്ടങ്ങൾ രൂപീകരിക്കുന്നത് പ്രധാനമായും ബ്യൂറോക്രസിയാണ്. സ്വാഭാവികമായി ജനഹിതം ചട്ടങ്ങളിൽ പ്രതിഫലിക്കാറില്ല. തന്നെയുമല്ല പ്രായോഗികതയുടെയും ഭരണസൗകര്യത്തിന്റെയും പേരിൽ ഭരണഘടനയും സ്വാഭാവികനീതിയും ഉറപ്പുചെയ്യുന്ന നിയമതത്വങ്ങൾ പോലും ചട്ടങ്ങളിലൂടെ നിഷേധിക്കപ്പെടുകയും ചെയ്യുന്നു. ചട്ടങ്ങളിലൂടെ നിഷേധിക്കപ്പെട്ട സ്വാഭാവിക നീതിയുടെ ഉദാഹരണങ്ങൾ നിയമദൃഷ്ടിയുടെ കഴിഞ്ഞ പംക്തികളിൽ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്.

പഞ്ചായത്തു മുനിസിപ്പാലിറ്റി നിയമങ്ങളുടെ കീഴിലുണ്ടാക്കിയ ചട്ടങ്ങളുടെ കാര്യത്തിൽ പലപ്പോഴും നികുതി നിർണ്ണയത്തിന്റെയും പിരിവിന്റെയും കാര്യത്തിലാണ് അടിസ്ഥാന നിയമതത്വങ്ങളെ അവലംഘിക്കുന്നതായി കാണാറുള്ളത്. ഇത്തരം ലംഘനങ്ങൾ സ്വാഭാവികനീതിയുടെയും മൗലീകാവകാശങ്ങളുടെയും നിഷേധമായി ഭവിക്കുന്നു. ഈ തെറ്റുകൾ തിരുത്തപ്പെടുക തന്നെ വേണം. ഇവിടെയാണ് മഹാകവി കുമാരനാശന്റെ വരികൾ ഒരു വെള്ളിടിപോലെ മുഴങ്ങുന്നത്. "മാറ്റുവിൻ ചട്ടങ്ങളെ.. !! അല്ലെങ്കിൽ....". എന്ന മുന്നറിയിപ്പ്.

നിയമങ്ങളിലും ചട്ടങ്ങളിലും മുഴച്ചു നിൽക്കുന്ന ഇത്തരം ഭരണഘടനാവ്യവസ്ഥകളുടെ ലംഘനങ്ങളെ വെളിച്ചത്ത് കൊണ്ടുവരാൻ ഒരു ഉഗ്രൻ വെടിക്കെട്ടു തന്നെ ആവശ്യമായി വരും. എന്നാൽ പഞ്ചായത്ത് മുനിസിപ്പാലിറ്റി നിയമങ്ങളിലും ചട്ടങ്ങളിലും നികുതി നിർണ്ണയം പിരിവ് എന്നീ കാര്യങ്ങളിൽ മുഴച്ചു നിൽക്കുന്ന ചില നിയമതത്വലംഘനങ്ങളിലേക്കും നീതി നിഷേധങ്ങളിലേക്കും ഇത്തരി വെളിച്ചം വീശാൻ മാത്രമേ ഈ ലക്കത്തിലെ സാമ്പിൾ വെടിക്കെട്ടു കൊണ്ട് ഉദ്ദേശിക്കുന്നുള്ളു. വിഷയങ്ങൾ താഴെ പറയുന്നവ മാത്രവും

വസ്തുനികുതി

വസ്തുനികുതി വാർഷിക നികുതിയായിട്ടാണ് കണക്കാക്കപ്പെടുന്നത്, പിരിക്കുന്നത് അർദ്ധവാർഷികനികുതിയായിട്ടാണെങ്കിലും. ഗഡുക്കളായി ഈടാക്കുന്ന നികുതി എപ്പോഴും വാർഷിക വരവിന്റെ ആദായത്തിന്റെ ഒരു അംശം എന്ന ധാരണയിലാണ് ഈടാക്കുന്നത്

പഞ്ചായത്തു മുനിസിപ്പാലിറ്റി നിയമങ്ങളുടെ കീഴിലുണ്ടാക്കിയ ചട്ടങ്ങളുടെ കാര്യത്തിൽ പലപ്പോഴും നികുതി നിർണ്ണയത്തിന്റെയും പിരിവിന്റെയും കാര്യത്തിലാണ് അടിസ്ഥാന നിയമതത്വങ്ങളെ അവലംഘിക്കുന്നതായി കാണാറുള്ളത്. ഇത്തരം ലംഘനങ്ങൾ സ്വാഭാവികനീതിയുടെയും മൗലീകാവകാശങ്ങളുടെയും നിഷേധമായി ഭവിക്കുന്നു.



ഏതായാലും ഭാരത ഭരണഘടനയുടെ അനുഛേദം 265 അനുസരിച്ച് നിരക്കുകൾ നിശ്ചയിക്കുന്നത് പരിധികൾക്ക് വിധേയമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരിധികൾ എന്നാൽ കുറഞ്ഞതും കൂടിയതുമായ പരിധികൾ എന്നുതന്നെയാണ് അർത്ഥം.

എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. ഒരുമിച്ചുള്ള നുകുതി (ഒൺ ടൈം ടാക്സ്) വസ്തുവിന്റെ മൂല്യത്തിന്റെ അടിസ്ഥാനത്തിലും ഗഡുക്കളായുള്ള വസ്തുനികുതി വസ്തുവിന്റെ വാർഷികമൂല്യത്തിന്റെ അടിസ്ഥാനത്തിലുമാണ് പണ്ടു പണ്ടു മുതൽ ഈടാക്കിയിരുന്നത്. ഇപ്രകാരം വാർഷികമൂല്യം ഈടാക്കുന്നതിൽ അഴിമതി ഉണ്ട് എന്ന ആരോപണത്തിന്റെ പേരിലാണ് ഒരുകൂട്ടം ബുദ്ധിജീവികൾ വട്ടമിട്ടിരുന്ന്, 2009- ലെ ഭേദഗതിനിയമത്തിലൂടെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കാൻ തീരുമാനിച്ചത്. വാർഷികമൂല്യം തന്നെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിനുപകരം, വാർഷികമൂല്യമായ യാതൊരു ബന്ധവുമില്ലാതെ, അടിസ്ഥാനവസ്തു നികുതി കുട്ടത്താപ്പു നിരക്കിൽ നിശ്ചയിച്ചിരിക്കുകയാണ് 2009ല നിയമഭേദഗതിയിലൂടെ ചെയ്തത്. തറ വിസ്തീർണ്ണത്തിന്റെ പേരിൽ, ഓരോതരം തറയ്ക്കും വെവ്വേറെ ഓരോ നിരക്ക് സർക്കാർ നിശ്ചയിച്ചാൽ ജനം ആ നിരക്കുകളിൽ വസ്തുനികുതി നൽകാൻ ബാദ്ധ്യസ്ഥരാണ് എന്ന പ്രാകൃതമായ ഒരു നയമാണ് ഈ നികുതി നിർണ്ണയത്തിലൂടെ നടപ്പായത്. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ വസ്തു നികുതി നിരക്ക് നിശ്ചയിച്ചു കഴിഞ്ഞിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നിഷ്ടം പോലെ അതിൽ വർദ്ധനവുകളും ഇളവുകളും നൽകാനുള്ള അനുമതി യുക്തിരഹിതവും, അനുചിതവും നിയമസഭയുടെ നികുതി നിശ്ചയിക്കാനുള്ള അധികാരസീമയിലേക്കുള്ള ഒരു കടന്നുകയറ്റവും ആയിപ്പോയി. 2012 ലെ നിയമ ഭേദഗതികളിലൂടെ നികുതു നിർണ്ണയം, യുക്തിസഹവും ഉചിതവും ആക്കിയെങ്കിലും നികുതി നിർണ്ണയം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലായാൽ പോലും വാർഷികമൂല്യത്തിന്റെ നിരക്കിൽ ആക്കാത്തത് ഒരു അപരാധമായി അവശേഷിക്കുന്നു. തെറ്റുകൾ തിരുത്തപ്പെടണം.

തൊഴിൽ നികുതി

ഭാരത ഭരണ ഘടനയും സംസ്ഥാന നിയമവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വാർഷികപരിധിക്ക് വിധേയമായി തൊഴിൽ നികുതി പിരിക്കൽ അനുവദിക്കുന്നുണ്ട്. സംസ്ഥാനനിയമങ്ങളുടെ കീഴിൽ ഇതിനായി നടപടിക്രമങ്ങൾ നിശ്ചയിച്ച് ചട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ 2005 ലെ കേരളമുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ 3-ാം ചട്ടം(2) -ാം ഉപചട്ടപ്രകാരം (1) -ാം ഉപചട്ടത്തിന്റെ പരിധിയിൽ വരാത്ത വിഭാഗങ്ങളെ സംബന്ധിച്ച് അർദ്ധവാർഷികനികുതി 1,250 രൂപ ഓരോ വിഭാഗത്തിനും ചുമത്താമെന്ന വ്യവസ്ഥ ചെയ്തിരിക്കുന്നു. സംസ്ഥാന ധനകാര്യക്കമ്മിഷന്റെ ശുപാർശപ്രകാരമാണ് സർക്കാർ ഇത്തരത്തിൽ ചട്ടങ്ങൾ ഉണ്ടാക്കിയത്. ചട്ടം 3(1) ൽ ചുമത്താവുന്ന അർദ്ധവാർഷിക നികുതി ഓരോ വിഭാഗത്തിനും എത്രയെന്ന പട്ടികപ്രകാരം തിട്ടപ്പെടുത്തിയ സ്ഥിതിക്ക്, ചട്ടം 3(2) ൽ പരാമർശിച്ചിരിക്കുന്ന വിഭാഗങ്ങൾക്ക് റിട്ടേണുകൾ സത്യപ്രസ്താവന സഹിതം സമർപ്പിക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കവെ, ചട്ടം 3(2)ൽ, ഈ വിഭാഗങ്ങളുടെ കാര്യത്തിൽ പേരുപറഞ്ഞ് അർദ്ധവാർഷിക നികുതിയോ വരുമാനമോ, വെറുതെ അനുമാനിക്കാനുള്ള വ്യവസ്ഥ നിയമാനുസൃതമല്ല; ഭരണഘടനാവിരുദ്ധവുമാണ്. അതിനാൽ മേൽ പറഞ്ഞ 'അനുമാനിക്കാനുള്ള ചട്ടങ്ങൾ റദ്ദാക്കപ്പെടുകയും പഞ്ചായത്ത് ചട്ടങ്ങൾ പോലുള്ള ചട്ടങ്ങൾ മുനിസിപ്പാലിറ്റിക്കും വിധേയമാക്കേണ്ടതുമാണ്.'

പരസ്യനികുതി

പത്രദൃശ്യ മാധ്യമങ്ങളിലൂടെയല്ലാതെയുള്ള പരസ്യങ്ങൾ സംബന്ധിച്ച് സംസ്ഥാനനിയമസഭയ്ക്ക് നിയമങ്ങൾ ഉണ്ടാക്കുവാൻ ഭാരത ഭരണ ഘടനയുടെ അനുഛേദം 246 ൽ 55-ാംപട്ടികയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത്തരം നികുതികൾ 'പരിധികൾക്ക്' വിധേയമായി പിരിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അനുവദിക്കണമെന്ന് 1992 -ലെ ഭേദഗതിയനുസരിച്ചുള്ള ഭരണഘടനാവ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്നു. ഇതനുസരിച്ച് 1994 -ലെ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 230 അനുസരിച്ച് മുനിസിപ്പാലിറ്റിക്കും, പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 അനുസരിച്ച് ഗ്രമാപഞ്ചായത്തിനും പരസ്യനികുതി പിരിക്കാൻ അധികാരം നൽകിയിരിക്കുന്നു. 20-1-2004 ലെ സ.ഉ(പി) 31/2004 /തസ്വഭവ പ്രകാരം മുനിസിപ്പാലിറ്റികൾക്ക് പരസ്യനികുതി പിരിക്കാവുന്ന ഏറ്റവും കുറഞ്ഞ നിരക്ക് നിശ്ചയിച്ചിരിക്കുന്നു. ഏറ്റവും കൂടിയ നിരക്ക് നിശ്ചയിച്ചിട്ടുമില്ല. ഇതിന്റെ ഫലമായി മുനിസിപ്പാലിറ്റികൾ തന്നിഷ്ടം അനുസരിച്ച് കൂടിയ നിരക്കുകളിൽ പരസ്യനികുതി നിശ്ചയിക്കുവാനും പിരിക്കാനും തുടങ്ങി. ധനകാര്യകമ്മിഷന്റെയും സർക്കാരിന്റെയും ഉദ്ദേശ്യം ഇതുതന്നെ ആയിരുന്നിരിക്കണം. ഏതായാലും ഭാരത ഭരണഘടനയുടെ അനുഛേദം 265 അനുസരിച്ച് നിരക്കുകൾ നിശ്ചയിക്കുന്നത് പരിധികൾക്ക് വിധേയമായിരിക്കണമെന്ന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. പരിധികൾ എന്നാൽ കുറഞ്ഞതും കൂടിയതുമായ പരിധികൾ എന്നുതന്നെയാണ് അർത്ഥം. അതിനാൽ പരസ്യനികുതിയുടെ കാര്യത്തിൽ പരിധികൾക്ക് വിധേയമായി ഒരു നിരക്ക് നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ മുനിസിപ്പാലിറ്റികൾ മാതൃകാബൈലാകൾ തയ്യാറാക്കേണ്ടതാണ്

വിനോദനികുതി

1961 –ൽ നിലവിൽവന്ന കേരളലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ടും, അതിൽ കീഴിൽ 1962 –ൽ നിലവിൽ വന്ന ചട്ടങ്ങളുമാണ് വിനോദനികുതിയെ സംബന്ധിക്കുന്ന വ്യവസ്ഥകൾ. 2000–ൽ നിലവിൽവന്ന നിയമഭേദഗതി അനുസരിച്ച് വിനോദനികുതിയുടെ കുറഞ്ഞ നിരക്ക് 24% എന്നും കൂടിയ നിരക്ക് പ്രവേശനത്തിനുള്ള വിലയുടെ 48% എന്നും നിശ്ചയിച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 48 % എന്ന തോതിൽ വിനോദനികുതി പിരിച്ചും വന്നിരുന്നു. എന്നാൽ 7.8.2004 –ലെ ഒരു സർക്കാർ ഉത്തരവനുസരിച്ച് വിനോദനികുതി സിറ്റി കോർപറേഷനുകളിൽ 25%, മുനിസിപ്പാറ്റികളിൽ 20% , ഗ്രമാപഞ്ചായത്തുകളിൽ 15%, എന്ന തോതിൽ നിജപ്പെടുത്തി. നിയമസഭ പാസ്സാക്കിയ നിയമത്തിലൂടെയല്ലാതെ നികുതി, സെസ്സ്, ഫീസ് എന്നിവ പിരിച്ച് കൂടാ എന്ന ഭരണ ഘടനാ വ്യവസ്ഥയുടെ ലംഘനമായിരുന്നു ഈ ഉത്തരവ്. ഈ നിരക്കുകൾ തന്നെയാണ് ഇന്നും പ്രാബല്യത്തിലുള്ളത്. ഇതേനിരക്കുകളോ പുതുക്കിയനിരക്കുകളോ ഒരു പുതിയ നിയമഭേദഗതിയിലൂടെ കൊണ്ടുവരുന്നകാര്യം സർക്കാറിന് പരിഗണിക്കാവുന്നതാണ്.

സെസ് ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമഭേദഗതികളും പുനർചിന്തനത്തിന് വിധേയമാക്കുന്നത് ഉചിതമായിരിക്കും. സർചാർജ്ജ് ഈടാക്കാനുള്ള ഉത്തരവുകളും നടപ്പാകാതെ ഇരിക്കുന്നു. വിനോദനികുതിയെപ്പറ്റിയുള്ള പരിഷ്ക്കാരങ്ങളെല്ലാം പുനർചിന്തനത്തിന് വിധേയമാക്കണം.

2005–ലെ വിനോദനികുതി (ഭേദഗതി) നിയമത്തിലൂടെ കൊണ്ടുവന്ന വകുപ്പ് 3 (B) ചിരിക്കാൻ വക ധാരാളംതരുന്നതാണ്. അമ്യൂസ്മെന്റ് പാർക്കുകൾ എന്ന ഇനങ്ങളെ നികുതി വലയ്ക്കുള്ളിൽ കൊണ്ടുവരിക എന്ന സദുദ്ദേശത്തെടെയാണെങ്കിലും യുക്തിക്കോ സാമാന്യബുദ്ധിക്കോ നിരക്കാത്ത നികുതി പരിഷ്ക്കാരം ആയിപ്പോയി ഈ പുതിയ വ്യവസ്ഥകൾ. ഏതൊരു വിനോദനികുതിയും പ്രവേശ നത്തിനു നൽകുന്ന വിലയുടെയും (ടിക്കറ്റിന്റെ) എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് പൊതുതത്വം. എന്നാൽ വകുപ്പ് 3B എഴുതിഉണ്ടാക്കിയ ബുദ്ധിജീവികൾ എത്ര ക്ലിഷ്ഠമായ നടപടി ക്രമങ്ങളാണ് എഴുതിപ്പിടിപ്പിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. കോടികണക്കിന് മുതൽ മുടക്കുള്ള പാർക്കിന്റെ മുതൽ മുടക്കും വിസ്തീർണ്ണവുമുള്ള പാർക്കുകളുടെ മൂല്യം ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പ് അദ്ധ്യക്ഷൻമാരും ഉൾപ്പെട്ട കമ്മിറ്റി തിട്ടപ്പെടുത്തണമത്രേ! പാർക്കുകളെ തരംതിരിക്കാൻ. എന്നിട്ട് വാർഷികഫീസ് തിട്ടപ്പെടുത്തണം അവസാനം ചെന്നുനിൽക്കുന്നത് ഒരു 10% ത്തിൽ പാർക്ക് സന്ദർശിക്കുന്നവർ കൊടുക്കുന്ന ടിക്കറ്റിന്റെ വിലയുടെ ഒരു നിശ്ചിതശതമാനം വിനോദനികുതിയായിതിട്ടപ്പെടുത്തേണ്ട കാര്യമേ ഇതിലുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നിയമം മൂലം ഇതിനധികാരപ്പെടുത്തിയാൽ മതിയാകും.

1992 –ലെ ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്ത് /മുനിസിപ്പാലിറ്റികൾക്ക് അധികാരവികേന്ദ്രീകരണം വഴി

1992 –ലെ ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്ത് / മുനിസിപ്പാലിറ്റികൾക്ക് അധികാരവികേന്ദ്രീകരണം വഴി അധികാരക്കൈമാറ്റം സാധിതപ്രായം ആക്കുകയും, കേരളത്തിൽ ജനകീയാസൂത്രണം പരീക്ഷിക്കപ്പെടുകയും ചെയ്തകാലഘട്ടത്തിലാണ് അധികാരവികേന്ദ്രീകരണം സംസ്ഥാനനിയമങ്ങളിലൂടെ നടപ്പാക്കുന്ന കാര്യം പരിഗണിക്കാൻ സെൻ കമ്മിറ്റി രൂപീകൃതമായത്.

അധികാരക്കൈമാറ്റം സാധിതപ്രായം ആക്കുകയും, കേരളത്തിൽ ജനകീയാസൂത്രണം പരീക്ഷിക്കപ്പെടുകയും ചെയ്തകാലഘട്ടത്തിലാണ് അധികാരവികേന്ദ്രീകരണം സംസ്ഥാനനിയമങ്ങളിലൂടെ നടപ്പാക്കുന്ന കാര്യം പരിഗണിക്കാൻ സെൻ കമ്മിറ്റി രൂപീകൃതമായത്. തുടർന്ന് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കേരള പഞ്ചായത്ത്/മുൻസിപ്പാലിറ്റി ആക്ടുകളിൽ വ്യാപകമായ ഭേദഗതികൾ 1999– ൽ വരുത്തി. എന്നിട്ടും അധികാരവികേന്ദ്രീകരണം വേണ്ടവിധം സ്ഥാപനവൽക്കരിക്കപ്പെട്ടിട്ടില്ല എന്നുകണ്ടാണ് 2012 –ൽ ലോക്കൽ ഗവൺമെന്റ് കമ്മീഷന് സർക്കാർ രൂപം നൽകിയത്. ഈ കമ്മിഷൻ സംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൽ പ്രഥമവും പ്രധാനവുമായ പരിഗണനാവിഷയമായി പറഞ്ഞിരിക്കുന്നത് മുനി:/പഞ്ചായത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെ പരിഷ്ക്കരണമാണ്. ഇതിനായി കമ്മിഷൻ നിർദ്ദേശങ്ങൾ വയ്ക്കുമ്പോൾ ചട്ടങ്ങൾ മാറ്റുവാനുള്ള നിർദ്ദേശങ്ങളും പരിഗണിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാം.

നിയമങ്ങളും ചട്ടങ്ങളും അവസരത്തിനൊത്ത് മാറ്റപ്പെടണം. ■

വാൽക്കഷണം

മണ്ടൻ – ബസ്ടിക്കറ്റിന്റെ വില സഞ്ചരിക്കുന്ന ദൂരമനുസരിച്ചല്ലേ – അണ്ണാ –?
ബുദ്ധിജീവി – ഹേയ് അല്ല – ബസിന്റെ മൂല്യമനുസരിച്ച് – മണ്ടാ–
മണ്ടൻ – അപ്പോ – ഡബിൾ ഡക്കറിന് ഇരട്ടി ചാർജ് – അല്ലേ–
ജനം – ആരാണ് മണ്ടൻ

(ലേഖകൻ സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ടുമെന്റിൽ നിന്നും അഡിഷണൽ സെക്രട്ടറിയായി വിരമിച്ചയാളാണ്.)



എസ്. ലളിതാംബിക, ഐ.എ.എസ്സ്
പഞ്ചായത്തു ഡയറക്ടർ

ആഡിറ്റ് റിപ്പോർട്ടുകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തുകളിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ വാർഷിക ആഡിറ്റും അതിനുപുറമെ സംസ്ഥാന ധനകാര്യ വകുപ്പിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും സ്റ്റോർപർച്ചേഴ്സ് വകുപ്പിന്റെയും പരിശോധനകളും നടന്നു വരുന്നു. എന്നാൽ ആഡിറ്റ് റിപ്പോർട്ടുകളിൽ ഉന്നയിക്കപ്പെടുന്ന തടസ്സങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ മിക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും ഉദ്യോഗസ്ഥരും യഥാസമയം നടപടി സ്വീകരിക്കുന്നില്ല. തന്മൂലം പരിഹരിക്കാത്ത ആഡിറ്റ് ഒബ്ജക്ഷനുകളുടെ എണ്ണം വർഷം തോറും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആഡിറ്റ് തടസ്സങ്ങൾ യഥാസമയം പരിഹരിക്കാതിരിക്കുന്നത് കൂടുതൽ ക്രമക്കേടുകൾക്ക് പ്രചോദനമാകുന്നതാണ്. മാത്രമല്ല തടസ്സങ്ങൾക്ക് ഉത്തരവാദിയായ ജീവനക്കാർ റിട്ടയർ ചെയ്ത് കഴിയുമ്പോൾ ആഡിറ്റ് തടസ്സം നിലനിൽക്കേ യഥാസമയം അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കഴിയാതെ വരുന്നതും തുടർന്ന് കോടതികളിൽ നിന്നുള്ള ഇടപെടലുണ്ടാകുമ്പോൾ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പിലിശ സഹിതം നല്കേണ്ടി വരുകയും ചെയ്യുന്ന സാഹചര്യവും നിലനിൽക്കുന്നു. ഇത് തീർത്തും ഒഴിവാക്കേണ്ടതാണ്.

♦ ആഡിറ്റ് റിപ്പോർട്ടുകളിൽ ഉന്നയിച്ചുള്ള തടസ്സങ്ങൾക്കുള്ള പരിഹാര നടപടികൾ സമയബന്ധിതമായും കാര്യക്ഷമമായും സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർ താഴെ പറയുന്ന കാര്യങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

♦ ഗ്രാമപഞ്ചായത്തുകളിലെ ആഡിറ്റ്/പരിശോധനാ റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി തയ്യാറാക്കുന്നതിനും ആഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള പൂർണ്ണമായ ചുമതലയും ഉത്തരവാദിത്ത്വവും ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്കിനായിരിക്കും. (ഇക്കാര്യം 18.9.1981 ലെ ജി.ഒ (എം.എസ്) 231/80 LA & SWD സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

♦ ആഡിറ്റ് പരിശോധന സംബന്ധിച്ചുള്ള അറിയിപ്പുകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭിച്ചാൽ സെക്രട്ടറിയുമായി കൂടിയാലോചിച്ച് പരിശോധനയ്ക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തലും ബന്ധപ്പെട്ട ഉദ്യാഗസ്ഥരെ വിവരം അറിയിക്കലും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്കിന്റെ ചുമതലയായിരിക്കും.

♦ ഗ്രാമപഞ്ചായത്തുകളിൽ പണമിടപാടുകൾ സംബന്ധിച്ചുള്ള കണക്കിന്റെ സൂക്ഷിപ്പുകാരനും അതുമായി ബന്ധപ്പെട്ട ഫയലുകളുടെയും വൗച്ചറുകളുടെയും കസ്റ്റോഡിയൻ എന്ന നിലയിൽ ആഡിറ്റ് റിപ്പോർട്ടുകളിൽ ഉന്നയിച്ചിട്ടുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള വിവരങ്ങൾ അതിനുത്തരവാദികളായവരിൽ നിന്ന് ലഭ്യമാക്കി സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പാക്കി ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്കിന് നൽകേണ്ട ചുമതല അക്കൗണ്ടന്റിനായിരിക്കും.

♦ അക്കൗണ്ടന്റിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി രേഖകളുമായി ഒത്തുനോക്കി ആഡിറ്റ് തടസ്സങ്ങൾക്കുള്ള മറുപടി തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ട ചുമതല ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്കിനായിരിക്കും.

♦ ജൂനിയർ സൂപ്രണ്ട് തയ്യാറാക്കി നല്കുന്ന മറുപടി സൂക്ഷ്മമായി പരിശോധിച്ച ശേഷം ബന്ധപ്പെട്ട അധികാരികൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണ്.

♦ ആഡിറ്റ്/പരിശോധനാ റിപ്പോർട്ടുകളിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിനു വേണ്ടി ആവശ്യമെങ്കിൽ അക്കൗണ്ടന്റിനെ കൂടാതെ ഒരു സീനിയർ ക്ലാർക്കിന് കൂടി ഓഫീസ് ഉത്തരവ് മുഖേന ചുമതല നല്കാവുന്നതാണ്.

♦ നാളിതു വരെയുള്ള മുഴുവൻ ആഡിറ്റ് റിപ്പോർട്ടുകൾക്കും മറുപടി നൽകുന്നതിന് വേണ്ടി എല്ലാ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർമാരും യൂണിറ്റുതലത്തിൽ ഒരു യോഗം വിളിച്ചു ചേർത്ത് ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതാണ്. ആദ്യ ഘട്ടമെന്ന നിലയിൽ 1994–95 വരെയുള്ള മുഴുവൻ ആഡിറ്റ് പരാമർശങ്ങൾക്കും മറുപടി തയ്യാറാക്കണം.

♦ ഇപ്രകാരം ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ മറുപടി കുറ്റമറ്റതാക്കുന്നതിനായി പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് തലത്തിൽ ഒരു വർക്ക്ഷോപ്പ് നടത്തേണ്ടതാണ്. ആഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ (ഉദാ: യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ, പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ എന്നിവ) പഞ്ചായത്ത് സെക്രട്ടറിമാർ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

♦ ഇപ്രകാരം വർക്ക്ഷോപ്പിൽ തയ്യാറാക്കുന്ന മറുപടി യഥാസമയം ആഡിറ്റ് വിഭാഗത്തിന് അയച്ചു കൊടുത്തിട്ടുണ്ടെന്ന് പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

♦ അസിസ്റ്റന്റ് ഡയറക്ടർമാർ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ പഞ്ചായത്തു സെക്രട്ടറിമാർ എന്നിവർ പ്രത്യേകം ശ്രദ്ധ ചെലുത്തി ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്.

♦ ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ച് 2013–ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ അതത് തലങ്ങിലെ ഉദ്യോഗസ്ഥർ സമയബന്ധിതമായി നടപടികൾ കൈകൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്. ■

നാം അറിയേണ്ട ലോകം



ഇനി മുലപ്പാലിനും ബാങ്ക്

വിവിധ കാരണങ്ങളാൽ മുലപ്പാൽ ലഭിക്കാതെ വരുന്ന കുട്ടികൾക്കായി ബീഹാറിൽ 'മുലപ്പാൽ ബാങ്ക്' തുടങ്ങാൻ തീരുമാനിച്ചതായി ആരോഗ്യ വകുപ്പ് സെക്രട്ടറി വ്യാസ്ജി അറിയിച്ചു. മുലയൂട്ടൽ പ്രോത്സാഹനവാരാചരണ പരിപാടി പ്രഖ്യാപിക്കാൻ നടത്തിയ പത്ര സമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്.

വിവിധ രോഗങ്ങൾക്കായി ഗർഭകാലത്തു മരുന്നു കഴിക്കുന്ന അമ്മമാരിൽ മുലപ്പാൽ ലഭ്യമല്ലാതെ വരുന്നത് സാധാരണമാണ്. കൂടാതെ എച്ച്.ഐ.വി ബാധിതരായ അമ്മമാർക്ക് കുട്ടികളെ മുലയൂട്ടാൻ കഴിയുകയുമില്ല. ഇങ്ങനെയുള്ള കുഞ്ഞുങ്ങൾക്കു വേണ്ടിയാണ് മുലപ്പാൽ ബാങ്ക് ആരംഭിച്ചിരിക്കുന്നത്. മുലപ്പാലുള്ള അമ്മമാരിൽ നിന്നും അത്യാധുനികവും അണുവിമുക്തവുമായ പമ്പുപയോഗിച്ച് ശേഖരിക്കുന്ന പാൽ ബാങ്കിൽ സൂക്ഷിച്ച് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വഴി ശിശുക്കൾക്ക് എത്തിച്ചുകൊടുക്കുകയാണ് പദ്ധതി. 2017 ൽ ബാങ്കിന്റെ പ്രവർത്തനം തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

●●●

സംസാരിക്കുന്ന റോബോട്ട്

ടോക്യോ യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞൻ 'ടൊമോകാട ത്ക്ഹാഷി' അദ്ദേഹത്തിന്റെ ഉപദേശകരായ ദെൻസ്ടു, ക്രമാകർ ടയോട്ട എന്നിവർ ചേർന്നാണ് സംസാരശേഷിയുള്ള 34 സെന്റീമീറ്റർ മാത്രം പൊക്കമുള്ള 'കിറോബോ' എന്ന് പേര് നൽകിയ കുഞ്ഞൻ റോബോട്ട് നിർമ്മിച്ചത്. ബഹിരാകാശ ചരിത്രത്തിൽ നാഴികക്കല്ലായി മാറിയ ലോകത്തെ ആദ്യത്തെ സംസാരിക്കുന്ന യന്ത്ര മനുഷ്യൻ പടിഞ്ഞാറൻ ജപ്പാനിലെ ടാൻജാൻഷിമയിലെ ബഹിരാകാശ നിലയത്തിൽ നിന്നും ബഹിരാകാശ യാത്രികനായ കൊയ്ച്ചി വാകടയോടൊപ്പം യാത്ര തിരിച്ചു. വിക്ഷേപണം വിജയകരമായിരുന്നു എന്നും നവംബറിൽ ഇരുവരും ലക്ഷ്യസ്ഥാനത്ത് എത്തുമെന്നും ജപ്പാൻ എയ്റോസ്പേസ് ഏജൻസി ജക്സ അറിയിച്ചു. ബഹിരാകാശ നിലയത്തിലെത്തിയ ശേഷം 'കിറോബോ' ഭൂമിയിലുള്ള മറ്റൊരു സംസാരിക്കുന്ന റോബോട്ടുമായി ആശയവിനിമയം നടത്തും. ഇതിലൂടെ ശാസ്ത്രപര്യവേഷണ രംഗത്ത് വഴിത്തിരിവായേക്കാവുന്ന കണ്ടെത്തലുകൾക്ക് തുടക്കം കുറിക്കാനാണ് ജപ്പാൻ ഒരുങ്ങുന്നത്.

●●●

മുഖം കാണിക്കൂ – ക്രെഡിറ്റ് കാർഡ് ഇടപാടുകൾ നടത്തൂ.

ക്രെഡിറ്റ് കാർഡുകൾ വഴിയുള്ള ഇടപാടുകൾക്ക് ഇനി മുതൽ കാർഡ് ഉരക്കേണ്ടതില്ല. സ്വന്തം മുഖം ഒന്നുകാണിച്ചാൽ മതി. ഈ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തത് യുനീക്കൽ എന്ന ഫിൻലൻഡ് കമ്പനിയാണ്. അടുത്തമാസം മുതൽ ഈ സാങ്കേതിക വിദ്യ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ് കമ്പനി. പക്ഷെ ഇരട്ടകളായ ഒരേ രൂപസാദൃശ്യമുള്ള വ്യക്തികളുടെ മുഖഭാവങ്ങൾ എങ്ങനെ വേർതിരിച്ച് അവതരിപ്പിക്കുമെന്നതാണ് കമ്പനി നേരിടുന്ന പ്രധാന വെല്ലുവിളി. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാവുമെന്ന് കമ്പനി പറയുന്നു. ഇടപാടുകൾ സുരക്ഷിതവും സുതാര്യവും ആയി നടത്താൻ സാധിക്കുമെന്നും കമ്പനി ഉറപ്പുനൽകുന്നു.

●●●

പറക്കും സൈക്കിൾ

പറക്കുന്ന സൈക്കിൾ നിർമ്മിച്ചെന്ന അവകാശവാദവുമായി രണ്ട് ബ്രിട്ടീഷ്കാർ രംഗത്ത്. ജോൺ ഫോഡർ, യാനിക് റെഡ് എന്നിവരാണ് ആകാശത്ത് പറക്കുന്ന സൈക്കിൾ നിർമ്മിച്ചതായി അവകാശപ്പെട്ടത്. തുറസ്സായ ഏതുസ്ഥലത്തുനിന്നും സൈക്കിളിനു പറന്നുയരാം. പിറകുവശത്തു ഘടിപ്പിച്ചിരിക്കുന്ന ഫാനിന്റെ സഹായത്തോടെയാണ് സൈക്കിളിനു പറക്കാൻ കഴിയുന്നത്. 4000 അടി ഉയരത്തിൽ പറക്കാൻ കഴിയുമെന്നാണ് നിർമ്മാതാക്കൾ അവകാശപ്പെടുന്നത്.

●●●

പ:ന്യൂസ് സർവ്വീസ്

ഉദയഭാനു കണ്ടേത്ത്


പഞ്ചായത്ത് അക്കൗണ്ട്

തൊഴിലുറപ്പ് പദ്ധതി, ഇ എഫ് എം എസ്, സാംഖ്യ

1. ചോദ്യം : മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി (MGNREGA) യുടെ വേതനം സംസ്ഥാനത്തെ ഒരൊറ്റ സെൻട്രൽപൂൾ അക്കൗണ്ടിൽ നിന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ വന്നിരിക്കുകയാണല്ലോ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റേയും സെക്രട്ടറിയുടെയും ഡിജിറ്റൽ സിഗ്നേച്ചർ സഹിതമുള്ള ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO) മുഖേനയാണ് ഓരോ ഗുണഭോക്താവിന്റെയും അക്കൗണ്ടിലേക്ക് / തുക ക്രെഡിറ്റ് ചെയ്യുന്നത്. ഇതു സംബന്ധിച്ചവരവും ചെലവും സാംഖ്യാവഴി ഗ്രാമപഞ്ചായത്തിന്റെ പ്രതിമാസ/ പ്രതി വർഷ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നതെങ്ങനെ?



ഉത്തരം : ലഘുവായ ചില ചോദ്യങ്ങൾ സ്വയം ഉന്നയിക്കുകയും ഏവർക്കും സുപരിചിതമായ ഉത്തരങ്ങൾ അവയ്ക്ക് സ്വയം നൽകുകയും ചെയ്യുന്നതു വഴി മേൽപറഞ്ഞ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ കഴിയും. 1. മഹാത്മാ ഗാന്ധി തൊഴിലുറപ്പുപദ്ധതിക്കുവേണ്ടി ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഇ.എഫ്. എം.എസ്. സംബന്ധമായി എത്ര രൂപയാണ് വന്നു ചേർന്നിട്ടുള്ളത്?



(ഉത്തരം: ഒന്നും വന്നിട്ടില്ല) 2. പ്രസ്തുത അക്കൗണ്ടിൽ നിന്ന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇ. എഫ്. എം.എസ് വഴി എത്രരൂപയാണ് നൽകിയിട്ടുള്ളത്.? (ഉത്തരം: ഒന്നും നൽകിയിട്ടില്ല) 3. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഒരു തുകയും ഇ.എഫ്.എം.എസ്സിനുവേണ്ടി ലഭിച്ചിട്ടില്ല, ഇ.എഫ്.എം.എസ്സിനുവേണ്ടി പ്രസ്തുത അക്കൗണ്ടിൽ നിന്ന് ഒരു തുകയും നല്കിയിട്ടുമില്ല. ഇ.എഫ്.എം.എസ് സംബന്ധമായി ഒരു തുകയും കാഷ് ആയി ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല. ഒരു തുകയും കാഷ് ആയി നൽകിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ട് വഴിയോ കാഷ് ആയോ ഒരിടപാടും നടക്കാതിരിക്കേ, ഇ.എഫ്.എം. എസ് സംബന്ധിച്ച് എന്തെങ്കിലും വരവു ചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതുണ്ടോ? (ഉത്തരം: ഇ.എഫ്. എം. എസ്. സംബന്ധമായി സാംഖ്യയിൽ ഒന്നും തന്നെ രേഖപ്പെടുത്തേണ്ടതില്ല).

2. ചോദ്യം : മേൽപറഞ്ഞ ഉത്തരം ഒരു പുതിയ ചോദ്യം ഉന്നയിക്കാൻ പലരേയും പ്രേരിപ്പിക്കുന്നു. ബി-ഫണ്ട് സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് നൽകുകയും അവർ ട്രഷറിയിൽ നിന്നു പണം പിൻവലിച്ച് ചെലവു ചെയ്യുകയുമാണല്ലോ. ഇതുസംബന്ധിച്ച് ഒരു തുകയും പഞ്ചായത്തിന്റെ ബാങ്ക് / ട്രഷറി അക്കൗണ്ടിലേക്ക് ലഭിക്കുകയോ ആ അക്കൗണ്ടിൽ നിന്നു പിൻവലിച്ച് ചെലവുചെയ്യുകയോ ചെയ്യുന്നില്ല. കാഷ് ആയി പഞ്ചായത്തിൽ ഒന്നും ലഭിക്കുന്നില്ല ; പഞ്ചായത്ത് കാഷ് ആയി ഒന്നും നൽകുന്നുമില്ല. എന്നിട്ടും ഇത്തരം ബി- ഫണ്ട് ഇടപാടുസംബന്ധിച്ച വരവു ചെലവുകൾ

നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റേറ്റ്മെന്റ് വഴി രേഖപ്പെടുത്തുന്നുണ്ടല്ലോ? ഈ നടപടിയുമായി മേൽപറഞ്ഞ ഉത്തരം പൊരുത്തപ്പെടുന്നതെങ്ങനെ?

ഉത്തരം: ഇ.എഫ്. എം. എസ് സംബന്ധിച്ച സെൻട്രൽ പൂൾ ബാങ്ക് അക്കൗണ്ടിലെ പണമിടപാടുകളും ബി -ഫണ്ട് സംബന്ധിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ പണമിടപാടുകളും പാടേ വ്യത്യസ്തമാണ്. പഞ്ചായത്ത് ഫണ്ടുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥർ നടത്തുന്ന പണമിടപാടുകളും കൂടി ഉൾപ്പെട്ടതാണ് പഞ്ചായത്ത് അക്കൗണ്ട്. പഞ്ചായത്തിനുവേണ്ടി ട്രഷറിയിൽ നിന്നുപണം പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിക്കുന്നുമുണ്ട്. ഇക്കാരണങ്ങളാലാണ് നിർവഹണ ഉദ്യോഗസ്ഥരുടെ ബി-ഫണ്ട് സംബന്ധിച്ച പണമിടപാടുകൾ സാംഖ്യയിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ ഇ.എഫ്. എം. എസ് സംബന്ധിച്ച് പണമിടപാടുകൾ സെൻട്രൽപൂൾ ബാങ്ക് അക്കൗണ്ടിൽ നിന്നാണ് നടത്തുന്നത്. ഈ അക്കൗണ്ടിന്റെ മേൽ ഗ്രാമപഞ്ചായത്തിനുനിയന്ത്രണമില്ല.

3. ചോദ്യം : തൊഴിലുറപ്പു പദ്ധതിസംബന്ധിച്ച എല്ലാ ഇടപാടുകളും ഓഡിറ്റിനു വിധേയമാക്കേണ്ടതല്ലേ? ഇവ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ വൗച്ചറുകളും മറ്റു രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് എങ്ങനെ സമർപ്പിക്കാൻ കഴിയും?

ഉത്തരം: NREGAS oft എന്ന സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള ഇടപാടുകൾ NREGAS oft എന്ന സോഫ്റ്റ് വെയർ വഴിയാണ് രേഖപ്പെടുത്തുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ തൊഴിലുറപ്പു പദ്ധതിക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുകയും അതിലേക്കും അതിൽ നിന്നും പണമിടപാടുകൾ ഗ്രാമപഞ്ചായത്ത് നടത്തുകയും ചെയ്താൽ അത് സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ആ പ്രത്യേക അക്കൗണ്ട് ഇപ്പോഴും ക്ലോസ് ചെയ്തിട്ടില്ല. സഹകരണ ബാങ്കിൽ അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്കായുള്ള ഇടപാടുകൾ, മറ്റു ചില നിശ്ചിത ഇടപാടുകൾ എന്നിവ പ്രസ്തുത അക്കൗണ്ടിൽ നിന്നു നിർവഹിച്ചാൽ ആ വിവരങ്ങൾ സാംഖ്യയിൽ രേഖപ്പെടുത്തണം. ഇ.എഫ്. എം. എസ് സംബന്ധിച്ച വിവരങ്ങൾ സമ്പൂർണ്ണമായി NREGAS oft എന്ന ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുകയും അവ ലോക്കൽ ഫണ്ട് ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യുക. ഇ.എഫ്. എം. എസ് സംബന്ധിച്ച ഒന്നും തന്നെ സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഭാഗമാകുന്നില്ല.



4. ചോദ്യം: ഇ.എഫ്. എം. എസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എവിടെ നിന്നു ലഭിക്കും?

ഉത്തരം : mgnrega.nic.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. മഹാത്മാഗാന്ധിതൊഴിലുറപ്പു പദ്ധതിയുടെ സമ്പൂർണ്ണവിവരങ്ങൾ ഈ വെബ് സൈറ്റിൽ നിന്നു ലഭിക്കും. ഭാരതസർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയത്തിനു വേണ്ടി എൻ. ഐ.സി (NIC)യാണ് പ്രസ്തുത വെബ്സൈറ്റ് പരിപാലിക്കുന്നത്. Direct Benefit Transfer system (DBTS) Electronic Fund Managment system (eFMS) എന്നീ പേരുകളിലാണ് ഗുണഭോക്താവിന് നേരിട്ട് ആനുകൂല്യം നൽകുന്നപദ്ധതി അറിയപ്പെടുന്നത്. DBT Manual, efms manual എന്നിവ ഈ വെബ് സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്തെടുക്കാൻ കഴിയും. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് പണമെത്തിക്കുന്ന രീതിയുടെ സമ്പൂർണ്ണ വിവരങ്ങൾ പ്രസ്തുതമാന്വലുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ■





ഇന്ത്യയിൽ എവിടെയും മാന്യമായി ജോലി ചെയ്ത് ജീവിക്കുവാനുള്ള ഭരണഘടനാവകാശം രാജ്യത്തിലെ സ്ത്രീകൾക്ക് ഈ നിയമം വഴി എളുപ്പമാകുന്നു.

ജോലി സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമം തടയൽ, നിയമം 2013

ടി. ഷാഹുൽ ഹമീദ്

ജോലി സ്ഥലങ്ങളിൽ സ്ത്രീകൾ ഇഷ്ടപ്പെടാത്ത സ്വാഭാവങ്ങളും, ചേഷ്ടകൾ, ശാരീരിക സ്പർശനം, ലൈംഗീകാവശ്യത്തിന് ആവശ്യപ്പെടൽ, ലൈംഗീക ചുവയുള്ള സംസാരങ്ങൾ, പ്രവൃത്തികൾ, ആംഗ്യങ്ങൾ, ലൈംഗിക കാര്യങ്ങൾ വിവരിക്കുന്ന പുസ്തകങ്ങൾ ഫോട്ടോ, പ്രസിദ്ധീകരണങ്ങൾ എന്നിവ കാണിക്കൽ എന്നീ പ്രവർത്തനങ്ങൾ ലൈംഗീകാതിക്രമമായി ഈ നിയമം നിർവ്വചിക്കുന്നു.

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്ക് പ്രകാരം ഇന്ത്യയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 29% മാണ്. ലോകത്ത് ഏറ്റവും കുറവ് സ്ത്രീ തൊഴിലാളികൾ ഉള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ജോലി ചെയ്യുന്ന സ്ത്രീകൾക്ക് തന്നെ അനേകം പ്രശ്നങ്ങൾ നേരിടുന്നു, സുരക്ഷിതത്വം അവരുടെ സ്വപ്നമായി മാറുന്നു. നാൾക്കുനാൾ വിവിധതരത്തിലുള്ള പീഢനങ്ങളിൽ നിന്ന് ഇന്ത്യയിലെ തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് മോചനം ഉണ്ടാക്കി കൊടുക്കുവാൻ ഉതകുന്ന ഒരു നിയമമാണ്, ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കിയ ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമം (തടയൽ, നിരോധനം, പരിഹാരം) 2013 നിയമം. 2012 സെപ്തംബറിൽ ലോകസഭയും ഫെബ്രുവരി 2013 രാജ്യസഭയും പാസ്സാക്കിയ നിയമത്തിന് രാഷ്ട്രപതി 2013 ഏപ്രിൽ 23 ന് അംഗീകാരം നൽകിയതോടെ നിയമമായി തീർന്നു.

നിയമത്തിന് മുമ്പിൽ രാജ്യത്തിലെ എല്ലാ പൗരന്മാരും സമൻമാരാണ്. നിയമത്തിന്റെ തുല്യപരിരക്ഷ ലഭിക്കാനുള്ള അവകാശം എല്ലാവർക്കുമുള്ളതാണ്. ജാതി, മതം, വർഗ്ഗം, ലിംഗം എന്നിവയിൽ വിവേചനം കാണിക്കാൻ പാടില്ല. ജീവനും വ്യക്തിസ്വാതന്ത്ര്യവും ഹനിക്കാൻ പാടില്ല എന്നീ ഭരണഘടനയുടെ മൂലതത്വം അനുസരിച്ചാണ് ഈ നിയമം പാസാക്കിയിട്ടുള്ളത്. രാജ്യത്തിലെ എല്ലാ സ്ഥലങ്ങളിലും ജോലി ചെയ്യുന്ന അനേകലക്ഷം സ്ത്രീകൾക്ക് കരുത്ത് പകരുന്നതും, അവരുടെ തൊഴിലിടങ്ങളിലെ സകലമാന ബുദ്ധി മുട്ടുകൾക്കും പരിഹാരം നിർദ്ദേശിക്കുന്ന ഒരു സമഗ്രമായ നിയമമാണ് ഇത്. തൊഴിലിടങ്ങളിൽ നിർഭയത്തോടെ ജോലി ചെയ്യുവാൻ ഈ നിയമം രാജ്യത്തിലെ സ്ത്രീകളെ പ്രചോദിതരാക്കുന്നു. സ്ത്രീകളെ കൂടുതൽ തൊഴിൽ രംഗത്തേക്ക് കൊണ്ട് വരുവാൻ ഈ നിയമം നിമിത്തമാകും. ഇന്ത്യയിൽ എവിടെയും മാന്യമായി ജോലി ചെയ്ത് ജീവിക്കുവാനുള്ള ഭരണഘടനാവകാശം രാജ്യത്തിലെ സ്ത്രീകൾക്ക് ഈ നിയമം വഴി എളുപ്പമാകുന്നു. തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകളെ ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടിച്ചാൽ അത് അവരുടെ വ്യക്തിപരമായ പ്രശ്നത്തിനപ്പുറം മൗലീകാവകാശ ലംഘനമായി ഈ നിയമം കാണുന്നു. ജോലിസ്ഥലങ്ങളിൽ സ്ത്രീ പുരുഷ അസമത്വം ഉണ്ടാക്കാൻ പാടില്ല എന്ന് ഈ നിയമം പ്രഘോഷണം ചെയ്യുന്നു. സ്ത്രീകളെ സാമ്പത്തിക ശാക്തീകരണം നടത്തിയാൽ മാത്രമേ മുഖ്യാധാരയിൽ അവരെ എത്തിക്കാൻ കഴിയൂ എന്ന ഭരണാധികാരികളുടെ

തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകളെ ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടിച്ചാൽ അത് അവരുടെ വ്യക്തിപര മായ പ്രശ്നത്തിനപ്പുറം മൗലീ കാവകാശ ലംഘനമായി ഈ നിയമം കാണുന്നു.



ദീർഘവീക്ഷണം ഈ നിയമത്തിന്റെ ഉൾക്കാമ്പാണ്. 1997 ൽ വിശാഖ് VS രാജസ്ഥാൻ എന്ന സുപ്രധാന കേസിൽ ബഹു:സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഏതെങ്കിലും രീതിയിൽ തൊഴിൽ സ്ഥലങ്ങളിൽ പീഡനം ഏറ്റ് വാങ്ങിയാൽ സ്വയം സഹിക്കുന്ന ദുരവസ്ഥയ്ക്ക് ശാശ്വത പരിഹാരമായി, ഈ നിയമവും തൊഴിൽ ദാതാവും, ഭരണകൂടവും പൊതുസമൂഹവും ഉണ്ടാകുമെന്ന് സ്ത്രീകൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്.

ഇന്ത്യയിലെ എല്ലാ സ്ഥലത്തും ബാധകമായ നിയമം രാജ്യത്തിലെ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന സംഘടിത മേഖല, അസംഘടിത മേഖല, വീട്ട് ജോലി അടക്കമുള്ള എല്ലാ തൊഴിൽസ്ഥലത്തു മുള്ള സ്ത്രീ തൊഴിലാളികൾക്ക് എതിരെയുള്ള ലൈംഗീകാതിക്രമം തടയുവാൻ പ്രതിജ്ഞാബന്ധമാണ്. ഏത് തരത്തിലുള്ള ജോലി സ്വഭാവമായാലും, താൽക്കാലികം, സ്ഥിരം, ദിനവേതനം ഏജന്റ്/കോട്രാക്ടർ മുഖേന ജോലിചെയ്യുന്നവർ ശമ്പളം, കൂലി വാങ്ങുന്നവർ, സന്നദ്ധ സേവനം എന്നിങ്ങനെയുള്ള ജോലി ചെയ്യുന്നവരുടെ പ്രശ്നം ഈ നിയമം പരിശോധിക്കുന്നു. തൊഴിൽ ദാതാവ് എന്ന നിർവ്വചനത്തിൽ





ഗവൺമെന്റ് വകുപ്പുകൾ, സംഘടന കൾ, മറ്റ് സർക്കാർ അർദ്ധസർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ സ്ത്രീകൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും ഈ നിയമ ത്തിന്റെ പരിധിയിൽ വരും. കൂടാതെ ജോലിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ, യാത്രാ സംവിധാനങ്ങൾ എന്നിവയും ജോലിസ്ഥലമായി കണക്കാക്കും.

ജോലി സ്ഥലങ്ങളിൽ സ്ത്രീകൾ ഇഷ്ടപ്പെടാത്ത സ്വാഭാവങ്ങളും, ചേഷ്ട കൾ, ശാരീരിക സ്പർശനം, ലൈംഗീ കാവശ്യത്തിന് ആവശ്യപ്പെടൽ, ലൈംഗീകചുവയുള്ള സംസാരങ്ങൾ, പ്രവൃത്തികൾ, ആംഗ്യങ്ങൾ, ലൈംഗിക കാര്യങ്ങൾ വിവരിക്കുന്ന പുസ്തകങ്ങൾ ഫോട്ടോ, പ്രസിദ്ധീകരണങ്ങൾ എന്നിവ കാണിക്കൽ എന്നീ പ്രവർത്തനങ്ങൾ ലൈംഗീകാതിക്രമമായി ഈ നിയമം നിർവ്വചിക്കുന്നു. ജോലിയിൽ പ്രത്യേക പരിഗണന നൽകുമെന്ന് പറഞ്ഞും, ചില അനുകൂല നിലപാട് ഉണ്ടാകുമെന്ന് പറഞ്ഞും ചില തൽപ്പര മാർഗ്ഗങ്ങൾ സ്വീകരിച്ച് സ്ത്രീകളെ വറുതിയിലാക്കു വാൻ ശ്രമിച്ചാലും സ്ത്രീകളുടെ സുര ക്ഷിതത്വത്തിന് എതിരെ ഏതെങ്കിലും പ്രവൃത്തി ചെയ്താലും ഈ നിയമം സ്ത്രീകളുടെ രക്ഷക്കെത്തുന്നു. സക ലമാന ചൂഷണങ്ങളിൽ നിന്നും പീഢ നങ്ങളിൽ നിന്നും മോചിതരായി ആത്മാ ഭിമാനത്തോടെ ജോലിചെയ്യുവാൻ ഈ നിയമം സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നു.

സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ



കളവായി ദുരുദ്ദേശത്തോടെ പരാതി നൽകുന്ന സ്ത്രീകളെ ശിക്ഷിക്കാൻ വകുപ്പുള്ളത് ഈ നിയമത്തിന്റെ ചൈതന്യമാണ്. കൂടാതെ കള്ളതെളിവുകൾ ഹാജരാക്കുന്നവരെയും കള്ള സാക്ഷികളെയുമാണ് ഈ നിയമം കടുത്ത ശിക്ഷ നൽകുന്നത്. ഈ നിയമത്തിന്റെ പ്രസ്തുത ഭാഗങ്ങൾ തൊഴിൽ ഇടങ്ങളിൽ പ്രദർശിപ്പിക്കുവാൻ തൊഴിൽ ദാതാവിന് ബാദ്ധ്യതയുണ്ട്.

പരിഹരിക്കുന്നതിന് 10 ൽ കൂടുതൽ സ്ത്രീ തൊഴിലാളികൾ ഉള്ള എല്ലാ സ്ഥാപനങ്ങളും ആന്തരിക തർക്കപരിഹാര കമ്മറ്റി നിർബന്ധമായും ഉണ്ടാക്കണം എന്ന് ഈ നിയമം നിർദ്ദേശിക്കുന്നു. കമ്മറ്റി ഉണ്ടാക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ 50,000/- രൂപ വരെ പിഴ ഈടാക്കാവുന്നതാണ്. പ്രസ്തുത കമ്മിറ്റിയിൽ സ്ത്രീ തൊഴിലാളി പ്രതിനിധിയും സാമൂഹ്യപ്രവർത്തകരും 3 വർഷ കാലാവധിയായുള്ള കമ്മറ്റിയിൽ അംഗങ്ങളാകും. ചെയർപേഴ്സൺ ഒരു വനിതയാകണം എന്നത് സ്ത്രീ വിഷയങ്ങളിൽ നിർഭയത്വത്തോടെ സ്ത്രീകൾക്ക് അവതരിപ്പിക്കുവാൻ എളുപ്പമാകും. കൂടാതെ 10 ൽ താഴെയുള്ള സ്ഥാപനങ്ങളിലെ സ്ത്രീകൾക്ക് പരാതി ബോധിപ്പിക്കുന്നതിന് പ്രാദേശിക പരാതി കമ്മറ്റി ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ഉണ്ടാക്കണം. കൂടാതെ താലൂക്ക് - ബ്ലോക്ക് തലങ്ങളിൽ സ്ത്രീകളുടെ പരാതി സ്വീകരിക്കുന്നതിന് നോഡൽ ഓഫീസർമാരെ ജില്ലാ കലക്ടർക്ക് നിയമിക്കാവുന്നതാണ്. ഈ കമ്മറ്റിയിലും സ്ത്രീകളുടെ പ്രതിനിധി, സാമൂഹ്യപ്രവർത്തകർ അംഗങ്ങളായിരിക്കും. കറകളഞ്ഞ വ്യക്തിത്വവും, സ്ത്രീവിഷയങ്ങളിൽ ക്ലീൻ ഇമേജുള്ളവരെ മാത്രമേ ഈ കമ്മറ്റികളിൽ അംഗമാക്കാൻ പാടുള്ളൂ. ജോലി സ്ഥലങ്ങളിൽ പ്രയാസം അനുഭവപ്പെട്ടാൽ സ്ത്രീകൾ ഈ കമ്മറ്റി മുമ്പാകെ പരാതി നൽകണണം. പരാതി എഴുതാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ കമ്മറ്റി അംഗങ്ങൾ പരാതി എഴുതാൻ സഹായിക്കണം. പരാതി ലഭിച്ചാൽ 3 മാസത്തിനകം അന്വേഷണം നടത്തി റിപ്പോർട്ട് ജില്ലാതല കമ്മറ്റിക്ക് നൽകണം. പരാതിയുമായി ബന്ധപ്പെട്ട പരാതിക്കാരി മദ്ധ്യസ്ഥത്തിന് തയ്യാറായാൽ ആയത് കമ്മറ്റിക്ക് സ്വീകരിക്കാവുന്നതാണ്., കളവായി പരാതി നൽകുന്ന കാര്യത്തിൽ അതീവ സൂക്ഷ്മത പുലർത്താൻ കമ്മറ്റിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്. കമ്മറ്റിയുടെ തീരുമാനങ്ങൾ തൊഴിൽ ദാതാവ് നടപ്പിലാക്കാൻ ബാദ്ധ്യസ്ഥനാണ്. സർവ്വീസ് കാര്യങ്ങളിൽ നിലവിലുള്ള നിയമങ്ങളിൽ ഉൾപ്പെടുന്ന പരാതികൾ പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് സഹിതം അയക്കേണ്ടതാണ്. തീരുമാനം എടുക്കാൻ ആവശ്യമായ എല്ലാ നടപടികളും ഒരു സിവിൽ കോടതിയുടെ അധികാരമുണ്ടായിരിക്കും. പരാതി കൊടുത്ത സ്ത്രീക്ക് മാന്യമായ പരിഗണന ലീവ്, ട്രാൻസ്ഫർ എന്നിവ ഉടൻ തന്നെ അപേക്ഷ പ്രകാരം നൽകേണ്ടതാണ്. റിപ്പോർട്ട് കിട്ടി 60 ദിവസത്തിനകം നടപ്പിലാക്കണം. സമയബന്ധിതമായ പരിഹാരം ഈ നിയമത്തിന്റെ കൂടപ്പിറപ്പാണ്. പിഴയടക്കമുള്ള കാര്യങ്ങൾ കമ്മറ്റിക്ക് തീരുമാനിക്കാവുന്നതാണ്. പോലീസ് കൈകാര്യം ചെയ്യേണ്ട വിഷയങ്ങളിൽ റിപ്പോർട്ട് ജില്ലാ ഓഫീസറുടെ അംഗീകാരത്തോടെ അയക്കേണ്ടതാണ്. പീഢനംമൂലം മാനസിക പ്രയാസത്തിലായ സ്ത്രീകളുടെ എല്ലാ ചികിത്സാ ചെലവും എതൃകക്ഷി വഹിക്കേണ്ടതാണ്. ഓഫീസുകളുടെ നോട്ട് ഫയൽ, ഡയറി, കുറിപ്പ്, മറ്റ് കത്തുകൾ എന്നിവ പരാതിയുടെ തെളിവുകളായി കണക്കാക്കുന്നു. പരാതിയുടെ സ്വഭാവം പുറത്ത് പറയാൻ കമ്മറ്റി അംഗങ്ങൾക്ക് അധികാരമാവില്ല. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരെ, പരാതിക്കാരുടെ പേര് സാക്ഷികൾ പരാതിയുടെ വ്യാപനം എന്നിവ വരുന്നില്ല. സംഭവം നടന്ന് 3 മാസത്തിനകം പരാതി സമർപ്പിക്കണം. 90 ദിവസത്തിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. സ്ഥിരമായി സ്ത്രീകൾ പീഢിപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ഈ നിയമത്തിൽ വകുപ്പുകളുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിൽ ഒരു പുതിയ വകുപ്പ് കൂടി ഈ നിയമം കൂട്ടിച്ചേർത്തു പുരുഷന്മാരെ മാത്രമേ ലൈംഗീകാതിക്രമ പരാതികളിൽ ശിക്ഷിക്കാൻ കഴിയുകയുള്ളൂ. രാജ്യത്തെ എല്ലാ തൊഴിലിടങ്ങളിലും തൊഴിൽ ചെയ്യുന്ന ഒരു സ്ത്രീയും പീഡിപ്പിക്കപ്പെടാൻ പാടില്ല എന്ന ഈ നിയമത്തിന്റെ അന്തസത്ത കാർഷിക മേഖല വ്യവസാ മേഖല അടക്കമുള്ള എല്ലാ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ബാധകമാണ് എന്നുള്ളതുകൊണ്ട് ആദ്യകാലത്ത് ഈ നിയമത്തിന് എതിരെ ഉയർന്നുവന്ന എല്ലാ തൊഴിലിടങ്ങളിലും ഉൾപ്പെടുന്നില്ല എന്ന പരാതിക്ക് അടിസ്ഥാനമില്ലാതാകുന്നു. കളവായി ദുരുദ്ദേശത്തോടെ പരാതി നൽകുന്ന സ്ത്രീകളെ ശിക്ഷിക്കാൻ വകുപ്പുള്ളത് ഈ നിയമത്തിന്റെ ചൈതന്യമാണ്. കൂടാതെ കള്ളതെളിവുകൾ ഹാജരാക്കുന്നവരെയും കള്ളസാക്ഷികളെയുമാണ് ഈ നിയമം കടുത്ത ശിക്ഷ നൽകുന്നത്. ഈ നിയമത്തിന്റെ പ്രസ്തുത ഭാഗങ്ങൾ തൊഴിൽ ഇടങ്ങളിൽ പ്രദർശിപ്പിക്കുവാൻ തൊഴിൽ ദാതാവിന് ബാദ്ധ്യതയുണ്ട്. രാജ്യത്തെ എല്ലാ സ്ഥലങ്ങളിൽ ഈ നിയമത്തെ കുറിച്ച് ബോധവൽക്കരണം നടത്താൻ ഈ നിയമം ആഹ്വാനം നൽകുന്നു. നിയമം നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് റൂൾ ഉണ്ടാക്കിയിരിക്കുന്നു.

സങ്കോചങ്ങളില്ലാതെ തൊഴിൽ സ്ഥലങ്ങളിൽ ആത്മാഭിമാനത്തോടെ പുരുഷന്മാരോടൊപ്പം ജോലി ചെയ്യുവാൻ സ്ത്രീകളെ പ്രാപ്തരാക്കുകയും സ്ത്രീകളോട് മാന്യമായി പെരുമാറാത്ത പുരുഷന്മാർക്ക് കൂച്ച് വിലങ്ങിടുന്നതുമായ ഈ നിയമം കാലാനുസൃതമായി സ്ത്രീ സൗഹൃദ സമീപനം തുടർച്ചയായി സ്വീകരിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നേട്ടത്തിന്റെ പട്ടികയിൽ മറ്റൊരു പൊൻതൂവലാണ്. ■


ലേഖകൻ
അസി.ജില്ലാ മിഷൻ കോർഡിനേറ്റർ
കുടുംബശ്രീ, കണ്ണൂർ

എ.എൻ. ഖാൻ



രക്തസമ്മർദ്ദം നിയന്ത്രിക്കുക

> **അവിരാമം രാവും പകലും പണിയെടുക്കുന്ന ഒരു അത്ഭുതകരമായ അവയവമാണ് ഹൃദയം. മിനിറ്റിൽ ഏകദേശം 70 പ്രാവശ്യവും ദിവസം ഏതാണ്ട് ഒരു ലക്ഷം തവണയും ഹൃദയമിടിക്കുന്നു. നമ്മുടെ ശരീരത്തിലെ ഓരോ കോശത്തിലും രക്തം എത്തിച്ച് അതിനെ ജീവസ്സുറ്റതാക്കാൻ വേണ്ടി രക്തചംക്രമണത്തിന്റെ പൂർണ്ണ നിയന്ത്രണം ഹൃദയത്തിനാണ്.**



ഈ വർഷത്തെ ലോകാരോഗ്യ ദിനത്തിന്റെ ചിന്താവിഷയം ഉയർന്ന രക്തസമ്മർദ്ദം അഥവാ ഹൈപ്പർ ടെൻഷൻ എന്നതായിരുന്നു. ഹൃദയാഘാതത്തിനും, പക്ഷാഘാതത്തിനും, വൃക്ക തകരാറിനും ഉള്ള സാധ്യത ഉയർന്ന രക്തസമ്മർദ്ദം കൂട്ടുന്നു. രക്തസമ്മർദ്ദം നിയന്ത്രിക്കാനാവാതെ പോയാൽ അന്ധതയും, താളംതെറ്റിയ ഹൃദയമിടിപ്പും ഹൃദയ രക്തക്കുഴലുകൾ പൊട്ടുന്നതും തലച്ചോറിന്റെ ശേഷിക്കുറവും ഒക്കെയാവും ഫലം. മൂന്ന് മുതിർന്നവരിൽ ഒരാൾക്ക് എന്ന കണക്കിൽ ഉയർന്ന രക്തസമ്മർദ്ദമുണ്ട്. ഓരോ വർഷവും ലോകത്തുണ്ടാവുന്ന മരണങ്ങളിൽ 9 ദശലക്ഷത്തിനും കാരണം ഉയർന്ന രക്തസമ്മർദ്ദമാണ്.

അവിരാമം രാവും പകലും പണിയെടുക്കുന്ന ഒരു അത്ഭുതകരമായ അവയവമാണ് ഹൃദയം. മിനിറ്റിൽ ഏകദേശം 70 പ്രാവശ്യവും ദിവസം ഏതാണ്ട് ഒരു ലക്ഷം തവണയും ഹൃദയമിടിക്കുന്നു. നമ്മുടെ ശരീരത്തിലെ ഓരോ കോശത്തിലും രക്തം എത്തിച്ച് അതിനെ ജീവസ്സുറ്റതാക്കാൻ വേണ്ട രക്തചംക്രമണത്തിന്റെ പൂർണ്ണ നിയന്ത്രണം ഹൃദയത്തിനാണ്. ഹൃദയത്തിനകത്തേക്കും പുറത്തേക്കുമുള്ള രക്തമൊഴുക്ക് അതത് വാൽവുകൾ കൃത്യസമയത്ത് തുറന്നും അടഞ്ഞുമാണ് നിർവ്വഹിക്കുന്നത്. സ്റ്റെതസ്കോപ്പ് നെഞ്ചിനു മുകളിൽ വയക്കുമ്പോൾ നാം കേൾക്കുന്ന 'ലാബ്-ഡഞ്ച്' ശബ്ദത്തിനും കാരണം വാൽവിന്റെ ചലനങ്ങളാണ്.

ഉയർ രക്തസമ്മർദ്ദം ആർട്ടെറിയോസ്ക്ലീറോസിസ് വർദ്ധിപ്പിക്കുന്നു. ധമനികളുടെ ഉള്ളിലെ വ്യാപ്തം കുറയുന്നതിനാൽ അതുവഴിയുള്ള രക്തചംക്രമണത്തിന്റെ വേഗത കുറയുന്നതാണ് ആർട്ടെറിയോസ്ക്ലീറോസിസ്. ഹൃദയത്തിലേക്കോ തലച്ചോറിലേക്കോ രക്തഓട്ടത്തിൽ ഇപ്രകാരം കുറവുസംഭവിക്കുന്നതോടെ ഹൃദയാഘാതവും പക്ഷാഘാതവും ഉണ്ടാവുന്നു. ഉയർന്ന രക്തസമ്മർദ്ദത്തിന് ആദ്യകാലങ്ങളിൽ പ്രത്യേകിച്ച് ഒരു ലക്ഷണവും ഉണ്ടാവാറില്ല.



ഉയർന്ന രക്തസമ്മർദ്ദം ആർട്ടെറിയോസ്ക്ലീറോസിസ് വർദ്ധിപ്പിക്കുന്നു. ധമനികളുടെ ഉള്ളിലെ വ്യാപ്തം കുറയുന്നതിനാൽ അതുവഴിയുള്ള രക്തചംക്രമണത്തിന്റെ വേഗത കുറയുന്നതാണ് ആർട്ടെറിയോസ്ക്ലീറോസിസ്. ഹൃദയത്തിലേക്കോ തലച്ചോറിലേക്കോ രക്തഓട്ടത്തിൽ ഇപ്രകാരം കുറവുസംഭവിക്കുന്നതോടെ ഹൃദയാഘാതവും പക്ഷാഘാതവും ഉണ്ടാവുന്നു.

ഹൃദയാഘാതമോ പക്ഷാഘാതമോ ഉണ്ടാവുന്നതുവരെ ആർക്കും ഒരസ്വാസ്ഥ്യവും തോന്നാറുമില്ല. അതിനാലാണ് 'നിശ്ശബ്ദ കൊലയാളി' എന്ന് ഉയർന്ന രക്തസമ്മർദ്ദം അറിയപ്പെടുത്.

ബി.സി. 5-ാം നൂറ്റാണ്ടിൽ തന്നെ ഗ്രീക്ക് ഭിഷഗ്വരനായിരുന്ന ഹിപ്പോക്രാറ്റസ് പെട്ടെന്നുള്ള മരണങ്ങൾ തിരിച്ചറിഞ്ഞിരുന്നു. തടി കൂടുതൽ ഉള്ളവരായിരുന്നു ഇത്തരത്തിൽ മരിക്കുന്നവരേറെയും. എന്നാൽ 1628-ൽ വില്യം ഹാർവി രക്തചംക്രമണം കണ്ടുപിടിച്ചതോടെയാണ് രക്തസമ്മർദ്ദം സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാനായത്. 1733-ൽ സ്റ്റീഫൻ ഹെയിൽസ് ആണ് ധമനികളിലെ രക്തസമ്മർദ്ദം ആദ്യമായി അളന്നത്. റെനെ ലാക്കിനെറ്റ് 1819-ൽ സ്റ്റെതസ്കോപ്പ് കണ്ടുപിടിക്കുന്നതുവരെ രക്തസമ്മർദ്ദത്തെക്കുറിച്ചുള്ള പഠനത്തിൽ വലിയ പുരോഗതിയൊന്നുമുണ്ടായില്ല. 1956-ൽ റിച്ചാർഡ് ജൂനിയർ ഡിക്കിൻസണും ഫോർഡ്മാനും ചേർന്ന് കത്തീറ്ററൈസേഷൻ കണ്ടുപിടിച്ചതോടെയാണ് ഓരോ രക്തക്കുഴലുകളിലൂടെയുമുള്ള രക്തചംക്രമണ അളവും തടസ്സങ്ങളും വാൽവുകളുടെ പ്രവർത്തനം സുഗമമാണോ എന്നും മറ്റുമുള്ള കാര്യങ്ങൾ മനസ്സിലാക്കാനായത്.

ഫിയഡോർ ലൈനെൻ 1964-ൽ കൊളസ്ട്രോൾ മനുഷ്യകോശങ്ങളിൽ ഉണ്ടാവുന്നതെങ്ങനെയെന്നും ശരീരത്തിലെ ലിപ്പിഡ് മെറ്റബോളിസം എങ്ങനെയെന്നും കണ്ടുപിടിച്ചതോടെയാണ് രക്തത്തിൽ അമിതമായി കൊഴുപ്പ് അടിയുന്നത് തടയേണ്ടതെങ്ങനെയെന്ന് കണ്ടെത്താനായത്. മൈക്കേൽ ബ്രൗണും ജോസഫ് ഗോൾസ്സ്റ്റൈയിനും ചേർന്ന് 1985-ൽ ഹൃദയത്തിലേക്ക് രക്തം എത്തിക്കുന്ന കുഴലുകൾക്കുള്ളിലുള്ള ലിപ്പോ പ്രോട്ടീൻ എന്ന കൊളസ്ട്രോളിനെ സ്വീകരിക്കുന്ന കണത്തെ കണ്ടെത്തിയത്. ഈ കണം ഉള്ളവരിൽ ഹൃദയാഘാതത്തിന് സാധ്യത ഏറെയാണ്.

വ്യക്തിയുടെ രക്തസമ്മർദ്ദം പല സമയങ്ങളിൽ എടുക്കുമ്പോൾ സിസ്റ്റോളിക് രക്തസമ്മർദ്ദം 140 ആയിരിക്കുകയും ഡയസ്റ്റോളിക് രക്തസമ്മർദ്ദം 90 എം.എം.എച്ച്.ജിയോ കൂടുതലോ ആയാൽ ഹൈപ്പർ ടെൻഷൻ ഉണ്ട് എർത്ഥം. പ്രമേഹം പോലുള്ള കാർഡിയോ വാസ്കുലർ അപകടഘടകങ്ങൾ കൂടിയുണ്ടെങ്കിൽ അപകടസാധ്യത ഏറുന്നു. മൂന്ന് പേരിൽ ഒരാൾക്ക് എന്ന ലോക വ്യാപകമായ ഹൈപ്പർ ടെൻഷൻ സാധ്യത പ്രായമേറുമ്പോൾ 50 വയസ്സിനു മുകളിലുള്ളവരിൽ രണ്ട് പേരിൽ ഒരാൾക്ക് എന്ന നിലയിലെത്തുന്നു.

ലോകമെമ്പാടും ധനിക – ദരിദ്ര ഭേദമില്ലാതെ കാർഡിയോ വാസ്ക്കുലർ രോഗങ്ങൾ കൂടുതൽ കൂടുതൽ ആളുകളെ കൊന്നൊടുക്കുന്നു. ഒരിക്കൽ ഹൃദയാഘാതത്തിൽ നിന്നോ പക്ഷാഘാതത്തിൽ നിന്നോ രക്ഷപ്പെട്ടവർ ദീർഘകാലം മരുന്നു കഴിക്കേണ്ടി വരും. ഇത്തരം രോഗങ്ങൾ രോഗിയുടെയും കുടുംബത്തിന്റെയും ജീവിതത്തെ ഒരുപോലെ ബാധിക്കും.

ലോകമെമ്പാടും ധനിക-ദരിദ്ര ഭേദമില്ലാതെ കാർഡിയോ വാസ്ക്കുലർ രോഗങ്ങൾ കൂടുതൽ കൂടുതൽ ആളുകളെ കൊന്നൊടുക്കുന്നു. ഒരിക്കൽ ഹൃദയാഘാതത്തിൽ നിന്നോ പക്ഷാഘാതത്തിൽ നിന്നോ രക്ഷപ്പെട്ടവർ ദീർഘകാലം മരുന്നു കഴിക്കേണ്ടി വരും. ഇത്തരം രോഗങ്ങൾ രോഗിയുടെയും കുടുംബത്തിന്റെയും ജീവിതത്തെ ഒരുപോലെ ബാധിക്കും.

ഉയർന്ന രക്തസമ്മർദ്ദം തടയാവുന്നതാണ്. ഉപ്പിന്റെ ഉപയോഗം കുറയ്ക്കുന്നതും സമീകൃതാഹാരം കഴിക്കുന്നതും, മദ്യം ഉപയോഗിക്കാതിരിക്കുന്നതും, സ്ഥിരമായി വ്യായാമം ചെയ്യുന്നതും, ശരീ



രഭാരം ഏറാതെ സൂക്ഷിക്കുന്നതും, പുകയില ഉപേക്ഷിക്കുന്നതും ഉയർന്ന രക്തസമ്മർദ്ദം ഉണ്ടാവാതിരിക്കാൻ ശീലിക്കേണ്ടതാണ്. കാർഡിയോ വാസ്ക്കുലർ രോഗങ്ങൾ തടയുന്നതിൽ വളരെ പ്രധാനപ്പെട്ട ഘടകമാണ് ഉപ്പിന്റെ ഉപയോഗം കുറയ്ക്കുക എന്നത്. മിക്ക രാജ്യങ്ങളിലും ആളുകൾ അകത്താക്കുന്ന ഉപ്പിന്റെ മൂന്നിൽ രണ്ടുഭാഗവും സംസ്ക്കരിച്ച ആഹാര പദാർത്ഥങ്ങളിലും സ്നാക്സുകളിലും അതുപോലുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങളിലും ബ്രഡിലും ചീസിലും മറ്റുമാണ് ഒളിഞ്ഞരിക്കുന്നത്. കൂടാതെ ചില ഫാസ്റ്റ്ഫുഡ് ശൃംഖലകളും റസ്റ്റോറന്റുകളും ഉയർന്ന തോതിൽ ഉപ്പും കൊഴുപ്പും മധുരവും വിതരണം ചെയ്യുന്നതിൽ മുഖ്യപ്രതികളാണ്. ഇതിന്റെ അർത്ഥം 20 ശതമാനം ഉപ്പിന്റെ അമിതോപയോഗവും ഉപഭോക്താവിന്റെ സ്വന്തം നിയന്ത്രണത്തിലാണ്. ലോകാരോഗ്യസംഘടനയുടെ നിർദ്ദേശമനുസരിച്ച് ദിവസവും 5 ഗ്രാം (ഒരു ടീ സ്പൂണിൽ താഴെ) മാത്രം ഉപ്പ് ഉപയോഗിക്കുന്നതാണ് കാർഡിയോ വാസ്ക്കുലർ രോഗങ്ങൾ ഒഴിവാക്കാൻ നല്ലത്.

അതുപോലെ സമീകൃതാഹാരം ശിലിക്കുന്നതാണ് ആരോഗ്യമുള്ള ഹൃദയവും രക്തചംക്രമണ വ്യവസ്ഥയും കാത്തു സൂക്ഷിക്കാൻ നല്ലത്. ധാരാളം പഴങ്ങളും പച്ചക്കറികളും ധാന്യം മുഴുവനായും (തവിട് നീക്കാതെ), കൊഴുപ്പ് നീക്കിയ മാംസവും, മത്സ്യവും, പയറുവർഗ്ഗങ്ങളും ഉപയോഗിക്കുകയും മധുരം, ഉപ്പ്, കൊഴുപ്പ് ഇവ കുറയ്ക്കുകയും വേണം.

ദിവസവും അരമണിക്കൂറെങ്കിലും കൃത്യമായി വ്യായാമം ചെയ്യുന്നതും കാർഡിയോ വാസ്ക്കുലർ ഫിറ്റ്നസ് നിലനിർത്തും. പുകയില ഏതുരൂപത്തിലായാലും ആരോഗ്യത്തിനു നല്ലതല്ല; സിഗരറ്റായാലും ചവയ്ക്കുന്ന പുകയിലയായാലും.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും 1980-നും 2008-നും ഇടയ്ക്ക് തടിയന്മാരുടെ എണ്ണം കൂടിയിട്ടുണ്ട്. ഇന്ന് ലോക ജനസംഖ്യയുടെ 12 ശതമാനത്തോളം ആളുകൾ പൊണ്ണത്തടിയന്മാരാണ്. ലോകത്ത് എല്ലായിടത്തും സ്ത്രീകളാണ് ഇക്കാര്യത്തിൽ പുരുഷന്മാരേക്കാൾ മുമ്പിൽ. അതുകൊണ്ടു തന്നെ പ്രമേഹത്തിനും കാർഡിയോ വാസ്ക്കുലർ രോഗങ്ങൾക്കും കൂടുതൽ വിധേയപ്പെടേണ്ടി വരുന്നതും.

ലോകത്തെല്ലായിടത്തും മുതിർന്ന വ്യക്തികളിൽ മൂന്നിലൊരാൾക്ക് വീതം ഉയർ രക്തസമ്മർദ്ദമുണ്ട്. ഹൃദയരോഗങ്ങളും പക്ഷാഘാതവും മൂലമുള്ള മരണത്തിന്റെ പകുതിയിലേറെയും ഇത്തരക്കാരുടേതാണ്. 2004-ൽ ഉണ്ടായ 7.5 ദശലക്ഷം മരണങ്ങളുടെ ഉത്തരവാദിത്ത്വം ഉയർന്ന രക്തസമ്മർദ്ദത്തിനാണ്. ആഗോളതലത്തിലെ 13 ശതമാനം മരണങ്ങൾ. എന്നാൽ ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ രോഗാവസ്ഥ മുൻകൂട്ടി തിരിച്ചറിയാനുവുന്നതിനാൽ കുറഞ്ഞ ചെലവിൽ കൃത്യമായ ചികിത്സയിലൂടെ അപകടസാധ്യത വൻതോതിൽ കുറയ്ക്കാനായി. 1980-ൽ അമേരിക്കയിലെയും യൂറോപ്പിലെയും ലോകാരോഗ്യ സംഘടനയുടെ മേൽനോട്ടത്തിൽ ഉള്ള പ്രദേശങ്ങളിൽ 30 മുതൽ 40 ശതമാനം വരെ ആളുകൾ ഉയർന്ന രക്തസമ്മർദ്ദം ഉള്ളവരായിരുന്നു. എന്നാൽ 2008 ആയപ്പോഴേക്കും 23-30 ശതമാനംവരെ എന്ന നിരക്കിലേക്ക് താണു. എന്നാൽ ഇതിനു വിപരീതമാണ് ലോകാരോഗ്യ സംഘടനയുടെ മേൽനോട്ടത്തിലുള്ള ആഫ്രിക്കയിലെയും മറ്റു രാജ്യങ്ങളിലെയും അവസ്ഥ. ഇതിൽ മിക്ക രാജ്യങ്ങളിലെയും മുതിർന്നവരിൽ 40-50 ശതമാനം വരെ പേർ ഉയർന്ന രക്തസമ്മർദ്ദത്തിനടിമകളാണ്. 2008-ലും ആഗോളതലത്തിൽ 7.3 ദശലക്ഷം ആളുകൾ കാർഡിയോ വാസ്ക്കുലർ രോഗങ്ങൾക്ക് വിധേയരായി മരിച്ചു. വികസ്വര രാജ്യങ്ങളിലെ ആളുകളിൽ ഉയർന്ന രക്തസമ്മർദ്ദമുള്ളവർ പലപ്പോഴും തിരിച്ചറിയപ്പെടാതെ പോവുന്നു. അതിനാൽ തന്നെ പെട്ടെന്നുള്ള മരണവും ഹൃദയ രോഗങ്ങൾ, പക്ഷാഘാതം ഇവയെത്തുടർന്നുണ്ടാവുന്ന ശാരീരിക വൈകല്യങ്ങൾ ഏറുന്നു.

ജീവിത ശൈലിയിൽ മാറ്റം വരുത്തിയാൽ മാത്രം ഉയർന്ന രക്തസമ്മർദ്ദത്തിൽ നിന്ന് രക്ഷപ്പെടാനാവുന്നവരാണ് ഭൂരിഭാഗം ആളുകൾ. അല്ലാത്തവർക്ക് മാത്രമാണ് മരുന്ന് ആവശ്യമുള്ളത്. ഉയർന്ന രക്തസമ്മർദ്ദം കണ്ടുപിടിക്കുന്നതിലും നിയന്ത്രിക്കുന്നതിലും പ്രമേഹം, പുകയില ഉപയോഗം എന്നിവ കൂടി ഘടകങ്ങളാണ്.

ലോകത്തെല്ലായിടത്തും മുതിർന്ന വ്യക്തികളിൽ മൂന്നിലൊരാൾക്ക് വീതം ഉയർന്ന രക്തസമ്മർദ്ദമുണ്ട്. ഹൃദയരോഗങ്ങളും പക്ഷാഘാതവും മൂലമുള്ള മരണത്തിന്റെ പകുതിയിലേറെയും ഇത്തരക്കാരുടേതാണ്. 2004-ൽ ഉണ്ടായ 7.5 ദശലക്ഷം മരണങ്ങളുടെ ഉത്തരവാദിത്ത്വം ഉയർന്ന രക്തസമ്മർദ്ദത്തിനാണ്.

ഇപ്പോഴത്തെ വിവരം അനുസരിച്ച് ആസ്പിരിന്റെ ഉപയോഗം കൊളസ്ട്രോൾ കുറയ്ക്കാനുള്ള മരുന്നുകളേക്കാൾ ഫലപ്രദമാണെന്നാണ്. കൊളസ്ട്രോൾ സ്ഥിരമായി ഉയർന്നു നിൽക്കുന്ന കുറച്ചു രോഗികളിൽ ആസ്പിരിൻ ഒരു പ്രതിരോധ മരുന്ന് എന്ന നിലയ്ക്ക് കൊടുത്തു വരുന്നു.

ധമനികളുടെ വ്യാപ്തം കുറയുന്നതിന് ജീവകം ഇ, സി ഇവയുടെ കൂടിയ ഉപയോഗം പ്രതിരോധമായി മാറുന്നു. പ്രകൃതിയിൽ തന്നെ ഉണ്ടാവുന്ന പല പ്രതിരോധ മരുന്നുകളും ഉള്ളിയിലും, വെളുത്തുള്ളിയിലും അടങ്ങിയിട്ടുണ്ട്. ഇവ ആഹാരചര്യകളിൽ കൂടുതൽ ഉൾപ്പെടുത്തുന്നതും ഉയർന്ന രക്തസമ്മർദ്ദം പ്രതിരോധിക്കാൻ സഹായകമാണ്. ■


ലേഖകൻ.

നാഗ്പൂരിലെ 'നീരി (National Environment Engineering Research Institue)' എന്ന സ്ഥാപനത്തിൽ സീനിയർ സയന്റിസ്റ്റാണ്



ഗ്രാമ പഞ്ചായത്തുകളിലൂടെ

ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത്



കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച റൂഫ് ടോപ്പ് സോളാർ വൈദ്യുതി പ്ലാന്റ് ജില്ലാകളക്ടർ ഡോ. രത്തൻ ഖേൽക്കർ നിർവ്വഹിക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എ. സരള, പഞ്ചായത്ത് പ്രസിഡന്റ് കെ. ലത എന്നിവർ സമീപം

2012-13 വർഷത്തെ പദ്ധതിയിൽപ്പെടുത്തി കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച റൂഫ് ടോപ്പ് സോളാർ വൈദ്യുതി പ്ലാന്റ് പ്രവർത്തനം തുടങ്ങി. പഞ്ചായത്ത് ഓഫീസ് സമുച്ചയത്തിലെ ഗ്രാമ പഞ്ചായത്ത് ഓഫീസ്, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, ആയുർവ്വേദ ഡിസ്പൻസറി, വി.ഇ.ഒ. ഓഫീസ്, കുടുംബശ്രീ ഓഫീസ് എന്നിവയ്ക്ക് ആവശ്യമായ വൈദ്യുതി സോളാർ പ്ലാന്റിലൂടെ ലഭ്യമാകുന്നുണ്ട്. 21 സോളാർ പാനലും, 20 സോളാർ ബാറ്ററിയും ഇൻവേട്ടറും ഉള്ള പ്ലാന്റിൽ നിന്നും ദിനം പ്രതി 25 യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്. ദിവസത്തിൽ 5 മണിക്കൂർ സൂര്യപ്രകാശം ലഭ്യമായാൽ പഞ്ചായത്ത് ഓഫീസ് സമുച്ചയത്തിൽ ആവശ്യമായ മുഴുവൻ വൈദ്യുതിയും സോളാർ പ്ലാന്റിലൂടെ ലഭിക്കും. കെ.എസ്.ഇ.ബി യെ ആശ്രയിക്കാതെ വൈദ്യുതി സ്വയം പര്യാപ്തി നേടിയ ജില്ലയിലെ ഏക പഞ്ചായത്ത് എന്ന ബഹുമതി ചിറക്കൽ നേടിയിരിക്കുകയാണ്.

982026/- രൂപ ചെലവിൽ ഇഗാടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. 2 മാസത്തോളമായി പ്ലാന്റ് വിജയകരമായി പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തു പ്രസിഡന്റ് കെ. ലത അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ വച്ച് ജില്ലാ കളക്ടർ ഡോ. രത്തൻ ഖേൽക്കർ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

പാലക്കാട് ജില്ലയിലെ പ്രഥമ 'ഇ' പഞ്ചായത്ത്.

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലേക്കുള്ള കെട്ടിട നികുതി ഉൾപ്പെടെയുള്ള പണമിടപാടുകൾ മെയ് 1 മുതൽ ഇ-പേയ്മെന്റ് സംവിധാനത്തിലേക്ക് മാറി. ഓൺ ലൈൻ സംവിധാനം നടപ്പിലാക്കുന്ന പാലക്കാട് ജില്ലയിലെ ആദ്യത്തേതും കേരളത്തിലെ 7-ാമത്തെയും പഞ്ചായത്താണ് ഓങ്ങല്ലൂർ. ഈ പഞ്ചായത്തിലെ ജനനമരണ വിവാഹ രജിസ്ട്രേഷനും അനുബന്ധ സൗകര്യങ്ങളും പരിപൂർണമായും ഓൺലൈൻ സംവിധാനത്തിലേക്ക് ഇതിനകം തന്നെ മാറിയിട്ടുണ്ട്. നികുതി അടവാക്കുന്നതുൾപ്പെടെയുള്ള പഞ്ചായത്ത് സംബന്ധമായ എല്ലാ കാര്യങ്ങളും ലോകത്തിന്റെ ഏതുകോണിൽ നിന്നും ഇന്റർനെറ്റ് മുഖാന്തിരം ചെയ്യുന്നതിനുള്ള സൗകര്യം പൊതുജനങ്ങൾക്ക് ഏർപ്പെടുത്തിയതായി പഞ്ചായത്ത് പ്രസിഡന്റ് കെ.പി. ഷാഹിദ് അറിയിച്ചു.

ക്യാൻസർ നിർണ്ണയ ക്യാമ്പ്

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിലെ കുണ്ടയം വാർഡിൽ കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾക്കു വേണ്ടി കാൻസർ നിർണ്ണയ ക്യാമ്പ് നടത്തി. കുണ്ടയം ദേശീയ ഗ്രന്ഥശാലയിൽ സംഘടിപ്പിച്ച ക്യാമ്പിന് തിരുവനന്തപുരം RCC യിലെ അസോസിയേറ്റ് പ്രൊഫസർ ഡോ: കലാവതിയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘമാണ് പരിശോധനകൾക്ക് നേതൃത്വം നൽകിയത്. ഗർഭാശയ ക്യാൻസർ സ്താനാർബുദം, തൈറോയ്ഡ് മൂലം കണ്ടുവരുന്ന വിവിധങ്ങളായ ക്യാൻസർ രോഗങ്ങൾ എന്നിവയാണ് പ്രധാനമായും പരിശോധിച്ചത്. സ്ത്രീകളിൽ പൊതുവേ വർദ്ധിച്ചു വരുന്ന ഇത്തരം രോഗങ്ങൾ നേരത്തെത്തന്നെ കണ്ടെത്തി വിശദമായ ചികിത്സ ഉറപ്പു വരുത്തുകയും ഇത്തരം രോഗങ്ങളുടെ അപകട സാദ്ധ്യത കുറയ്ക്കുകയുമാണ് ക്യാമ്പിലൂടെ ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.ജിയാസുദീന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്യാമ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഫാത്തിമാഖാൻ ഉദ്ഘാടനം ചെയ്തു.

ഞീഴൂർ ഗ്രാമപഞ്ചായത്ത് ഗ്രാമകേന്ദ്രം ഉദ്ഘാടനം


ഗ്രാമസഭാ ഓഫീസായും ആശാ പ്രവർത്തകരുടെയും ആരോഗ്യ ശുചിത്വ സമിതികളുടെയും ആസ്ഥാനമായും പ്രവർത്തിക്കുന്നതിന് ഞീഴൂർ ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ആദ്യ ഗ്രാമകേന്ദ്രം 9-ാം വാർഡിലെ ചായമ്മാവ് അംഗനവാടിയോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ ഞീഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖ മണിലാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് അഡ്വ. മോൻസ് ജോസഫ് MLA ഉദ്ഘാടനം ചെയ്തു.



ഞീഴൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച ഗ്രാമകേന്ദ്രത്തിന്റെ ഉദ്ഘാടനം മോൻസ്-ജോസഫ് എം.എൽ.എ നിർവഹിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖ മണിലാൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലി എന്നിവർ സമീപം


ആർ.എസ്. ജയകുമാർ

സ്വദേശിയിലൂടെ സ്വാശ്രയത്വം



സ്വദേശിയെന്നത് ജീവിതത്തിന്റെ തത്വശാസ്ത്രമാണ്. ഇത് വിപണിയെ ആശ്രയിക്കുന്ന സ്വഭാവം കുറയ്ക്കാനും സ്വാശ്രയത്വം വളർത്താനും ലക്ഷ്യമിടുന്ന പദ്ധതിയാണ്. സമൂഹത്തിന്റെ അടിസ്ഥാന പരമായ മാറ്റത്തിനുള്ള ഘടകം എന്ന നിലയിൽ വൈയക്തികവും ദേശീയവും ദാരിദ്ര്യനിർമാർജ്ജനത്തിനുമായുള്ള ഒരു ഉപകരണമായി സ്വദേശിയെ ഉപയോഗിക്കാവുന്നതാണ്. ഇതിലൂടെ ചൂഷണ മനോഭാവം അവസാനിക്കുകയും വികൃതമായിക്കൊണ്ടിരിക്കുന്ന നമ്മുടെ വീക്ഷണങ്ങളെ പുനഃസ്ഥാപിക്കുകയും ശുദ്ധവും ലളിതവുമായ ജീവിതം നമുക്കു മടക്കി നൽകുന്നതുമാണ്. അതിനായി അഹോരാത്രം പ്രയത്നിക്കുകയാണ് നമ്മൾ ഓരോരുത്തരുടെയും ലക്ഷ്യം.

ഭാരത ജനതയ്ക്കുവേണ്ടി മഹാത്മാ ഗാന്ധി ആവിഷ്ക്കരിച്ച സാമ്പത്തിക പുനർനിർമാണ പാക്കേജായിരുന്നു സ്വദേശി പ്രസ്ഥാനം. വിവിധ രാഷ്ട്രീയ പ്രക്രീയകളുടെയും ചിന്തകളുടെയും ഫലമായി കുറെയൊക്കെ സാമ്പത്തിക സ്വാതന്ത്ര്യം പല ലോകരാഷ്ട്രങ്ങളും നേടിയെങ്കിലും കുത്തകകളുടെ കടന്നുകയറ്റം പാരമ്പര്യ കുടിൽ വ്യവസായത്തെ മന്ദീഭവിപ്പിക്കാനോ നശിപ്പിക്കാനോ ഇടയാക്കി. ഇതിനെ പ്രതിരോധിക്കാൻ ദീർഘവീക്ഷണത്തോടെയും കർമ്മചാരുതയോടും കൂടി ഗാന്ധിജി അവതരിപ്പിച്ച സ്വദേശി സാമ്പത്തിക പാക്കേജിന് മാത്രമെ കഴിയൂ എന്നുള്ള കാര്യം നാം മനസിലാക്കണം.



ശാസ്ത്രസാങ്കേതികവിദ്യ വളരെയധികം പുരോഗമിച്ച ഈ കാലഘട്ടത്തിൽ സ്വദേശിക്ക് പ്രസക്തിയുണ്ടോ എന്ന് നമുക്ക് തോന്നാം. എന്നാൽ ശാസ്ത്രത്തിന്റെ പുരോഗതി രാജ്യത്തിന്റെ വികസനത്തിൽ പുരോഗതി ഉണ്ടാക്കുന്നുണ്ടെങ്കിലും അത് സാധാരണക്കാരന് പ്രയോജനപ്പെടണമെങ്കിൽ ഓരോരുത്തരും സാമ്പത്തിക പുരോഗതി കൈവരിച്ചെങ്കിലേ സാദ്ധ്യമാകൂ. സാമ്പത്തികമായ പുരോഗതി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഓരോ വ്യക്തിയും ഉപഭോക്താവാകുന്നതിനോടൊപ്പം ഉൽപ്പാദക നായി മാറുകയും അതുവഴി സാമ്പത്തിക ഭദ്രത കൈവരിക്കുക എന്നുള്ളതാണ്. ഉൽപ്പാദകരാവുക എന്നാൽ എന്തുൽ പ്പാദിപ്പിക്കണം എന്ന് നാം ചിന്തിക്കണം. അതായത് നമുക്കുണ്ടാക്കാൻ സാധിക്കുന്ന എന്തും നാം ഉൽപ്പാദിപ്പിക്കുകയും ആ ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരമുണ്ടായിരിക്കുകയും കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുക എന്ന താണ് ഉൽപ്പാദരാവുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

ആധുനിക കാലഘട്ടത്തിൽ സ്വദേശിയുടെ പ്രസക്തി

കേരളം ഉപഭോക്തൃ സംസ്ഥാനമായതെങ്ങനെ എന്ന് നമുക്കൊന്ന് ചിന്തിക്കാം. നമ്മുടെ പൂർവ്വികന്മാർ നിത്യജീവിത ത്തിൽ സ്വയം പര്യാപ്തത കൈവരിച്ചവരായിരുന്നു. ഉദാഹരണത്തിന് നാം ദിവസവും രാവിലെ ചെയ്യുന്ന പ്രവൃത്തികളിലൊന്നായ ദന്ത ശുചീ കരണം തന്നെയാണ്. ഉമി തീയിൽ വറുത്ത് അതിൽ കുരുമുളകും ഉപ്പും ചേർത്ത് ചിരട്ടയിൽ സൂക്ഷിച്ച് ദന്തശുചീകരണിയായി ഉപയോഗിച്ചിരുന്നു. ചെലവു വളരെ കുറവും യാതൊരുവിധ രാസവസ്തുക്കളും ചേർക്കാത്തതുമായ തീർത്തും ഒരു പ്രകൃതിദത്ത ഉൽപ്പന്നം അവർക്ക് സ്വന്തമായി നിർമ്മിച്ച് ഉപയോഗിക്കാൻ സാധിച്ചിരുന്നു എന്ന് നമുക്ക് മനസിലാക്കാൻ സാധിക്കും. മറിച്ച് ഇന്ന് അങ്ങനെ ചെയ്യുന്നത് നമ്മുടെ സ്റ്റാറ്റസിന് കുറവും മാത്രമല്ല അതിന് നമുക്ക് സമയവുമില്ല. ജോലിത്തിരക്കാണ് എന്നുള്ള കാരണം പറഞ്ഞ് നമ്മൾ ഒഴിഞ്ഞ് മാറാറുണ്ട്. ഒന്നിനും സമയമില്ല എന്നുള്ള വ്യാജേന നാം പലപ്പോഴും ഇത്തരം കാര്യങ്ങൾ മനപൂർവ്വം തിരസ്കരികിക്കാറുണ്ട്. എന്നാൽ നമ്മുടെ ഏതു തിരക്കിനിടയിലും കുറച്ചുസമയം മാറ്റിവയ്ക്കാൻ സാധിക്കുകയാണെങ്കിൽ ഗുണനിലവാരമുള്ളതും എന്നാൽ അധികം ചെലവില്ലാതെയും നമുക്ക് ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയും അതുവഴി നമ്മുടെ ചെലവ് കുറയ്ക്കാനും സാധിക്കും. ഇവിടെയാണ് സ്വദേശി പ്രവർത്തനത്തിനുള്ള പ്രസക്തി. ജീവിതച്ചെലവുകൾ പകുതിയായി കുറയ്ക്കാനും ഗുണനിലവാരമുള്ള

സമൂഹത്തിന്റെ അടിസ്ഥാന പരമായ മാറ്റത്തിനുള്ള ഘടകം എന്ന നിലയിൽ വൈയക്തികവും ദേശീയവും ദാരിദ്ര്യനിർമാർജ്ജനത്തിനുമായുള്ള ഒരു ഉപകരണമായി സ്വദേശിയെ ഉപയോഗിക്കാവുന്നതാണ്.





ഉമി തീയിൽ വറുത്ത് അതിൽ കുരുമുളകും ഉപ്പും ചേർത്ത് ചിരട്ടയിൽ സൂക്ഷിച്ച് ദന്തശുചീകരണിയായി ഉപയോഗിച്ചിരുന്നു. ചെലവു വളരെ കുറവും യാതൊരുവിധ രാസവസ്തുക്കളും ചേർക്കാത്ത തുമായ തീർത്തും ഒരു പ്രകൃതിദത്ത ഉൽപ്പന്നം അവർക്ക് സ്വന്തമായി നിർമ്മിച്ച് ഉപയോഗിക്കാൻ സാധിച്ചിരുന്നു എന്ന് നമുക്ക് മനസിലാക്കാൻ സാധിക്കും.

സാധനങ്ങൾ ഉപയോഗിക്കുകയും അതുവഴി നാടിന്റെ വികസനവുമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ഗാന്ധിജിയുടെ സ്വദേശി എന്ന ആശയം നാം തീർച്ചയായും ജീവിതത്തിൽ പ്രാവർത്തികമാക്കണം.

സ്വദേശി പ്രസ്ഥാനം എന്തിനു വേണ്ടി?

വികസനത്തിന്റെ പാരമ്യതയിലെത്തിയെന്ന് നാം അവകാശപ്പെടുന്നുണ്ടെങ്കിലും നമ്മുടെ ഗ്രാമങ്ങളുടെ സ്ഥിതി ഇപ്പോഴും പരിതാപകരമായ അവസ്ഥയിലാണ്. വികസനം കാര്യമായി എത്തിച്ചേർന്നിട്ടില്ലാത്ത നമ്മുടെ ഗ്രാമങ്ങളിൽ വികസനം എത്തിക്കുകയും എല്ലാവരുടെയും ജീവിതനിലവാരം ഉയർത്തുകയും ചെയ്യുക എന്നത് സ്വദേശിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. നിത്യജീവിതത്തിൽ നമുക്കാവശ്യമുള്ള ഭക്ഷണസാധനങ്ങൾ, വസ്ത്രം, സോപ്പ് തുടങ്ങിയ സാധന ങ്ങൾ കുത്തക കമ്പനിക്കാർക്ക് പണം നൽകി വാങ്ങുന്നു. നമ്മുടെ പണം നമ്മുടെ ഗ്രാമത്തിൽ തന്നെ നിൽക്കുന്നതിനു പകരം ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങൾ വാങ്ങി അവരെ കൂടുതൽ സാമ്രാജ്യത്വശക്തികളാക്കുകയും അതിലൂടെ നമ്മുടെ ഗ്രാമം വികസിക്കുന്ന തിനു പകരം ബഹുദരം പുറകോട്ടുപോകുകയും ചെയ്യുന്നു.

ഉൽപ്പാദന കൂലി, കമ്മീഷൻ, പരസ്യക്കൂലി, ലാഭം ഇതൊക്കെ ഉൾപ്പെട്ടതാണ് നമ്മൾ വാങ്ങിക്കുന്ന ഓരോ സാധനവും എന്ന് നാം മനസിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇതെല്ലാം നമ്മുടെ കയ്യിൽ ത്തന്നെ നിൽക്കണമെങ്കിൽ നമുക്കു വേണ്ട സാധനങ്ങൾ നാം തന്നെ നിർമ്മിക്കേണ്ടിയിരിക്കുന്നു. ഇന്ന് നാം തൊഴിലിനുവേണ്ടി അങ്ങോട്ടുമിങ്ങോട്ടും നെട്ടോട്ടമോടുന്ന കാലമാണ്. പുരുഷന്മാരായാലും സ്ത്രീകളായാലും സ്വന്തമായി ഒരു തൊഴിലുണ്ടാകുകയും അതിൽ നിന്നും വരുമാനം ലഭിക്കുമ്പോഴുമാണ് സമൂഹത്തിൽ അംഗീകാരം ലഭിക്കുന്നത്. പ്രത്യേകിച്ചും സ്ത്രീകളിൽ 70 ശതമാനം പേരും ഭർത്താക്കന്മാരെയോ മക്കളെയോ ആശ്രയിച്ചാണ് ജീവിക്കുന്നത്. സ്വന്തമായി വരുമാനം ഉണ്ടാകണമെന്നുള്ളത് ഏതൊരു സ്ത്രീയുടെയും സ്വപ്നമാണ്. ഈ സ്വപ്നം സാക്ഷാത്ക്കരിക്കണമെങ്കിൽ സ്വദേശി സ്വാശ്രയ ഉൽപ്പന്ന നിർമാണത്തിലൂടെ മാത്രമെ സാദ്ധ്യമാകൂ എന്നുള്ള കാര്യം നാം മനസിലാക്കണം. സർക്കാർ ജോലിയാണ് നാം ലക്ഷ്യമിടുന്നതെങ്കിൽ നമ്മുടെ നാട്ടിലെ മുഴുവൻ ജനങ്ങൾക്കും തൊഴിൽ നൽകുക എന്നത് പ്രായോഗികമായ കാര്യമല്ല. എന്നാൽ എല്ലാവർക്കും തൊഴിൽ സൗകര്യമുണ്ടാക്കുന്നതിന് സ്വദേശി ഉൽപ്പന്ന നിർമാണത്തിലൂടെ സാധിക്കുന്നു. ചുരുക്കത്തിൽ സാമ്പത്തിക ഭദ്രത കൈവരിക്കണമെങ്കിൽ ഉൽപ്പന്ന നിർമാണത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ.

സ്വദേശിയും ഗാന്ധിയൻ സമീപനവും

സ്വാതന്ത്ര്യം നേടി 66 വർഷം പിന്നിട്ടിട്ടും നിഷേധിക്കാനാകാത്ത മറ്റൊരു വസ്തുത നമ്മുടെ ജനസംഖ്യയിൽ 40 ശതമാനത്തിനും ആവശ്യമായ ഭക്ഷണമോ വസ്ത്രമോ കിടപ്പാടമോ ഇല്ലെന്നതാണ്. പട്ടിണിയും ദാരിദ്ര്യവും ഇല്ലാതാക്കി ഒരു വികസിതരാഷ്ട്രമാക്കാനുള്ള നമ്മുടെ ശ്രമങ്ങളെല്ലാം ഗുണഫലങ്ങൾ നൽകാതെ പരാജയപ്പെട്ടു. ഇതിനുകാരണം പല രാഷ്ട്രങ്ങളും നടപ്പാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്ക് ലഭിച്ചമട്ടിൽ ഏകീകൃതമായ ജനപിന്തുണ നമ്മുടെ നാട്ടിൽ ലഭിച്ചില്ല. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ചർക്ക ഗ്രാമസ്വരാജിന്റെ പ്രതീകമാണ്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ നമ്മൾ വെറും കച്ചവടക്കാരല്ല. സ്വയം സഹായത്തിനുള്ള ഒരു ഉപകരണ മായി ഖാദി പ്രചരിപ്പിക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു. വിൽപ്പനയ്ക്കു വേണ്ടിയുള്ള ഖാദി ഉൽപ്പന്നം ഒരു വലിയ കാര്യമല്ല. വാണിജ്യത്തി നുള്ള ഖാദി കൊണ്ട് നമുക്ക് ഖാദിയുടെ സന്ദേശം സ്ഥാപിക്കാനാവില്ല. അത്തരം ഖാദി നശിക്കേണ്ടതാണ്. അതായതത് ഏതൊരു ഉൽപ്പന്നം നിർമ്മിച്ചാലും അത് മറ്റുള്ളവർക്ക് ഗുണപ്രദമായിരിക്കേണ്ടതും എന്നാൽ കുടിൽ വ്യവസായങ്ങളെ തകർക്കാത്തതും ചെലവു കുറഞ്ഞതുമായി രിക്കണം.

ഗാന്ധിജി ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി ഒരു രണ്ടാം വിപ്ലവം

സർക്കാർ ജോലിയാണ് നാം ലക്ഷ്യമിടുന്നതെങ്കിൽ നമ്മുടെ നാട്ടിലെ മുഴുവൻ ജനങ്ങൾക്കും തൊഴിൽ നൽകുക എന്നത് പ്രായോഗി കമായ കാര്യമല്ല. എന്നാൽ എല്ലാവർക്കും തൊഴിൽ സൗകര്യമുണ്ടാക്കുന്നതിന് സ്വദേശി ഉൽപ്പന്ന നിർമാണത്തിലൂടെ സാധിക്കുന്നു. ചുരുക്കത്തിൽ സാമ്പത്തിക ഭദ്രത കൈവരിക്കണമെങ്കിൽ ഉൽപ്പന്ന നിർമാണ ത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ.



ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ചർക്ക ഗ്രാമസ്വരാജിന്റെ പ്രതീകമാണ്. ഗാന്ധിജി യുടെ അഭിപ്രായത്തിൽ നമ്മൾ വെറും കച്ചവടക്കാരല്ല. സ്വയം സഹായത്തിനുള്ള ഒരു ഉപകരണ മായി ഖാദി പ്രചരിപ്പിക്ക ണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു. വിൽപ്പനയ്ക്കുവേണ്ടിയുള്ള ഖാദി ഉൽപ്പന്നം ഒരു വലിയ കാര്യമല്ല. വാണിജ്യത്തി നുള്ള ഖാദി കൊണ്ട് നമുക്ക് ഖാദിയുടെ സന്ദേശം സ്ഥാപിക്കാനാവില്ല.

ആഗ്രഹിച്ചിരുന്നു. എന്നാൽ നാം അദ്ദേഹത്തിനു ചെയ്യേണ്ട ഏറ്റവും വലിയ പ്രണാമം ദിരിദ്ര്യനിർമാർജ്ജന പരിപാടികൾ പുനരാരംഭിച്ച് മുന്നോട്ടു പോവുകയാണ്. ഗാന്ധിജി തുടക്കം കുറിച്ച നിർമ്മാണ പരിപാടികൾ പ്രോത്സാഹിപ്പിക്കാതെ ഇത് സാദ്ധ്യമല്ല. ഈ വസ്തുത അംഗീകരിക്കാൻ ധൈര്യമുള്ളവർക്ക് അതിലേക്കുപകരി ക്കുന്ന ഉപകരണവും ആ നിർമ്മാണ പരിപാടിയുടെ പ്രതീകവുമാണ് സ്വദേശി ഉൽപ്പന്ന നിർമ്മാണം. അതായത് ലഘുവ്യവസായങ്ങളുടെ മേഖലയിൽ നമ്മൾ കൂടുതൽ സമർത്ഥമായ ഉൽപ്പാ ദനോപകരണങ്ങൾ ആവിഷ്ക്കരി ക്കുകയും അവ ഏതൊരു തൊഴിലാ ളിക്കും ലഭ്യമാക്കുകയും ചെയ്യണ മെന്ന താണ്. നവീകരിച്ചതും കാര്യക്ഷമവുമായ ഉപകരണങ്ങൾ ഓരോ ഗ്രാമീണ ഗൃഹത്തിലും എത്തിക്കാൻ സാധിച്ചില്ലെങ്കിൽ കുടിൽ വ്യവസായങ്ങൾക്കും ഗ്രാമീണ വ്യവസായങ്ങൾക്കും നിലനിൽപ്പുണ്ടാവുകയില്ല.

ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി നിർമ്മാണ വസ്തുക്കളുടെ വിപണനം തന്നെയാണ്. വൻകിട കമ്പനിക ളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിയു മ്പോൾ നമ്മളുണ്ടാക്കുന്ന ഉൽ പ്പന്നങ്ങൾ ചെലവാകാത്ത അവ സ്ഥയാണ് നിലവിലുള്ളത്. ഉൽ പ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതും നിർമിക്കുന്ന വർക്ക് അർഹിക്കുന്ന പ്രതിഫലം കിട്ടാത്തതും ഗ്രാമീണ മേഖല യിലെ ഉൽപ്പാദനത്തിന് തടസ്സ മാകുന്നു.

സ്വദേശി ഉൽപ്പന്നങ്ങളുടെ വിപണനം

ഉൽപ്പന്നങ്ങളുടെ കലാപരമായ അവതരണമാണ് വിപണനം. വിപണനപ്രക്രിയയുടെ ഫലമാണ് വരുമാനവും. വരുമാനം ദൈനംദിന ജീവിതത്തിന്റെ അടിസ്ഥാനമാകുന്നു. നിർമാണാനന്തര പ്രവൃത്തി, നിർമാണ പ്രവൃത്തിയേക്കാൾ ആയാസമുള്ളതാകുന്നു. എന്നിരുന്നാലും ഈ പ്രവൃത്തിയെ ലളിതമായി കൈകാര്യം ചെയ്യുന്നതിലുള്ള സർഗ്ഗ ശേഷിയുണ്ടാവുക എന്നുള്ളതാണ് വിപണനതന്ത്രം എന്നതു കൊണ്ട് അർത്ഥമാക്കേണ്ടത്. 'പാത്രം അറിഞ്ഞ് വിളമ്പുക' എന്നുള്ള പഴമൊഴി എപ്പോഴും വിപണനം നടത്തുന്നയാൾ മനസിൽ വയ്ക്കേണ്ടതാണ്. കാരണം ഉപഭോക്താവിന്റെ ഏതുതരത്തിലുള്ള ഉൽപ്പന്നത്തിനാണ് കൂടുതൽ ശ്രദ്ധകൊടുക്കേണ്ടത് എന്ന് മനസിലാക്കി ആ ഉൽപ്പന്നത്തിന് ഊന്നൽ നൽകി അതോടൊപ്പം നമ്മുടെ കൈവശമുള്ള ഉൽപ്പന്നങ്ങളും വിൽക്കാനുള്ള കഴിവുമാണ് അത്യാവശ്യം വികസിപ്പി ച്ചെടുക്കേണ്ടത്.

ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി നിർമ്മാണ വസ്തുക്കളുടെ വിപണനം തന്നെയാണ്. വൻകിട കമ്പനികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിയുമ്പോൾ നമ്മളുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ചെലവാകാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതും നിർമിക്കുന്നവർക്ക് അർഹിക്കുന്ന പ്രതിഫലം കിട്ടാത്തതും ഗ്രാമീണമേഖലയിലെ ഉൽപ്പാദനത്തിന് തടസ്സമാകുന്നു. അതുമൂലം ഉൽപ്പന്നങ്ങളുണ്ടാക്കാൻ സാധിക്കാതെ വരികയും കമ്പോളത്തിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്ന അവസ്ഥയും സംജാതമാകുന്നു.

ജനങ്ങളിൽ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിന് ഏറ്റവും നല്ലരീതി ഉൽപ്പന്നങ്ങളുടെ വീടുവീടാന്തരമുള്ള വിപണനമാണ്. അയൽക്കൂട്ടങ്ങൾ, പുരുഷ-സ്ത്രീ സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, എന്നിവരാൽ നിർമിക്കപ്പെടുന്ന സ്വദേശി ഉൽപ്പന്നങ്ങൾ തുടക്കത്തിൽ നമുക്ക് പരിചയമുള്ളവർക്കും വീടിനടുത്തുള്ളവർക്കും എത്തിച്ച് അവർക്ക് ഇതിന്റെ ഗുണനിലവാരത്തെ ബോദ്ധ്യപ്പെടുത്തി വിപണനം നടത്താവുന്നതാണ്. ശക്തമായ ബോധവൽക്കരണത്തിലൂടെ മാത്രമെ സ്വദേശി ഉൽപ്പന്നങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള എളുപ്പമാർഗ്ഗം രണ്ടുമണിക്കൂറെങ്കിലും നീളുന്ന സോപ്പുൽപ്പന്നങ്ങളുടെ ഡെമോൺസ്ട്രേഷനും ബോധവൽക്കരണ ക്ലാസ്സുമാണ്. പഞ്ചായത്തിലെ ഒരു വാർഡിൽ 10-നും 20-നും ഇടയിൽ അംഗങ്ങളുള്ള മൂന്നോ നാലോ യൂണിറ്റുകളിലുള്ളവരെ ഒരുമിച്ച് സംഘടി പ്പിച്ചുകൊണ്ട് ക്ലാസ്സുകൾ നൽകാവുന്നതാണ്. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ പ്രധാനമായും സ്വദേശിതലത്തിൽ നിർമ്മിക്കാവുന്ന എല്ലാ ഉൽപ്പന്നങ്ങളും നിർമ്മിച്ച് പ്രദർശിപ്പിച്ചാൽ നന്നായിരിക്കും.

ലേഖകൻ

സ്വദേശി കൗൺസിൽ ഫോർ എൺവയോൺമെന്റ് & റിസർച്ച് ഡയറക്ടറാണ്.

(പേജ് 10 ൽ നിന്നും തുടർച്ച)

സ്വാശ്രയത്വവും സ്വാഭിമാനവുമാണ് സ്വാതന്ത്ര്യത്തിന്റെ പര്യായങ്ങൾ എന്നാണ് മഹാത്മാവ് നമ്മെ പഠിപ്പിച്ചത്. അതുകൊണ്ടാണ് അദ്ദേഹം കാച്ചിയ ഉപ്പിന് പുതിയ സമരസാഗരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞത്.



വർത്തമാന കാലത്ത് പരിഷ്കരിച്ചിട്ടും പരിഷ്കരിച്ചിട്ടും തിരുനക്കരെത്തന്നെ തുടരുന്ന വഞ്ചിയാണ് വിദ്യാഭ്യാസം. ലോകത്തിലേക്ക് ഏറ്റവും ശ്രേഷ്ഠവും തനതും മൂല്യാധിഷ്ഠിതവുമായ ഒരു വിദ്യാഭ്യാസ പദ്ധതിയുണ്ടായിരുന്ന രാഷ്ട്രമാണ് ഭാരതം. മെക്കാളെ സൃഷ്ടിച്ച വെള്ളക്കോളർ നിർമ്മാണ യന്ത്രത്തിന്റെ ജോലിയിൽ നിന്ന് മാറാൻ ഇന്നും നമ്മുടെ വിദ്യാഭ്യാസ പ്രക്രിയയ്ക്കാവുന്നില്ല. ഏറെയേറെ പഠിച്ചിട്ടും പഠിച്ചിട്ടും ഒന്നും പഠിക്കാത്തവരെ കൊണ്ട് നിറയുകയാണ് നാട്. ഇവിടെയാണ് ഗാന്ധിയൻ വിദ്യാഭ്യാസ മാതൃകയുടെ പ്രസക്തി. കുട്ടിയിലും മുതിർന്നവരിലുമുള്ള ആത്മീയവും മാനസികവും കായികവുമായ ഉത്തമഗുണങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം എന്നായിരുന്നു ഗാന്ധിജയുടെ കാഴ്ചപ്പാട്. അത്തരമൊരു വിദ്യാഭ്യാസം മണ്ണിനോടും കാലത്തിനോടും നീതിപുലർത്തുന്നതും മാനവികതയെ അഭിസംബോധന ചെയ്യുന്നതുമായിരിക്കും.

ഒരു കാര്യം ചെയ്യാൻ തീരുമാനിക്കുമ്പോൾ നിങ്ങൾ കണ്ടിട്ടുള്ള ഏറ്റവും നിസഹായനായവന്റെ-ദരിദ്രന്റെ മുഖം ഓർക്കുക. നിങ്ങളുടെ പ്രവൃത്തികൊണ്ട് ആ മനുഷ്യന് എന്തെങ്കിലും ഗുണമുണ്ടെങ്കിൽ മാത്രം അത് ചെയ്യുക. ഇന്ത്യൻ ബ്യൂറോക്രസിക്ക്, അധികാരികൾക്ക് പുതിയ കാലത്ത് ഏറ്റവും അനിവാര്യമായിരിക്കുന്ന ഈ വിചാരം. കവിപാടിയതുപോലെ "സ്വാതന്ത്ര്യത്തിൽ വിരുന്നുണ്ണാൻ പ്രമാണികളിരിക്കയാം വെള്ളമില്ലാത്ത പൈപ്പിന്റെ ചോട്ടിൽ ഗ്രാമങ്ങൾ നില്കയാം" എന്ന സമകാലീന ഇന്ത്യൻ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഈ ഓർമപെടുത്തലിന്റെ ചൈതന്യം തിരിച്ചു പിടിക്കണം. അപ്പോഴാണ് ഇന്ത്യയുടെ സ്വാതന്ത്ര്യം അർത്ഥപൂർണമാകുന്നത്.

ലോകത്തിലേക്ക് ഏറ്റവും ശ്രേഷ്ഠവും തനതും മൂല്യാധിഷ്ഠിതവുമായ ഒരു വിദ്യാഭ്യാസ പദ്ധതിയുണ്ടായിരുന്ന രാഷ്ട്രമാണ് ഭാരതം. മെക്കാളെ സൃഷ്ടിച്ച വെള്ളക്കോളർ നിർമ്മാണ യന്ത്രത്തിന്റെ ജോലിയിൽ നിന്ന് മാറാൻ ഇന്നും നമ്മുടെ വിദ്യാഭ്യാസ പ്രക്രിയയ്ക്കാവുന്നില്ല. ഏറെയേറെ പഠിച്ചിട്ടും പഠിച്ചിട്ടും ഒന്നും പഠിക്കാത്തവരെ കൊണ്ട് നിറയുകയാണ് നാട്.

ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന് സ്വന്തം ജീവരക്തം കൊണ്ട് സാധുത നല്കുകയായിരുന്നു മഹാത്മജി. ഓരോ സ്വാത്രന്ത്യ ദിനാഘോഷവും ചെങ്കോട്ടയിലെ സുരക്ഷ കൂടുതൽ വർദ്ധിപ്പിക്കുമ്പോൾ നാം ഭയക്കുകയാണ്. അവനവനെയും അന്യനെയും ഭയക്കുന്ന, ദു:സ്വപ്നങ്ങളുടെ തടവുകാരാണ് ഓരോ ഇന്ത്യക്കാരനും. മതേതരത്വമെന്നത് സർക്കാരിന്റെ സാങ്കേതിക ഭാഷ്യമാകാതിരിക്കാൻ ഗാന്ധിജിയിലേക്ക് നാം മടങ്ങണം. അന്യമത വിശ്വാസിയോടുള്ള സഹിഷ്ണുതയും ആദരവുമാണ് മനുഷ്യന്റെ മഹത്വത്തിന് നിദാനം. സ്വന്തം മതത്തിൽ പെട്ടവരുടെ കൈകളാൽ കൊല്ലപ്പെട്ട മഹാത്മജി ഒരു സന്ദേശമാണ്. അന്യമതസ്ഥനെ ഭയന്നും ഭയപ്പെടുത്തിയും ജീവിക്കുന്ന പുതിയ തലമുറയ്ക്കുള്ള സന്ദേശം. അന്യമത വിശ്വാസിയുടെ വിചാരവികാരങ്ങൾക്ക് കാവലാളായ ഗാന്ധിജിയാണ് വൈവിധ്യ പൂർണമായ ഇന്ത്യയുടെ വിളക്കുമാടം. ആ വിളക്കുമാടം കെട്ടുപോകാതെ കാക്കാനാവണം സ്വാതന്ത്ര്യത്തിന്റെ വിനിയോഗം.

ഗാന്ധിജി ഒരു ദർശനമാണ്. കക്കൂസ് ചുമന്നു കൊണ്ട് ചേരികളിലൂടെ സഞ്ചരിച്ച ആ ജീവിതം ലളിതവും വിനയപൂർണവുമായ ജീവിത ദർശനത്തിന്റെ വിശുദ്ധിയാണ് നമ്മെ ബോധ്യപ്പെടുത്തിയത്. അരി വാങ്ങുവാൻ ഗാന്ധിജി ക്യൂവിൽ കാത്തുനിൽക്കുമ്പോൾ ഫോറിൻ കാറിൽ വന്നിറങ്ങുന്ന ഗോഡ്സേമാരുടെ വർത്തമാനകാലം സർവനാശത്തിലേക്കുള്ള ചൂണ്ടുപലകയാണെന്ന് ഭാരതീയനെ ഓർമിപ്പിക്കുന്നതാവണം സ്വാതന്ത്ര്യദിനം.



സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ ഉയരുന്ന ത്രിവർണ പതാകയ്ക്കൊപ്പം നമ്മുടെ ഹൃദയങ്ങളും ഉയരണം. ഉണരണം-ഗാന്ധിജിയോളം.

ലേഖകൻ തിരുവനന്തപുരം വിമൻസ് കോളേജ് മലയാളം വിഭാഗത്തിൽ അസി: പ്രൊഫസറാണ്.



ഡോ. ജോസ്മോൻ ജോർജ്ജ്

ഡെങ്കി - പനി അഥവാ ബ്രെയ്ക്ക് ബോൺ ഫീവർ

ആരോഗ്യബോധവല്കരണ ക്ലാസ്സ് കഴിഞ്ഞ് മുറിയിൽ വിശ്രമിക്കുകയായിരുന്നു ഞാൻ. താലപ്പൊലി ഏന്തിനിൽക്കുന്ന തരുണികളെപ്പോലെ പച്ചക്കുടയും ചൂടി നിരനിരയായി നിൽക്കുന്ന റബർമരങ്ങൾ, പുരോഹിതന്റെ അരയ്ക്ക് കെട്ടിയ വാറുപോലെ നീണ്ട കറുത്ത റോഡുകൾ, മഴക്കാലത്തിന്റെ ആരംഭത്തോടുകൂടി പച്ചപട്ടുടുത്ത പർവ്വതനിരകൾ, കൊച്ചു കൊച്ചു പുൽതകിടികൾ, ഉദയസൂര്യന്റെ സ്വർണ്ണകിരണങ്ങളാൽ സ്വർണ്ണപട്ടു പുതച്ച തേയിലതോട്ടങ്ങൾ; ഇവയ്ക്കിടയിലൂടെയുള്ള യാത്ര തികച്ചും ആനന്ദകരമായിരുന്നു. ഒപ്പം ആവേശകരവും.

സർ ഞാൻ അകത്തേക്കു കടന്നു വരട്ടെ, സ്വീകരണമുറിയുടെ വാതില്ക്കൽ ഒരു ചെറുപ്പക്കാരൻ നിന്നിരുന്നു.

വരൂ. കടന്നു വരൂ, ഞാൻ പറഞ്ഞു

സർ എന്റെ പേര് രമേഷ്. ഞാൻ ഇവിടത്തെ ക്ലബ്ബിന്റെ സെക്രട്ടറിയാണ്. ചെറുപ്പക്കാരൻ സ്വയം പരിചയപ്പെടുത്തി.

മിക്ക തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും സാധാരണയായി കാണപ്പെടുന്ന പനികളിലൊന്നാണ് ഡെങ്കിപ്പനി. ഓരോ വർഷവും 25 മുതൽ 35 കോടി വരെ ആളുകൾക്ക് ഡെങ്കിപ്പനി പിടിക്കുന്നതായിട്ടാണ് സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ ഏകദേശം 2 ലക്ഷത്തോളം ആളുകളിൽ ഡെങ്കിപനി മാരകമാവുകയും മരണത്തിന് കാരണമായി തീരുകയും ചെയ്യാറുണ്ട്.

ഇരിക്കൂ രമേഷ്. എന്തുണ്ട് വിശേഷം? ഞാൻ ചോദിച്ചു

താങ്ക്യൂ രമേഷ് പറഞ്ഞു. രമേഷ് തങ്ങളുടെ ക്ലബ്ബിനെക്കുറിച്ചും അതിന്റെപ്രവർത്തനങ്ങളെക്കുറിച്ചും ഉള്ള ചെറിയ വിവരണം എനിക്ക് നൽകി.

സർ, ഈ മഴക്കാലം തുടങ്ങിയാൽ പിന്നെ പനിയുടെ വരവാണ്. എന്തൊക്കെ തരത്തിലുള്ള പനികളാണ് സാറെ! ഡെങ്കിപ്പനി, മലമ്പനി, ടൈഫോയ്ഡ് പനി, എലിപ്പനി, തക്കാളിപ്പനി അങ്ങനെ അങ്ങനെ. ആളുകൾ ആകെ പേടിച്ചിരിക്കുകയാണ്. പത്രം തുറന്നു നോക്കിയാൽ പനിമരണത്തിന്റെ ഞെട്ടിപ്പിക്കുന്ന കണക്കുകളും കാണാം . രമേഷ് തുടർന്നു. ഡെങ്കിപ്പനിയെപ്പറ്റി ചില കാര്യങ്ങൾ അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്, സാറിന് അസൗകര്യമാകില്ലെങ്കിൽ ഞാൻ കുറച്ചു കാര്യങ്ങൾ ചോദിച്ചോട്ടെ?


തീർച്ചയായും എനിക്കറിയാവുന്ന കാര്യങ്ങൾ ഞാൻ പറഞ്ഞു തരാം.

ഞാൻ രമേഷിന് ഉറപ്പ് നൽകി.

സർ, ഈ ഡെങ്കിപ്പനി എന്നാൽ എന്താണ്? എങ്ങനെയാണ് ഈ രോഗം ഉണ്ടാകുന്നത് ?. രമേഷ് ചോദിച്ചു.

മിക്ക തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും

ഡെങ്കിപ്പനിയെ ബ്രെയ്ക്ക് ബോൺ ഫിവർ എന്നും വിളിക്കാറുണ്ട്. ഈ പനിയുടെ സമയത്തുണ്ടാകുന്ന അതി കലശലായ നടുവ് വേദന മൂലമാണ് ഡെങ്കിപ്പനിയെ ഇങ്ങനെ വിളിക്കുന്നത്. ഡെങ്കുവൈറസ് എന്നറിയപ്പെടുന്ന ഒരുതരം വൈറസ് ആണ് ഈ രോഗം ഉണ്ടാക്കുന്നത്.



സാധാരണയായി കാണപ്പെടുന്ന പനികളിലൊന്നാണ് ഡെങ്കിപ്പനി. ഓരോ വർഷവും 25 മുതൽ 35 കോടി വരെ ആളുകൾക്ക് ഡെങ്കിപ്പനി പിടിക്കുന്നതായിട്ടാണ് സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ ഏകദേശം 2 ലക്ഷത്തോളം ആളുകളിൽ ഡെങ്കിപനി മാരകമാവുകയും മരണത്തിന് കാരണമായി തീരുകയും ചെയ്യാറുണ്ട്.

ഡെങ്കിപ്പനിയെ ബ്രെയ്ക്ക് ബോൺ ഫിവർ എന്നും വിളിക്കാറുണ്ട്. ഈ പനിയുടെ സമയത്തുണ്ടാകുന്ന അതി കലശലായ നടുവ് വേദന മൂലമാണ് ഡെങ്കിപ്പനിയെ ഇങ്ങനെ വിളിക്കുന്നത്. ഡെങ്കുവൈറസ് എന്നറിയപ്പെടുന്ന ഒരുതരം വൈറസ് ആണ് ഈ രോഗം ഉണ്ടാക്കുന്നത്. ആർബോവൈറസ് വിഭാഗത്തിൽപ്പെടുന്ന ഡെങ്കുവൈറസിന് 4 ഉപവിഭാഗങ്ങളുണ്ട്. ടൈപ്പ് I, II, III, IV എന്നിവയാണ് ഉപവിഭാഗങ്ങൾ.

ടൈപ്പ്– II ഉപവിഭാഗത്തിൽപ്പെടുന്ന ഡെങ്കുവൈറസുകൾ മറ്റു ഉപവിഭാഗത്തിൽ പെടുന്ന വൈറസുകളേക്കാൾ മാരകമായ പനി ഉണ്ടാക്കുന്നു. കൂടാതെ ഒരു പ്രത്യേക ഉപവിഭാഗത്തിൽപ്പെട്ട ഡെങ്കുവൈറസുകൾ മൂലം പനിയുണ്ടായതിനുശേഷം മറ്റൊരു ഉപവിഭാഗത്തിൽപ്പെട്ട വൈറസുമൂലം വീണ്ടും ഡെങ്കിപ്പനി ഉണ്ടാവുകയാണെങ്കിൽ ആ പനി മാരകമായിരിക്കും, മാത്രമല്ല മരണത്തിനുള്ള സാധ്യതയും കൂടുതലാണ്. (ഉദാ:– ടൈപ്പ് 1 രോഗാണുമൂലം (ഡെങ്കുവവൈറസ്) പനിഉണ്ടായതിനുശേഷം ടൈപ്പ് – II വിഭാഗത്തിൽപ്പെട്ട വൈറസുമൂലം വീണ്ടും ഡെങ്കിപ്പനി ഉണ്ടാവുകയാണെങ്കിൽ).

മൂന്ന് വ്യത്യസ്ത തരത്തിൽ ഡെങ്കിപ്പനി പ്രത്യക്ഷപ്പെടാം.

1. **ക്ലാസിക് ഡെങ്കിപ്പനി**
2. **രക്തസ്രാവമുള്ള ഡെങ്കിപനി അഥവാ ഡെങ്കുഹെമറേജിക് ഫിവർ (DHF)**
3. **ഡെങ്കുഷോക്ക് സിൻഡ്രോം (DSS)** എന്നിവയാണ് അത്.



കൂടുതൽ മാരകമായ ഡെങ്കുഷോക്ക് സിൻഡ്രോമിൽ രോഗിയുടെ ശരീരത്തിലെ രക്ത സമ്മർദം (Blood pressure) കുറയുകയും അമിതനാഡിയിടിപ്പ്, ശ്വാസം മുട്ടൽ, കൈകളും കാലുകളും തണുക്കുക, ശ്വാസകോശത്തിനുള്ളിലും വയറിനുള്ളിലും വെള്ളം കെട്ടുക, വയറിന്റെ മുകൾഭാഗത്ത് അതിശക്തമായ വേദന അനുഭവപ്പെടുക എന്നീ രോഗലക്ഷണങ്ങൾ കാണപ്പെടും.



എങ്ങനെയാണ് ഈ രോഗം പകരുന്നത് ? രമേഷ് ആകാംക്ഷാഭരിതനായി.

ഈഡിസ് (Aedes) വിഭാഗത്തിൽ പെടുന്ന (ഈഡിസ് ഈജപ്ഷൈ) കൊതുകുകളാണ് ഡെങ്കിപ്പനി പരത്തുന്നത്. ഡെങ്കിപ്പനി ബാധിച്ചിരിക്കുന്ന ഒരു രോഗിയെ ഈ കൊതുകു കടിക്കുമ്പോൾ ഡെങ്കു വൈറസുകൾ കൊതുകിലേക്ക് പ്രവേശിക്കുകയും, ഈ കൊതുക് മറ്റൊരാളെ കടിക്കുമ്പോൾ കൊതുകിൽനിന്നും ഈ വൈറസുകൾ രണ്ടാമത്തെ ആളുടെ ശരീരത്തിലേക്ക് പകരുകയും ചെയ്യുന്നു.

കേരളത്തിൽ ഡെങ്കിപനി മഴക്കാലത്താണ് കൂടുതലായി കാണപ്പെടുന്നത്; പ്രത്യേകിച്ച് മഴക്കാലത്തിന്റെ പ്രാരംഭഘട്ടത്തിൽ ഇതിനു കാരണം മഴപെയ്യുമ്പോൾ ഈഡിസ് കൊതുകുകളുടെ പ്രജനനത്തിന് അനുകൂലമായ ധാരാളം സ്ഥലങ്ങൾ വെള്ളം കെട്ടികിടക്കുന്നതുമൂലം ലഭിക്കുന്നു എന്നതാണ്. ഇപ്പോൾ ഓരോദിവസത്തെ പത്രങ്ങളിലും ഡെങ്കിപനിയും മറ്റ് പനികൾ മൂലവും കഷ്ടപ്പെടുന്ന രോഗികളെക്കുറിച്ചും ഇവമൂലമുണ്ടാകുന്ന മരണത്തെക്കുറിച്ചുമുള്ള റിപ്പോർട്ടുകൾ കാണാം. ചിലപ്പോഴൊക്കെ ഈ മരണങ്ങളിൽ മറ്റുരോഗങ്ങൾ മൂലം മരിച്ചവരെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നതും കാണാം.

എന്തൊക്കെയാണ് ഡെങ്കിപനിയുടെ ലക്ഷണങ്ങൾ? ഡെങ്കിപ്പനിയാണെന്ന് കേൾക്കുമ്പോൾ മിക്ക ആളുകളും പരിഭ്രാന്തരാകാറുണ്ട്. യഥാർത്ഥത്തിൽ ഡെങ്കിപനി മാരകമാണോ? ധാരാളം മരണം ഈ പനിമൂലം ഉണ്ടാകുമോ ? രമേഷ് തന്റെ അടുത്ത സംശയത്തിലേയ്ക്ക് കടന്നു.

രമേഷ്, എല്ലാ പ്രായത്തിൽ പെട്ട ആളുകളെയും ഡെങ്കിപനി ബാധിക്കാറുണ്ട്. എന്നിരുന്നാലും കുട്ടികളിൽ പ്രായപൂർത്തിയായവരിൽ ഉള്ളതിനേക്കാൾ പനിയുടെ തീവ്രത കുറവാണ്. കുട്ടികളിൽ വയറിളക്ക രോഗങ്ങൾക്കും, ന്യമോണിയയ്ക്കും ശേഷം ആശുപത്രികളിൽ കിടത്തി ചികിത്സ വേണ്ടിവരുന്ന മൂന്നാമത്തെ പ്രധാന രോഗമാണ് ഡെങ്കിപ്പനി. പുരുഷന്മാരിലേതിനേക്കാൾ സ്ത്രീകളിലാണ് ഡെങ്കിപ്പനി കൂടുതലായി കാണപ്പെടുന്നത്.

ലോകാരോഗ്യ സംഘടന (WHO) ഡെങ്കിപ്പനിയെ കഠിനമല്ലാത്ത ഡെങ്കിപ്പനി (തീവ്രതാസൂചനാ ലക്ഷണങ്ങൾ ഇല്ലാത്തതും, തീവ്രതാ സൂചനാ ലക്ഷണങ്ങൾ ഉള്ളതും) Non severe Dengue without and with warning signs എന്നും കഠിനമായ ഡെങ്കിപ്പനി (Severe Dengue) എന്നും രണ്ടായി തരം തിരിച്ചിട്ടുണ്ട്.

ഡെങ്കിപ്പനിയുടെ ഇൻക്യുബേഷൻ പീരിയഡ് (ഡെങ്കുവൈറസ് ഒരാളുടെ ശരീരത്തിൽ കയറിയതിനുശേഷം അയാളിൽ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതിനെടുക്കുന്ന സമയം) 5 മുതൽ 8 ദിവസം വരെയാണ്. ഇതിനുശേഷം രോഗലക്ഷണങ്ങൾ വളരെ പെട്ടെന്ന് പ്രത്യക്ഷപെടുന്നു. ഈ രോഗം 3 ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. പനിയുള്ളഘട്ടം, രോഗാസന്നഘട്ടം, രോഗ മുക്തിഘട്ടം എന്നിവയാണ്. (Febrile phase, critical phase and Recovery phase).

ഡെങ്കിപ്പനിയുടെ സാധാരണ രോഗലക്ഷണങ്ങൾ പെട്ടെന്നുണ്ടാകുന്ന കുളിരും വിറയലും കൂടിയുള്ള ശക്തമായ പനി – ഈ പനി ചിലപ്പോൾ 2 മുതൽ 7 ദിവസം വരെ നീണ്ടുനിൽക്കാം, അതിശക്തമായ തലവേദന, സന്ധിവേദന, പേശികൾക്കുണ്ടാകുന്ന വേദന, മുഖം ചുവന്നു തുടുക്കുക, ത്വക്കിൽ ചുവന്ന തിണർപ്പുകൾ കാണുക, ശക്തമായ നടുവേദന, കണ്ണിന് പുറകിലുണ്ടാകുന്ന വേദന, തൊണ്ടവേദന, കണ്ണിനുണ്ടാകുന്ന ചുവപ്പ് എന്നിവയാണ്.



ഡെങ്കിപ്പനിയുടെ സാധാരണ രോഗലക്ഷണങ്ങൾ പെട്ടെന്നുണ്ടാകുന്ന കുളിരും വിറയലും കൂടിയുള്ള ശക്തമായ പനി – ഈ പനി ചിലപ്പോൾ 2 മുതൽ 7 ദിവസം വരെ നീണ്ടുനിൽക്കാം, അതിശക്തമായ തലവേദന, സന്ധിവേദന, പേശികൾക്കുണ്ടാകുന്ന വേദന, മുഖം ചുവന്നു തുടുക്കുക, ത്വക്കിൽ ചുവന്ന തിണർപ്പുകൾ കാണുക, ശക്തമായ നടുവേദന, കണ്ണിന് പുറകിലുണ്ടാകുന്ന വേദന, തൊണ്ടവേദന, കണ്ണിനുണ്ടാകുന്ന ചുവപ്പ് എന്നിവയാണ്. കുട്ടികളിൽ ചില പ്പോൾ അതിശക്തമായ പനി, ജന്നി അഥവാ അപസ്മാരത്തിനു കാരണമായേക്കാം. ചിലപ്പോൾ പനി 3 മുതൽ 4 ദിവസം കൊണ്ട് കുറയുകയും, തുടർന്ന് 2 മുതൽ 3 ദിവസം പനിയില്ലാതിരുന്നതിനുശേഷം വീണ്ടും പനിക്കുകയും ചെയ്യാം. വായിൽനിന്ന് രക്തസ്രാവവും ശരീരത്തിൽ വിവിധ ഭാഗങ്ങളിൽ മൊട്ടുസൂചിയുടെ മുട്ടിന്റെ വലിപ്പമുള്ള ചുവന്ന പാടുകൾ (പെറ്റക്യേ) പ്രത്യക്ഷപ്പെടുകയും ചെയ്യാം. മേൽപറഞ്ഞവയാണ് ക്ലാസ്സിക് ഡെങ്കിപനിയുടെ (സാധാരണ കാണുന്ന ഡെങ്കിപനി) രോഗലക്ഷണങ്ങൾ.

രക്തസ്രാവത്തോടു കൂടിയ ഡെങ്കിപനിയിൽ (ഡെങ്കു ഹെമറേജിക് ഫിവർ) മുകളിൽ പ്രതിപാദിച്ച രോഗലക്ഷണങ്ങൾ കൂടുതൽ ശക്തമായിരിക്കും. രക്തസ്രാവവും അനുബന്ധ ലക്ഷണങ്ങളും കൂടുതലായി കാണപ്പെടും. മോണയിൽ നിന്നും തനിയെ ഉണ്ടാകുന്ന രക്തസ്രാവം, പല്ലുതേക്കുമ്പോൾ മോണയിൽ നിന്നുണ്ടാകുന്ന രക്തസ്രാവം, കഫത്തിൽ രക്തമയം കാണുക, രക്തം ഛർദ്ദിക്കുക, കാപ്പിപ്പൊടി നിറത്തിലുള്ള ഛർദ്ദി, മലം കറുത്തു പോവുക, മലത്തിൽ കൂടി രക്തം പോവുക, ആർത്തവ സമയത്താണെങ്കിൽ കൂടുതൽ ദിവസം രക്തസ്രാവം നീണ്ടുനിൽക്കുക, ക്രമം തെറ്റി തുടരെ തുടരെ മാസമുറ ഉണ്ടാവുക. കണ്ണുകളിൽ മഞ്ഞനിറം പ്രത്യക്ഷപ്പെടുക, മൂത്രത്തിന്റെ അളവ് കുറയുക, ഛർദ്ദി, ശക്തമായ വയറുവേദന, ശരീരത്തിലെ രക്തസമ്മർദ്ദം (പ്രഷർ) കുറയുക, നെഞ്ചുവേദന, തലകറക്കം, തലയ്ക്ക് ഭാരക്കുറവ് അനുഭവപ്പെടുക, ശ്വാസം മുട്ടൽ, ഓർമ്മക്കുറവ്, പരസ്പര ബന്ധമില്ലാതെ സംസാരിക്കുക, അബോധാവസ്ഥ എന്നിവയാണ് ഈ ലക്ഷണങ്ങൾ. 10 മുതൽ 20 ശതമാനം ആളുകളിൽ മരണം സംഭവിക്കാം.

കൂടുതൽ മാരകമായ ഡെങ്കുഷോക്ക് സിൻഡ്രോമിൽ രോഗിയുടെ ശരീരത്തിലെ രക്തസമ്മർദം (Blood pressure) കുറയുകയും അമിതനാഡിയിടിപ്പ്, ശ്വാസം മുട്ടൽ, കൈകളും കാലുകളും തണുക്കുക, ശ്വാസകോശത്തിനുള്ളിലും വയറിനുള്ളിലും വെള്ളം കെട്ടുക, വയറിന്റെ മുകൾഭാഗത്ത് അതിശക്തമായ വേദന അനുഭവപ്പെടുക എന്നീ രോഗലക്ഷണങ്ങൾ കാണപ്പെടും. കൂടാതെ മുകളിൽ പ്രതിപാദിച്ചിരുന്നതുപോലുള്ള രക്തസ്രാവലക്ഷണങ്ങൾ കാണപ്പെടുകയും ചെയ്യും. ശരീരത്തിലെ രക്തസമ്മർദ്ദം തീരെ കുറഞ്ഞ്, നാഡീമിടിപ്പിന്റെ ശക്തി കുറഞ്ഞ്, ശരീരവും ത്വക്കും കൈകാലുകളും തണുത്ത് കാണപ്പെടുന്ന അവസ്ഥയ്ക്കാണ് ഷോക്ക് എന്ന് പറയുന്നത്. ഈ അവസ്ഥ അതിഗുരുതരമായ ഒന്നാണ്. 40% രോഗികളിൽ ഷോക്ക് മരണത്തിനു കാരണമാകുന്നു.

ഷോക്ക് ഉണ്ടാവുന്നതിന് പല കാരണങ്ങളുണ്ട്. ചെറിയ രക്തകുഴലുകളിൽനിന്നും തനിയെ ഉണ്ടാവുന്ന ചോർച്ച, രക്തംകട്ടപിടിക്കുന്നതിന് സഹായിക്കുന്ന പ്ലേറ്റ്ലെറ്റ് എന്ന ഘടകത്തിലുണ്ടാകുന്ന കുറവ്, ശരീരത്തത്തിൽ നിന്നും രക്തസ്രാവത്തിലൂടെ ഉണ്ടാകുന്ന രക്തനഷ്ടം, രോഗി കുടിക്കുന്ന വെള്ളത്തിന്റെ അളവിലുള്ള കുറവ് എന്നിവയാണ് പ്രധാന കാരണങ്ങൾ. രോഗി എഴുന്നേറ്റ് ഇരിക്കുമ്പോഴോ, നൽക്കുമ്പോഴോ തലകറക്കം അനുഭവപ്പെടുന്നത് രോഗിയുടെ സ്ഥാനം മാറുമ്പോൾ പ്രഷർ കുറയുന്നതിന്റെ ലക്ഷണമാണ്. ഇത് ഷോക്കിന്റെ പ്രാരംഭ ലക്ഷണമാണ്. ചിലപ്പോൾ രോഗി തലകറങ്ങി താഴെ വീണു എന്നും വരാം.

പെട്ടെന്ന് നാല് ചെറുപ്പക്കാർ ഞങ്ങളുടെ മുറിയിലേക്ക് കടന്നുവന്നു.

സർ ഇത് സജി, ഇത് രഘു, ഇത് ശിവദാസ്, ഇത് ജെയിംസ് . രമേഷ് നാലു പേരെയും പരിചയപ്പെടുത്തി. ഇവരെല്ലാവരും ക്ലബ്ബിലെ അംഗങ്ങളാണ് . രമേഷ് പറഞ്ഞു.

നിങ്ങൾ എന്തോ വിഷയത്തെപ്പറ്റി കാര്യമായ ചർച്ചയിലാണെന്ന് തോന്നുന്നു. ശിവദാസ് പറഞ്ഞു.

രോഗി എഴുന്നേറ്റ് ഇരിക്കുമ്പോഴോ, നൽക്കുമ്പോഴോ തലകറക്കം അനുഭവപ്പെടുന്നത് രോഗിയുടെ സ്ഥാനം മാറുമ്പോൾ പ്രഷർ കുറയുന്നതിന്റെ ലക്ഷണമാണ്. ഇത് ഷോക്കിന്റെ പ്രാരംഭ ലക്ഷണമാണ്. ചിലപ്പോൾ രോഗി തലകറങ്ങി താഴെ വീണു എന്നും വരാം.

അതെ ഞാൻ ഡെങ്കിപ്പനിയെപ്പറ്റി ചില കാര്യങ്ങൾ സാറിനോട് ചോദിക്കുകയായിരുന്നു. രമേഷ് പറഞ്ഞു.

കഴിഞ്ഞയാഴ്ച്ച എന്റെ സഹോദരൻ ഡെങ്കിപ്പനിമൂലം ആശുപത്രിയിൽ ആയിരുന്നു. അല്പം കുളമായിരുന്നു. പത്ത് അറുപതിനായിരം രൂപ ചെലവായി. അദ്ദേഹത്തിന് രക്തവും കൊടുക്കേണ്ടിവന്നു. ശിവദാസ് പറഞ്ഞു.

സർ, എങ്ങനെയാണ് ഡെങ്കിപ്പനി ഉണ്ടെന്ന് സ്ഥിരീകരിക്കുന്നത് ?


ജെയിംസിന്റേതായിരുന്നു ചോദ്യം.

സാധാരണയായി നമ്മുടെ രക്തത്തിൽ 3 തരത്തിലുള്ള കോശങ്ങൾ കാണപ്പെടുന്നു. (1) ചുവന്ന രക്താണുക്കൾ (RBC) ഇവ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ആവശ്യമായ അളവിൽ ഓക്സിജൻ എത്തിക്കുന്നു. (2) ശ്വേത രക്താണുക്കൾ (WBC)- ഇവ ശരീരത്തിന് രോഗ പ്രതിരോധശേഷി നൽകുന്നു. (3) പ്ലേറ്റ്ലെറ്റ് (Platelets) – ഇവ രക്തം കട്ടപിടിക്കുന്നതിന് സഹായിക്കുന്നു. എന്നിവയാണ് അവ. *(തുടരും)*

ലേഖകൻ
അസി. പ്രൊഫസർ ഇൻ ജനറൽ മെഡിസിൻ
ഗവ. മെഡിക്കൽ കോളേജ് കോട്ടയം



പഞ്ചായത്തു സാമൂഹ്യ നീതി വകുപ്പു മന്ത്രിയുടെ ദക്ഷിണാഫ്രിക്കൻ സന്ദർശനം



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പു മന്ത്രി



പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ: എം.കെ മുനീറിന്റെ നേതൃത്വത്തിൽ 9 അംഗ ഉന്നത തല സംഘം ദക്ഷിണാഫ്രിക്കയിൽ ജൂലൈ 20 മുതൽ ഒരാഴ്ചത്തെ സന്ദർശനം നടത്തി. ദക്ഷിണ സഹകരണ പദ്ധതി പ്രകാരമായിരുന്നു ഈ സന്ദർശനം. മന്ത്രി, തദ്ദേശസ്വയംഭരണ സെക്രട്ടറി രാജൻ ഖോബ്രഗഡെ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ആഫീസർ എസ്. ദിവാകരൻ പിള്ള, 'കില', ഡയറക്ടർ ഡോ. പി.പി. ബാലൻ, ജനപ്രതിനിധികളായ ആര്യാടൻ ഷൗക്കത്ത്, റഫീക്ക, മുഹമ്മദ് മുസ്തഫ, എം.എ ജോൺ, അബ്ദുൾ ബഷീർ പി.കെ (ഐ.കെ.എം) എന്നിവരുൾപ്പെട്ട സംഘമാണ് ദക്ഷിണാഫ്രിക്ക സന്ദർശിച്ചത്. അധികാര വികേന്ദ്രീകരണ രംഗത്ത് കേരളം കൈവരിച്ച മാതൃകാപരമായ മുന്നേറ്റം അന്തർദേശീയ തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ കാലഘട്ടത്തിൽ നേരിടുന്ന വെല്ലുവിളികൾ പരസ്പര ആശയ വിനിമയത്തിലൂടെയും കാര്യക്ഷമമായ സാങ്കേതിക-മാനേജ്മെന്റ് വിദ്യാ കൈമാറ്റത്തിലൂടെയും പരിഹരിക്കാൻ ഈ രീതിയിലുള്ള സമ്പർക്കങ്ങളിലൂടെ കഴിയും എന്നുള്ളത് സന്ദർശനത്തിന് അടിസ്ഥാന കാരണമായിരുന്നു.

24/7/13ന് ദക്ഷിണാഫ്രിക്കൻ സഹകരണ-പരമ്പരാഗത കാര്യ ഉപമന്ത്രി ആൻഡ്രിയാസ് നീലുമായി സംഘം കൂടിക്കാഴ്ച നടത്തി. മഹാത്മാഗാന്ധിയുടെ കാലം മുതൽ ദക്ഷിണാഫ്രിക്ക ഇന്ത്യയിലെ സാമൂഹ്യതലത്തിലും അടിസ്ഥാന ഭരണ സംവിധാനത്തിലും ഉണ്ടായിക്കൊണ്ടിരുന്ന പരിവർത്തനങ്ങളെ ആവേശത്തോടെ നോക്കിക്കണ്ടിരുന്നതായി അദ്ദേഹം പറഞ്ഞു. കേരളത്തിലെ ത്രിതല തദ്ദശസ്വയംഭരണ സംവിധാനത്തിന്റെ മികവിനെ അദ്ദേഹം അഭിനന്ദിച്ചു.





എക്സിക്യൂട്ടീവ് മേയർ പഞ്ചായത്ത് മന്ത്രിയോട് മുൻസിപ്പാലിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കുന്നു

കേരളാ മുഖ്യമന്ത്രിയുടെ ആശംസകൾ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി അറിയിച്ചു. കൂടുതൽ സമ്പർക്കം പുലർത്തുന്നതിനു വിവിധ രംഗങ്ങളിൽ പരസ്പര സഹകരണത്തിന്റെയും സാങ്കേതിക വിദ്യകൾ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതിനുമുള്ള സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി ദക്ഷിണാഫ്രിക്കൻ സംഘത്തെ കേരളത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഈ രംഗത്ത് ഔപചാരികമായ ഒരു സ്ഥിരം സംവിധാനം ഇരു രാജ്യങ്ങൾക്കുമിടയിൽ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരാൻ പൊതുധാരണയായി.

25/7/13ന് ദക്ഷിണാഫ്രിക്കൻ സഹകരണ പരമ്പരാഗത കാര്യമന്ത്രി ലെച്ചേസ സെനോളിയുമായി നടന്ന കൂടിക്കാഴ്ചയിൽ വേൾഡ് ബാങ്ക് പ്രതിനിധികളും ദക്ഷിണാഫ്രിക്കൻ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു. കേരളത്തിലെ തദ്ദേശസ്വയംഭരണ രംഗത്തെ മുന്നേറ്റത്തെയും UNDP യുടെ മാനവവിഭവശേഷി വികസന സൂചികയിൽ കേരളത്തിലെ സാമൂഹ്യ രംഗത്തുള്ള മെച്ചപ്പെട്ട പരാമർശങ്ങളെയും ലെച്ചേസ സെനോളി പ്രകീർത്തിച്ചു.

കേരളത്തിലെ ദാരിദ്രനിർമ്മാർജന രംഗത്തുള്ള മാതൃകയെ ദക്ഷിണാഫ്രിക്ക മനസ്സിലാക്കി വരുന്നതായി അദ്ദേഹം വ്യക്തമാക്കി.

പൗരന്മാർക്ക് സേവനം ഫലപ്രദമാക്കി നൽകുന്നതിൽ കാലദൈർഘ്യം ഉണ്ടാകുന്നതായും ഇത് ഒരു വെല്ലുവിളിയായി ദക്ഷിണാഫ്രിക്ക കാണുകയാണെന്നും അദ്ദേഹം പറഞ്ഞു. എങ്കിലും വരുന്ന ദശകം പരിവർത്തനത്തിന്റെ കാലഘട്ടമായിരിക്കുമെന്നും "ബ്രിക്സ്" രാജ്യങ്ങൾ തദ്ദേശ സ്വയംഭരണ രംഗത്ത് കൂടുതൽ ഗവേഷണങ്ങൾ കൂട്ടായ്മയിലൂടെ നടത്തുന്നത് ഗുണകരമാകുമെന്നും ദക്ഷിണാഫ്രിക്കൻ മന്ത്രി അഭിപ്രായപ്പെട്ടു.

ദക്ഷിണാഫ്രിക്കൻ നഗരങ്ങളായ ഡർബൻ, പ്രിട്ടോറിയ എന്നിവയിലെ മാലിന്യ സംസ്കരണ മാതൃകകളെ സന്ദർശിച്ചതിൽ നിന്നും അവയുടെ ഉപയോഗ ലാളിത്യവും പ്രവർത്തന മികവും, അനുകരണീയമാണെന്ന് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ വ്യക്തമാക്കി. നഗരാസൂത്രണ രംഗത്ത് ദക്ഷിണാഫ്രിക്ക അനുവർത്തിക്കുന്ന മാർഗങ്ങൾ ഏറെ പ്രചോദനം നൽകുന്നതായും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ കുടുംബശ്രീ സംവിധാനത്തിന്റെ മാതൃകാ പരമായ സവിശേഷതകൾ ദക്ഷിണാഫ്രിക്കയുമായി പങ്കുവെക്കാൻ സന്തോഷമേയുള്ളൂവെന്നും അദ്ദേഹം പരാമർശിച്ചു. ദക്ഷിണാഫ്രിക്കയിലെ "മിലേ"- തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിനുള്ള താല്പര്യം മന്ത്രി അറിയിച്ചു.

ദക്ഷിണാഫ്രിക്കൻ സന്ദർശനം കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് ദക്ഷിണാഫ്രിക്കയ്ക്ക് കൂടുതൽ മനസ്സിലാക്കുന്നതിനും അവിടത്തെ മാലിന്യസംസ്കരണ മാതൃകകൾ നമുക്ക് പഠിക്കാനും മഹാത്മഗാന്ധിയുടെ കാലം മുതൽ ഇരു രാജ്യങ്ങളും തമ്മിൽ നിലനിന്നിരുന്ന സൗഹൃദം കൂടുതൽ ഊട്ടിയുറപ്പിച്ച് പരസ്പര സഹകരണത്തിലൂടെ സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും സാധ്യമായതായി വിലയിരുത്തപ്പെടുന്നു.



ദക്ഷിണാഫ്രിക്കൻ സഹകരണ പരമ്പരാഗത ഉപമന്ത്രി ആൻഡ്രിയാസ് നീൽ പഞ്ചായത്ത് സാമൂഹ്യവകുപ്പുമന്ത്രി ഡോ. എം.കെ. മുനീറിനെ സ്വീകരിക്കുന്നു.

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

വാർത്തകളും വിശേഷങ്ങളും

ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ– കാലാവധി നീട്ടി ഉത്തരവ് പുറപ്പെടുവിച്ചു.

25.01.2011– ലെ സ.ഉ (അ) നം. 24/11/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിരുന്ന കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നടപ്പിലാക്കുന്നത് 23.01.2013 –ലെ സ.ഉ (സാധാ) നം. 191/13/തസ്വഭവ നമ്പർ ഉത്തവ് പ്രകാരം 25.01.2013 മുതൽ 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. പ്രസ്തുത സമയപരിധി 24.07.2013–ൽ അവസാനിക്കുന്ന സാഹചര്യത്തിൽ വിജ്ഞാപനം നടപ്പിലാക്കുന്നത് 25.07.2013 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായി.

സ.ഉ (സാ) നം. 1953/13/തസ്വഭവ. തീയതി 24.07.2013

കാഴ്ചയില്ലാത്തവർക്ക് ടോക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിച്ച കമ്പ്യൂട്ടർ സൗകര്യം ലാപ്ടോപ്പ് കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവായി.

വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ കാഴ്ചയില്ലാത്തവർക്ക് പ്രയോജനപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഷിക പദ്ധതിയുടെ ഭാഗമായി, നിബന്ധനകൾക്ക് വിധേയമായി ടോക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിച്ച കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കുവാൻ 6/8/2010–ലെ 2602/2010/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

ഈ ഉത്തരവിലെ പരിധിയിൽ കാഴ്ചയില്ലാത്തവർക്ക് നൽകുന്ന കമ്പ്യൂട്ടറിൽ ലാപ്ടോപ്പും കൂടി ഉൾപ്പെടുത്തി മേൽ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവായി.

സ.ഉ. (സാധാ) നം. 2055/2013/തസ്വഭവ. തീയതി, 03.08.2013

ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നത്–പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവായി.

ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തപ്പെടുക എന്നത് ഘട്ടം ഘട്ടമായി മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുക എന്നത് 2013–14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകയാൽ നിലവിൽ താല്പര്യമുള്ള പഞ്ചായത്തുകൾക്ക് വികസന ഫണ്ട് (ലോകബാങ്ക് ധനസഹായം) വിനിയോഗിച്ച് പ്രോജക്ട് രൂപപ്പെടുത്താവുന്നതാണെന്നും ഇതിനാവശ്യമായ പ്രോജക്ട് കോഡ് ഐ.കെ.എം ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പ്രവൃത്തികൾ നിരോധിച്ച് കൊണ്ടുള്ള ഉത്തരവ് വരുന്നതിനു മുൻപ് ഏറ്റെടുത്ത പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകുന്നതിന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് അനുവാദം നൽകി ഉത്തരവായി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത പ്രവൃത്തികൾക്കായി വാങ്ങിയതും ഉപയോഗിച്ചതുമായ സാധനസാമഗ്രികളുടെ വില നൽകാൻ കഴിയാത്ത സാഹചര്യം ചില പഞ്ചായത്തുകളിൽ ഉള്ളതിനാൽ 03.05.2013–ൽ കൂടിയ 14–ാമത് സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിലിന്റെ യോഗം ഈ വിഷയം വിലയിരുത്തുകയും ജില്ലയിൽ സാധനസാമഗ്രികളുടെ നിരക്കുകൾ, വിദഗ്ദ/അർദ്ധ–വിദഗ്ദ തൊഴിലാളികൾക്കുള്ള കൂലി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നിരക്കുകൾ അംഗീകരിക്കുന്നതിനുമായി 31.03.2012–ലെ സ.ഉ (സാ.ധാ) 93/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റി പ്രസ്തുത പഞ്ചായത്തുകളിലെ പ്രവൃത്തികൾ പരിശോധിച്ച് ചുവടെ പറയുന്ന കാര്യങ്ങൾ വിലയിരുത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളിൽ ഉപയോഗിച്ച അനുവദനീയമായ സാധനസാമഗ്രികളുടെ വിലനൽകുന്നതിന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് അനുവാദം നൽകി ഉത്തരവായി.

1. പ്രവൃത്തി ഏറ്റെടുത്ത വേളയിൽ ഗ്രാമപഞ്ചായത്തുകൾ തൊഴിൽ ഉറപ്പ് നിയമം അനുശാസിക്കുന്ന വിധത്തിൽ വേതന സാധന അനുപാതം (60:40) പാലിച്ചിരിക്കണം.


2. അവലംബിച്ച നിരക്കുകൾ പ്രവൃത്തി ഏറ്റെടുത്ത വേളയിൽ നിലവിലുണ്ടായിരുന്ന അംഗീകൃത നിരക്കുകളായിരിക്കണം.

3. പ്രസ്തുത പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചതായിരിക്കണം.

4. വാർഡ്തല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിരിക്കണം

സ.ഉ. (സാധാ) നം. 2001/13/തസ്വഭവ തീയതി 31.07.2013

[illegible]





പഞ്ചായത്ത് രാജ്

- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ
- ലേഖനങ്ങൾ
- മാതൃകകൾ
- അഭിമുഖങ്ങൾ

വിജ്ഞാനവും വാർത്തയും

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാൻഡ് ഡ്രാഫ്റ്റായോ,
മണിയോർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാന പുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മുഴുവൻ പേജ് (കളർ)	:	8000/-
മുഴുവൻ പേജ് (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

PANCHAYATRAJ (Monthly) August 2013
Annual Subscription ` 120/-, Published on 20th day of every month
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS